മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇതിനെ സംബന്ധിച്ചു വല്ല ആലോചനയും ഇപ്പോൾ ഗവണ്മെണ്ടിനുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇതിനെസംബന്ധിച്ചു് ഇപ്പോൾ ഭേദഗതി ഒന്നും ചെയ്യേണ്ടായെന്നാണു് വച്ചിരിക്കുന്നതു്.

മിസ്റ്റർ എം. കെ. മേനോൻ: മുനിസിപ്പൽ കമ്മീഷണർമാരെ വേണ്ടെന്നു വയ്ക്കുന്നകാര്യം ആലോചിച്ചുകൂടേ?

മിസ്റ്റർ സി. എ. ഔസേപ്പ്: തീർച്ചയായും ആലോചിയ്ക്കാം.

മിസ്റ്റർ പി. കെ. ഡീവർ: മുനിസിപ്പൽ കൌൺസിലിന്റെ തീരുമാനത്തിനെതിരായിപ്പോകാൻ കമ്മീഷണർക്കു സ്വാതന്ത്ര്യമുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: പൂർണ്ണസ്വാതന്ത്ര്യമുണ്ടു്.

മിസ്റ്റർ കെ. കരുണാകരൻ: ഇതുമൂലം പട്ടണത്തിൽ പല ആവശ്യങ്ങളും നടക്കാതെ പോയിട്ടുള്ളതായി ഗവണ്മെണ്ടിനറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇതുകൊണ്ടാണു് അതുണ്ടായതു് എന്നു് പറയാൻ സാധ്യമല്ല.

## 2. General Discussion on the Budget *(Contd)*

**Mr. President:** There are a number of Hon'ble Members who have expressed their desire to speak to day. In view of the large number I would repuest the Hon'ble Members to limit the time as much as possible.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, ഭക്ഷണപ്രശ്നത്തെ സംബന്ധിച്ചാണു് ഞാൻ ഇന്നലെ സംസാരിച്ചിരുന്നതു് മലകളുള്ള സ്ഥലങ്ങളിൽ ഇപ്പോൾ പുതിയതായി കൃഷി സ്ഥലങ്ങളും ഉണ്ടാക്കുവാനും കൃഷിചെയ്യാനുള്ള സൌകര്യങ്ങളും ഉണ്ടാക്കുവാനും സൌകര്യമുണ്ടെന്നു ഞാൻ ഇന്നലെ പറഞ്ഞു. ചാലക്കുടിയിൽ ഇതിനു പുതിയ സംഘങ്ങളെതന്നെ സ്ഥാപിയ്ക്കാൻ ആലോചന നടക്കുന്നുണ്ടു്. നാളെത്തന്നെ അതിന്റെ ഒരുയോഗംകൂടുന്നുണ്ടു്. അനേകം ഏക്കർ സ്ഥലങ്ങളും അവയ്ക്കു പതിച്ചുകൊടുക്കുന്നപക്ഷം നെല്ലു എന്നതുതന്നെയല്ല മറ്റു പലതരത്തിലുള്ള ധാന്യങ്ങളും അവിടെ ഉണ്ടാക്കുവാൻ അവർ ശ്രമിക്കുന്നതാണു്. ആ സംഘക്കാർ ഇതിനെ സംബന്ധിച്ചുള്ള ഇവിടത്തെ വാദപ്രതിവാദം കേൾക്കാൻ ഇന്നിവിടെ വന്നിട്ടുണ്ടു്. അങ്ങിനെയുള്ള സംഘങ്ങൾക്കു പ്രോത്സാഹനം കൊടുക്കുകയാണെങ്കിൽ കൊച്ചിയിലെ തെക്കും വടക്കുമുള്ള വനപ്രദേശങ്ങളിൽ ഇത്തരം പ്രസ്ഥാനം സ്വീകരിയ്ക്കാൻ വളരെ ആളുകൾ മുമ്പോട്ടുവരും. അതുകൊണ്ടു ഈ കാര്യത്തിൽ ഗവണ്മെണ്ടിന്റെ ശ്രദ്ധ ചെലുത്തണമെന്നപേക്ഷിയ്ക്കുന്നു. ഉള്ളകൃഷിതന്നെ മലവെള്ളംവന്നു നശിച്ചുപോകാതിരിയ്ക്കാനുള്ള നിവാരണം ഉണ്ടാക്കണം. കരുവന്നൂർ, മണലി, കുറുമാലി മുതലായ പുഴകളിൽ മലവെള്ളം വരുന്നതുമൂലം കൃഷിയ്ക്കു വളരെയധികം നാശങ്ങൾ സംഭവിക്കുന്നുണ്ടു്. ഈ ബഡ്ജറ്റിൽ അതിനു നിവാരണം ചെയ്യാനുള്ള ഒരു സംഖ്യയും കൊള്ളിച്ചുകാണുന്നില്ല. മലവെള്ളംവരുമ്പോൾ ചീഫ് എഞ്ചിനീയർ അവിടെവന്നു് ഒരു കഴകെട്ടാം എന്നും മറ്റും പറഞ്ഞാൽ അതുകൊണ്ടൊന്നും മലവെള്ളം നില്ക്കുകയില്ല. അതിനു കരുവന്നൂർ മലവെള്ളനിവാരണ പദ്ധതിതന്നെ ഉണ്ടാക്കണം. പുഴനികന്നുവരുന്നവെള്ളം ചെറിയ തോടുകൾവഴിയായും മറ്റും വേറേ വഴിയ്ക്കു തിരിച്ചുവിട്ടാൽ അതു ഉപയോഗപ്രദമാക്കാൻ സാധിയ്ക്കും. ഇതിനൊരു നിവാരണം ചെയ്യാത്തതുമൂലം വളരെ യാളുകളുടെ കൃഷിയ്ക്കു അവിടെ നാശംവരുന്നുണ്ടു്. എനിയ്ക്കുതന്നെ അഞ്ചേക്കർ സ്ഥലം അവിടെയുള്ളതിനു കൊല്ലത്തിൽ പത്തഞ്ഞൂറു രൂപയോളം നഷ്ടംവരുന്നുണ്ടു്. ഇതുപോലെ പലർക്കും വളരെ നഷ്ടങ്ങൾ വരുന്നുണ്ടു്. അതുകൊണ്ടു് ഈ ബഡ്ജറ്റിൽതന്നെ മലവെള്ളനിവാരണത്തിനായി എന്തെങ്കിലും ഒരു സംഖ്യ കൊള്ളിച്ചാൽ തരക്കേടില്ല.

ഈ പ്രശ്നത്തിൽ പമ്പുകൾ വാങ്ങിയ്ക്കുന്നതു ആവശ്യത്തിനായി ഒരുലക്ഷത്തിൽ ചില്വാനം രൂപാ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടു്. ഈ സംഖ്യകൊണ്ടു വളരെ ചുരുക്കം പമ്പുകൾ മാത്രമേ ഉപയോഗിയ്ക്കുവാൻ സാധിക്കുകയുള്ളു. ഈ ആവശ്യത്തിലേയ്ക്കു ധാരാളം പണം ചിലവാക്കിയാലേ കൃഷിക്കാരുടെ ആവശ്യങ്ങൾ ശരിയായി നിറവേറ്റാൻ സാധിക്കുകയുള്ളു. ഗവണ്മെണ്ടിന്റെ കയ്യിൽ പണമില്ലെങ്കിൽ സെൻട്രൽ കോ-ഓപ്പറേറ്റീവു് ബാങ്കിൽനിന്നോ, ലാൻഡ്മോർട്ടു് ഗേജു് ബാങ്കിൽനിന്നോ ഇതിനുള്ള പണംവാങ്ങി കൃഷിക്കാർക്കു്

LIBRARY ARCHIVES Kerala Legislative Assembly

എല്ലായ്പ്പോഴും വെള്ളം കൊടുക്കാൻ സാധിയ്ക്കുന്നതരത്തിൽ പമ്പുകൾവാങ്ങിയ്ക്കണം. ഇതിനു കൃഷിക്കാരിൽനിന്നു് ഒരു നികുതി ഈടാക്കിയാലും വിരോധമില്ല. ഇതാണു് ഇതിനെ സംബന്ധിച്ചു് എനിയ്ക്കു പറയാനുള്ളതു്.

ഇവിടത്തെ ഇൻഡസ്ട്രിയലൈസേഷനെപ്പറ്റി പറയുകയാണെങ്കിൽ അതു വളരെ പ്രധാനമായ ഒരു പ്രശ്നമാണു്. കൊച്ചിക്കാരായ നമുക്കു കൃഷികൊണ്ടുമാത്രം ജീവിയ്ക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു പലതരത്തിലുള്ള വ്യവസായങ്ങളും ഇവിടെ തുടങ്ങാൻ സാധിക്കുമോ എന്നും അതിലേയ്ക്കു എന്തെല്ലാം സഹായങ്ങൾ ചെയ്യാൻ സാധിക്കുമെന്നുമുള്ള കാര്യത്തെക്കുറിച്ചു ഗവണ്മെണ്ടു് കാര്യമായി ആലോചിയ്ക്കണം. ഈ നാട്ടിലെ സാധുക്കൾക്കു് നിരാശ വരുകയാണെങ്കിൽ ഇവിടെ വലിയ ബഹളംതന്നെയുണ്ടാകും. ഇതിനെ സംബന്ധിച്ചു് ഇത്രമാത്രമേ പറയാനുള്ളൂ.

ചക്കുപ്പഴം നേന്ത്രപ്പഴം മുതലായവയിൽനിന്നു ജാം ഉണ്ടാക്കുവാനുള്ള ഒരു സ്കീം തുടങ്ങിയിട്ടുണ്ടു്. മദ്രാസ്സുഗവണ്മെണ്ടുമായി ആലോചിച്ചു് അതിനു പ്രത്യേകമായ വല്ല ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നപക്ഷം ഇവിടെ വാഴകൃഷിയും, പൂവുകൃഷിയും ധാരാളം വർദ്ധിയ്ക്കും. ഇവിടെയുണ്ടാകുന്ന ചക്കയും മറ്റും പുറരാജ്യങ്ങളിൽ നല്ല വിലയ്ക്കു വിൽപ്പാനും സാധിയ്ക്കും. റിട്രെഞ്ച്മെൻറിനെപ്പറ്റി ഡോക്ടർ സി.എൽ. ജോസഫ് പറഞ്ഞ അഭിപ്രായം ഒന്നു പരീക്ഷിച്ചുനോക്കാൻ വിരോധമില്ല. ഒരേതരത്തിലുള്ള പലഡിപ്പാർട്ടുമെൻറുകളും ഒന്നിച്ചുചേർത്തു് ഒരാളുടെകീഴിലാക്കത്തക്കവണ്ണം കായ്ക്കണം അദ്ദേഹം പറഞ്ഞു. അതു പരീക്ഷിച്ചുനോക്കിയാൽ തരക്കേടില്ല. അതുപോലെ പാലസ്തീനെ സംബന്ധിച്ചുള്ള ചിലവുകളും കുറച്ചൊക്കെ കുറയ്ക്കാമെന്നാണു് എനിയ്ക്കുതോന്നുന്നതു്. നാടിനെരക്ഷിക്കാൻ വേണ്ടി പാലസ്തീൻ കുറച്ചൊക്കെ ബുദ്ധിമുട്ടേണ്ടതാണു്. അതുകൊണ്ടു റിട്രെഞ്ച്മെൻറു കായ്ത്തിൽ ഗവണ്മെണ്ടു യാതൊരു ദാക്ഷിണ്യവും കാണിയ്ക്കാൻ പാടില്ല. ഇവിടെ ചീഫ് സിക്രട്ടറിതുടങ്ങി കീഴോട്ടു് സിക്രട്ടറിമാർതന്നെ എത്രപേരാണുള്ളതു? ജോലിചെയ്യുന്നതു് ഒരാൾ, കടലാസിൽ വേറെ രണ്ടുമൂന്നുപേരുടെ പേർ ഇങ്ങിനെ ഹജൂരാപ്പീസ്സിൽതന്നെ ഉദ്യോഗസ്ഥന്മാരുടെ ഒരു കളിയാണു്. ഏറ്റവും നിസ്സാരന്മാരായ ആളുകൾകൂടി ഇതുപറഞ്ഞു നടക്കുന്നുണ്ടു്. ഞങ്ങൾക്കതു കേട്ടുസഹിയ്ക്കാൻ പാടില്ലാതായി: ശമ്പളം കുറച്ചാൽ ജോലിചെയ്യാൻ തയ്യാറാകയില്ലായെന്നുള്ള നില ഉദ്യോഗസ്ഥന്മാർ എടുക്കരുതു്. മന്ത്രിമാരെപ്പോലെ അവരും ജനസേവനം ചെയ്യുന്നവരാണെന്നുള്ള ബോധം ഉണ്ടാകേണ്ടതാണു്. റിട്രെഞ്ച്മെൻറിന്റെ കായ്ത്തിൽ പലതും നടത്താനുണ്ടു്. ഫസ്റ്റ്സിക്രട്ടറിയേറ്റിൽ സൂപ്രണ്ടന്മാരുടേയും, സിക്രട്ടറിമാരുടേയും, ഒരു കളിയാണു് എന്നു സാധാരണക്കാർ പറഞ്ഞു നടക്കുന്നതിൽ കുറെയൊക്കെ കാമ്പുണ്ടു്. ചെറിയ ഉദ്യോഗസ്ഥന്മാരെ റിട്രെഞ്ചുചെയ്യാൻ കാണിച്ചുധൈര്യം ഈവലിയ ഉദ്യോഗസ്ഥന്മാരുടെ കായ്ത്തിലും കാണിയ്ക്കണമെന്നാണു് ഞാൻ പറയുന്നതു്.

പുതിയ നികുതികളുടെ കായ്ത്തിൽ എനിയ്ക്കു യാതൊരഭിപ്രായവ്യത്യാസവുമില്ല. ഇവിടെസെയിൽസ് ടാക്സ് ചുമത്തുന്നതുകൊണ്ടു ഇവിടത്തെ കച്ചവടക്കാർ തിരുവിതാംകൂറിലേയ്ക്കു പോകുന്നുണ്ടെങ്കിൽ അതു കൊച്ചിയ്ക്കു വലിയനഷ്ടമാണു്. അതിനുള്ള ഒരു നിവാരണമാർഗ്ഗം കാണണം. കേരളസംസ്ഥാനരൂപീകരണത്തിനു ജനങ്ങൾ മുന്നിട്ടനിന്നു പ്രവർത്തിയ്ക്കുകയാണു്. പണം ഇല്ലായെന്നുള്ള പ്രശ്നം ഏതായാലും ഇവിടെവരാൻ പാടില്ല. നമുക്കു ഒരു നല്ല ഹാർബറുള്ളസ്ഥിതിയ്ക്കു് ഇവിടെ ധാരാളം പണം ഉണ്ടാക്കുവാൻ സാധിയ്ക്കും. ഹാർബറിനു തൊട്ടടുത്തുകിടക്കുന്ന ഈ പ്രദേശം പാക്കിനും മറ്റുമല്ല ഉപയോഗിയ്ക്കേണ്ടതു്. ഈ സ്ഥലം വലിയ വ്യവസായ ശാലകളും മറ്റും ഉണ്ടാക്കുവാൻ ഉപയോഗിയ്ക്കേണ്ടതാണു്. ഈവക സ്ഥലങ്ങൾ ഫാക്ടറികൾക്കും മറ്റും ഉപയോഗിയ്ക്കാൻ സാധിയ്ക്കുകയാണെങ്കിൽ എത്രയോ കോടി രൂപ ഇവിടെനിന്നും വരവുണ്ടാക്കുവാൻ സാധിയ്ക്കും. പുതിയ നികുതികൾ ഏർപ്പെടുത്തുന്നതുകൊണ്ടൊന്നും വളരെ പണം ഉണ്ടാക്കുവാൻ സാധിക്കുകയില്ല. ഇത്തരത്തിലുള്ള പുതിയ പുതിയ കായ്ങ്ങൾ ആലോചിച്ചു നടപ്പിൽവരുത്താൻ ശ്രമിയ്ക്കണം. അടുത്തകക്കടകം വരുന്നതിനുമുമ്പു സാധാരണക്കാരുടെ ജീവിതത്തോടുയത്തുവാനുള്ള കായ്ങ്ങൾ പലതും ഗവണ്മെണ്ടു ചെയ്യേണ്ടതാണു്. ഇന്നത്തെ ഗവണ്മെണ്ടു അവരുടെകായ്യം മാത്രമാണു് നോക്കുന്നതു്, പണക്കാരുടെ കായ്ത്തിൽ ദൃഷ്ടിപതിപ്പിയ്ക്കുന്നില്ല എന്നുള്ള വിശ്വാസം ജനങ്ങളിൽ വരുത്തണം. അതുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രിമാരും ഈ നിയമസഭയും ഈവക കായ്ങ്ങളിൽവേണ്ട ശ്രദ്ധപതിപ്പിയ്ക്കണമെന്നു പറഞ്ഞുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ മുഹമ്മദ് അയുബ്സേട്ട്: മിസ്റ്റർ പ്രസിഡന്റ്, സർ, നയചതുരനും, ധീഷണാ പടുവുമായ നമ്മുടെ ബഹുമാനപ്പെട്ട ധനനിയമമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലെ ആയ വ്യയ കാട്ടകവും മുഴവനും തപ്പിതടഞ്ഞു നോക്കിയിട്ടും സാമാന്യക്കാരന്റെ പട്ടിണിയുടെ പാടകറവാൻ, സംതൃപ്തിയും സമൃദ്ധിയും സംവിധാനം ചെയ്യുവാൻ ഉതകുന്ന ഒരു പദ്ധതി കാണുവാൻ കഴിഞ്ഞതില്ലെന്നുള്ള പരമാർത്ഥം പറയുവാൻ ഇടയായതിൽ ഞാൻ വ്യസനി ക്കുന്നു. ഉണ്ടവനെ ഉടുപ്പിക്കുന്ന ഈ ലോകത്തു് ഉണ്ണാത്തവനു് തെല്ലാശ്വാസം നൽകുന്ന വല്ലതും ഈ ബഡ്ജറ്റിൽ കാണുമെന്നു ഞാൻ പ്രതീക്ഷിച്ചു. നിറഞ്ഞ നിരാശയാണു് എ നിക്കു് അതിൽ ഉണ്ടായിരിക്കുന്നതെന്നു നേരെ തുറന്നുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒരു മിച്ചബഡ്ജറ്റ് സഭയിൽ സമർപ്പിക്കുവാൻ നിയമധനകാര്യമന്ത്രിക്കു സാധിച്ചു. പലേ ഇനങ്ങളിൽ നികുതികളും കൂട്ടി റവന്യൂ റിസർവു തുടങ്ങിയുള്ള ഫണ്ടുകളിൽനിന്നും പണം എടുത്താണു് ഈ വിജയം അദ്ദേഹം സാധിച്ചതു്. പുതിയതായി ചുമത്തുവാൻ പോകുന്ന നികുതികളും ഒരുപക്ഷെ എന്നെപ്പോലെയുള്ള ആളുകളിൽനിന്നും എടുത്തു സാ മാന്യ ജനതക്കു് കൂടുതൽ പ്രയോജനപ്പെടുത്തുവാനാണു് ഭാവമെന്നു് ഒരുപക്ഷെ ഗവൺമെണ്ടു് ഭാഗത്തുനിന്നും വാദിച്ചേക്കാം. ഞാൻ പറയുന്നു, അതെ തീർത്തുപറയുന്നു, ഈ പുതിയ നിയമങ്ങളുടെ ഭാരതരിതങ്ങളും അനുഭവിക്കുവാൻ പോകുന്നതു ഇന്നാട്ടിലെ പട്ടിണിപാവ ങ്ങളാണു"എന്നു". സാധനങ്ങളും വാങ്ങുന്നവനാണു", വില്ക്കുന്നവനല്ല,സെയിൽസ്ടാക്സു് കൊടു ക്കേണ്ടിവരുന്നതു". ഈ രാജ്യത്തിലെ മൊത്തം വരവിൽ ഏതാണ്ടു് ൪൯% യുണിയൻ ഗവൺമെണ്ടിനു കൊടുക്കുവാൻ നിയമത്താൽ നിർബന്ധിതരായിതീരുന്ന നമുക്കു് എങ്ങിനെ യാണു് ഇവിടത്തെ സൃഷ്ടിപരമായ പ്രവർത്തന പദ്ധതികൾക്കു പണമുണ്ടാക്കുവാൻ കഴിയു ന്നതു്?.

ഈ ബഡ്ജറ്റിന്റെ അടിമുതൽ മുടിവരെ ഞാൻ തപ്പിനോക്കി, സാധുക്കളെ സഹായി ക്കുവാൻ അതിൽ വല്ലതും ഉണ്ടോ എന്നു". ഇതുവരെയും മമ്പതുപൈ ചിലവാക്കി ഒരു കത്തയച്ചുവന്നിരുന്ന ഒരു സാധാരണക്കാരനു്, ഇനി അതേ ആവശ്യത്തിനു ഒരണ വേണ്ടി വന്നിരിക്കുന്നു. വ്യവസായപരമായി ഈ രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ പറയുന്ന പരിപാടികളും യാതൊന്നുംതന്നെ ഈ ബഡ്ജറ്റിൽ കാണാത്തതു നിരാശാജനകമായിരി ക്കുന്നു. രാജ്യത്തു ഇന്നു അങ്ങോളമിങ്ങോളം നടമാടുന്ന തൊഴിലാളി കുഴപ്പങ്ങൾക്കും സാ മ്പത്തിക ക്ലേശങ്ങൾക്കും ഒരുവതി വരുത്തുവാൻ പര്യാപ്തമായ പദ്ധതികളും യാതൊന്നുംതന്നെ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിട്ടില്ല.

നമ്മുടെ ഭക്ഷ്യവകുപ്പിലേക്കു വേണ്ടിവരുന്ന അധിക ചിലവിലേക്കു യുണിയൻ ഗവൺമെ ണ്ടിൽനിന്നും ഒരു സാരമായ സംഖ്യ ദാനമായി ലഭിക്കുന്നതാണെന്നു് അറിയുന്നു. ആ പ്രതീക്ഷയോടുകൂടി ഏതാനും സംഖ്യ അതിലേക്കു സഹായധനമായി നീക്കിവെച്ചിട്ടുണ്ടു്. എന്നാൽ ഈ ഡിപ്പാർട്ടുമെണ്ടിലെ ഉത്തരവാദിത്വമില്ലാത്ത—വേണ്ടവിധത്തിലുള്ള നിയന്ത്രണമില്ലാത്ത—പല പ്രവർത്തികളുംകൊണ്ടും ഒരു ഭീമമായ സംഖ്യ പല വർഷങ്ങ ളായി ചോർന്നുപോയിട്ടുണ്ടു് എന്നുള്ളതു പരിതാപകരമായ ഒരു പരമാർത്ഥം മാത്രമാണു്. ഗവൺമെണ്ടിന്റെ ജാഗ്രതയോടുകൂടിയുള്ള ശ്രദ്ധകൊണ്ടു ആ പാഴ്ചിലവുകളും, ആതെ ആ ചോർന്നുപോക്കുകളും, ആശാസ്യമായ നിലയിൽ, പ്രയോജനകരമായ നിലയിൽ തടയുവാൻ സാധിക്കുന്നതാണു".

ഇപ്പോൾതന്നെ താങ്ങുവാൻ വയ്യാത്ത നികുതിഭാരം കൊണ്ടു വിഷമിക്കുന്ന കൊച്ചി ക്കാരുടെ തലയിൽ ഇനിയും പുതിയ നികുതികളും വെച്ചുകെട്ടുവാൻ തുനിയല്ലെ എന്നു ഞാൻ ജനങ്ങളുടെ പേരിൽ ഇന്നത്തെ ഗവൺമെണ്ടിനോടു് അപേക്ഷിക്കുന്നു. ചിലവു ചുരുക്കുവാൻ ചില പദ്ധതികളും ഗവൺമെണ്ടു് അംഗീകരിച്ചുകാണുന്നു. പക്ഷെ കഠിന പ ട്ടിണിക്കാരായ പാവങ്ങളുടെ ഉദ്യോഗങ്ങളും നിർത്തിയതുകൊണ്ടോ, ചില ഉദ്യോഗസ്ഥന്മാ രുടെ ശമ്പളം വെട്ടികുറച്ചതുകൊണ്ടോ നമ്മുടെ രാജ്യത്തിനു സാമ്പത്തിക മോക്ഷംകിട്ടുവാൻ പോകുന്നില്ല. ഈ കൊച്ചു കൊച്ചുരാജ്യം ഭരിക്കുവാൻ ഇന്നു നിലവിലുള്ള ഉദ്യോഗസ്ഥ ന്മാർ അവശ്യം ആവശ്യമാണോ എന്നുള്ള ഒരു സർവ്വെ നടത്തേണ്ട കാലം വൈകിയിരി ക്കുന്നു. എന്റെ അഭിപ്രായത്തിൽ കാര്യക്ഷമതക്കു യാതൊരു കോട്ടവും തട്ടാതെ ഇന്നു ഭീമമായ സംഖ്യ ശമ്പളമായും, അലവൻസായും പറ്റുന്ന പല ഉദ്യോഗങ്ങളും ഇന്നു നിറു ത്തുവാൻ സാധിക്കുന്നതാണു"

ഇന്നു നിലവിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായംതന്നെ പട്ടിണിപട്ടാളത്തിനു പാസ് പോർട്ടു് കൊടുക്കുന്ന മന്നാണെന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല. ഈ സമ്പ്രദായത്തിനു

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമൂല പരിവർത്തനം വരുത്തേണ്ട ആവശ്യം രാജ്യസ്നേഹികളായ വിദ്യാഭ്യാസ ധുരന്ധരന്മാരുടെ അടിയന്തിര ശ്രദ്ധയിൽ പെട്ടിരിക്കയാണ്. ചെറിയ തോതിലെങ്കിലും, പരീക്ഷണാർത്ഥം ഒരു പുതിയ പദ്ധതി ഇവിടെ സംവിധാനം ചെയ്യുവാൻ ഗവൺമെണ്ട് മുന്നോട്ടു വരേണ്ടതാണ്. സാമ്പത്തികമായി നമ്മെ വളരെ നശിപ്പിക്കുന്നതും ആരോഗ്യപരമായി നമ്മളുടെ അഭ്യുന്നതാക്കളെ വളരെ ക്ഷയിപ്പിക്കുന്നതും മാവിയെപ്പറ്റി യാതൊരുറപ്പുമില്ലാത്തതും മാനവസമുദായത്തിനും രാജ്യത്തിനും വലിയ ഭാരമായി തീരുന്നതുമായ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം പാടെ മാറ്റേണ്ടതുതന്നെ വേണം. അഭ്യുന്നതകാലത്തുതന്നെ തൊഴിൽപരമായ അഭ്യസനം നൽകുന്ന പുതിയ പദ്ധതികളാണ് നമുക്ക് ഇവിടെ ആവശ്യം. ലോകൈകവന്ദ്യനായ മഹാത്മാഗാന്ധിയുടെ സുപ്രസിദ്ധമായ "വാർദ്ധ" വിദ്യാഭ്യാസസമ്പ്രദായം കാലദേശസ്ഥിതിക്കനുസരിച്ച് നമ്മുടെ വിദ്യാലയങ്ങളിൽ നടപ്പിലാക്കുവാൻ ഗവൺമെണ്ട് മുന്നിട്ടിറങ്ങുന്നതു പ്രയോജനകരമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

നമ്മുടെ ആതുരശാലകളുടെ അനാഥസ്ഥിതിയെപ്പറ്റി ഗവൺമെണ്ടിന്റെ ശ്രദ്ധയെ ക്ഷണിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഈ സ്ഥാപനങ്ങളുടെ പേരിൽ ചിലവാക്കുന്ന ഭീമമായ സംഖ്യയുടെ യാതൊരു ഫലവും നാട്ടുകാക്ക് ഒരു വിധത്തിലും ലഭിക്കുന്നില്ല എന്നുള്ളതു് ഒരു പച്ചപരമാർത്ഥമാണ്. ഡാക്ടർമാരെ വേണ്ടവിധത്തിൽ കണ്ടില്ലെങ്കിൽ പാവങ്ങളെ അവർ വേണ്ടവിധത്തിൽ കാണുകയില്ല എന്നുള്ളതു് അനുഭവസാക്ഷ്യം വഹിക്കുന്ന ഒരു സത്യമാണ്. ഈ നിലക്ക ഒരു മാറ്റം ഇന്നത്തെ ഗവൺമെണ്ട് വരുത്തേണം. പാവങ്ങൾക്ക് അവർ അർഹിക്കുന്ന സേവനം ആശുപത്രികളിൽനിന്നും ലഭിക്കണം. പൊതുജനദാസന്മാരായ ഡാക്ടർമാർ സേവനസന്നദ്ധരായി ആശുപത്രികളിൽ നിർദ്ദിഷ്ട സമയങ്ങളിൽ ഉണ്ടായിരിക്കുവാൻ ഡിസ്പ്ലാറ്റ്മെണ്ട് നിഷ്കർഷിക്കണം. ആശുപത്രികളിൽനിന്നും സമയമായില്ലെന്നു പറഞ്ഞു് മടക്കി അയക്കുന്ന ഗർഭിണികൾ വള്ളങ്ങളിലും, വണ്ടികളിലും പ്രസവിക്കുന്ന അനുഭവങ്ങൾ ഇവിടെ വേണ്ടുവോളം ഉണ്ട്. വേണ്ട ഔഷധങ്ങൾ ആശുപത്രികളിൽ ഇല്ലാത്തതുകൊണ്ടു രോഗികൾ വളരെ കഷ്ടതകൾ അനുഭവിക്കുന്നുണ്ട്. കുഗ്രാമങ്ങളുടെ സ്ഥിതിയാണ് കഷ്ടതരം. മരണത്തിന്റെ വായിൽകിടന്നു പിടയുന്ന സാധുക്കൾക്ക് അവിടെ ഒരു രക്ഷയും ഇല്ല. ഗവൺമെണ്ടുവകയായൊ, സഹായധനം നൽകിയൊ ഡിസ്പെൻസറികൾ നമ്മുടെ നാട്ടുംപുറങ്ങളിൽ വേണ്ടുവോളം ഉണ്ടാക്കണം. മെഡിക്കൽ വകുപ്പിലെ ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തിര ശ്രദ്ധയെ ഇതിൽ ഞാൻ ക്ഷണിക്കുന്നു.

മിസ്റ്റർ പ്രസിഡണ്ട്, സർ, ഇന്നു കൊച്ചിയിൽ ഒരു ജനായത്ത ഭരണം നിലവിലിരിക്കുന്നുവെന്നു നാം അഭിമാനം കൊള്ളുന്നു. നമ്മുടെ പ്രതിനിധികളാണ് രാജ്യം ഭരിക്കുന്നതെന്നു നാം ലോകത്തോട് പ്രഖ്യാപനം ചെയ്യുന്നു. എന്നാൽ ഇവിടെ വ്യക്തിസ്വാതന്ത്ര്യവും പൌരസ്വാതന്ത്ര്യവും തീരെ ഇല്ല. ഉദ്യോഗസ്ഥവാഴ്ച പഴയതുപോലെതന്നെ മുന്നോട്ടു പോകുന്നു. പൊതുജനദാസന്മാരാണ് അവർ എന്നുള്ള വിചാരം അവരിൽ വരുത്തുവാൻ ഇന്നത്തെ ഗവൺമെണ്ട് ശ്രദ്ധിക്കണം. പൌരസ്വാതന്ത്ര്യം അങ്ങേ അറ്റംവരെ പുലർന്നുകാണുവാനും ജനക്ഷേമം പരമാവധി വളർന്നുകാണുവാനും ആയിരിക്കണം നമ്മുടെ ഗവൺമെണ്ടിന്റെ ലക്ഷ്യം.

മിസ്സ് ആനി ജോസഫ്: മിസ്റ്റർ, പ്രസിഡണ്ട് സർ, അറാമതായുള്ള എന്റെ എഴുപ്പാടുടങ്ങിയാലും അതു നന്ന് എന്നാണ് ഒരു വയ്പ്. ആദായം എങ്ങിനെ ഉണ്ടാക്കിയതാണെങ്കിലും വിരോധമില്ല. ആദായത്തിൽ ചെന്നവസാനിക്കുന്ന ഇടപാട് നന്ന്. ഇങ്ങിനെ ഒരു വിശ്വാസം പൊതുവെയുണ്ട്. ഈ അടിസ്ഥാനത്തിന്മേൽ പരിശോധിയ്ക്കുകയാണ് എന്നു വരികിൽ നാം ഈ ബഡ്ജറ്റിനെ അഭിനന്ദിക്കുകതന്നെ വേണം. ൪½ ലക്ഷം രൂപാ മാത്രം ഇവിടെ വരവുണ്ടായിരുന്ന കാലത്തു രണ്ടിൽ ചില്വാനം ലക്ഷം രൂപാ കപ്പം കൊടുക്കുകയും, ബാക്കിയുള്ളതിൽ വലിയൊരു ഭാഗം കൊട്ടാരച്ചിലവിലേക്ക നീക്കിവെക്കുകയും, ബാക്കിയുള്ളതിൽ എതാണ്ടു മുഴുവൻതന്നെ ശമ്പളത്തിനുവേണ്ടി ചിലവാകുകയും ചെയ്തിരുന്നു. അങ്ങിനെയുള്ള ഒരു കാലം കൊച്ചിയിൽ ഉണ്ടായിരുന്നു. ആ പാരമ്പര്യത്തിൽ വളർന്നുവന്ന കൊച്ചീരാജ്യം, ഇന്നും ആ സമ്പ്രദായംതന്നെ അനുവർത്തിക്കുന്നതിൽ ഒരുത്സാഹക്കുറവുപ്പെടേണ്ടതില്ല. ൪½ ലക്ഷം രൂപാ ആദായം ഉണ്ടായിരുന്നകാലത്തെപ്പോലെ ആ വരവു നാലുകോടിയായി വളർന്നിട്ടും അതേ തോതിൽതന്നെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളച്ചിലവു കൂടിക്കൊണ്ടുപോകുന്നു എന്നു കാണുന്നതിൽ ദുഃഖിക്കാതെ നിവൃത്തി

LIBRARY ARCHIVES Kerala Legislative Assembly

[Miss Annie Joseph]

യില്ല. പരമാത്ഥത്തിൽ അത്ഭുതത്തിന്നവകാശമില്ലെങ്കിലും ദുഃഖിക്കാതെ തരമില്ല. ഇവി ടെ എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരും അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ ഈ രാജ്യത്തിലെ ലക്ഷക്കണക്കിന്ന് ആളുകൾ ഒരുപോലെ ആവലാതിപ്പെടുകയും, ആക്ഷേപിക്കുകയും ചെ യ്യുന്നതുപോലെ നമ്മുടെ ബഡ്ജറിലെ വലിയൊരു തുക ഉദ്യോസ്ഥന്മാരുടെ ശമ്പളത്തി ന്നും മറ്റും മാറ്റിവെക്കുന്നതിൽ ആക്ഷേപിക്കാതെ തരമില്ല. ഇത് ഒരു വ്യക്തിയുടേയോ, ഒരു സഭയുടേയോ അഭിപ്രായമല്ല. രാജ്യത്തിലാകമാനം പടർന്നു പിടിച്ചിട്ടുള്ള ഒരഭിപ്രാ യമാണ്. ഇതിനൊരു പരിഹാരം ചെയ്യണമെന്നുവരുകിൽ സിസ്റ്റംതന്നെ ആകമാനം ഒരു ഓവർഹോളിങ്ങ് നടത്തണം. ഇത് ഒരു വ്യക്തിയെ വേർതിരിച്ചു ചെയ്യണമെന്നല്ല പറയുന്നത്. രാജ്യത്തിൽ പൊതുവെ അങ്ങോളമിങ്ങോളം വ്യാപിച്ചിട്ടുള്ള ആക്ഷേപ വിഷയത്തിന്ന ഒരു പരിഹാരം ചെയ്യാതെ തരമില്ല. സമുദായത്തിന്റെ പേരിൽ രാഷ്ട്രീ യത്തിലേക്ക് ഇറങ്ങിയിട്ടുള്ള നേതാക്കന്മാരും ഈ ഉദ്യോഗനിയമനങ്ങളിൽ വീതം പററാ നെ ശ്രമിച്ചിട്ടുള്ളു. അതുകൊണ്ടു രാജ്യത്തിന്റെ രക്ഷയെ കരുതി, പൊതുജനക്ഷേമത്തെ കരുതി, ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെമാത്രം നിലനിത്തിക്കൊണ്ടു പോകുവാനുള്ള തന്റേ ടം ഗവമ്മെണ്ടു കാണിക്കാതെ പറ്റുകയില്ല. സർ, റിട്രെഞ്ചുമെണ്ടു നടത്തുന്നതുകൊണ്ടു വളരെയധികം പണം ഗവമ്മെണ്ടിന്ന കിട്ടുന്നുണ്ട് എന്നുള്ളതു ശരിയായിരിക്കാം. റിട്രെഞ്ചു മെണ്ടു നടത്തുന്ന കാര്യത്തിലും തുക്കം ആക്ഷേപമില്ല. പക്ഷെ നടത്തിയിടത്തോളം റിട്രെഞ്ചു മെണ്ടിനെപ്പറ്റി ജനങ്ങളുടെയിടയിൽ വളരെ വലിയ പരാതിയുണ്ട്. ഇതുമൂലം സാധു ക്കളായ അനവധി ആളുകളെ ജോലിയില്ലാതെ ഇപ്പോൾ തെരുവിലേക്കിറക്കപ്പെട്ടിട്ടുണ്ട്. സേവയും ശുപാർശയും കോവിലകവുമായുള്ള ബന്ധവുംകൊണ്ടു പിൻവാതിലിൽകൂടി കടന്നു വന്നു, പലരുടേയും അവകാശങ്ങളിന്മേൽ ചവുട്ടിക്കയറിനിന്നു കൊഴുത്ത ശമ്പളം പറ്റുന്ന ഗവമ്മെണ്ടു ഖജനാവു ചോത്തികും ഈ രാജ്യത്തുണ്ടായിരിക്കെ, അവരെ വെറുതെവിട്ട അര പ്പട്ടിണിയായി കഴിഞ്ഞുകൂടുന്ന സാധുക്കളായ എതാനും ചില അദ്ധ്യാപകന്മാരെ റിട്രെഞ്ചു മെണ്ടാക്കുന്ന കോടാലികൊണ്ടു വെട്ടിനീക്കിയതു പരമാത്ഥത്തിൽ കഷ്ടമാണ്. അതിനെ പ്പറ്റി പറയുമ്പോൾ മലയാളത്തിൽ, ശുദ്ധമായ ഭാഷയിൽ, അച്ചടിഭാഷയിൽ സമത്ഥ നായ ധനകാര്യമന്ത്രി ചോദിക്കും, നിങ്ങൾ എന്തു പറയുന്നു, റിട്രെഞ്ചുമെണ്ടു വേണമോ വേണ്ടയോ എന്ന്. അതിന്ന ഞങ്ങൾ സമാധാനം പറയുന്നു, റിട്രെഞ്ചുമെണ്ടു ആവശ്യമാ ണെന്ന്. പക്ഷെ, അതു ചെയ്യേണ്ടതുപോലെ ചെയ്യണമെന്നുമാത്രമേയുള്ളു. അനേകം കൊ ഴുത്ത ശമ്പളക്കാർ, യാതൊരുജോലിയുമില്ലാതെ, ആഫീസിൽകൂടി പോകാതെ കുടുംബത്തിലി രിക്കുന്ന കുഴമടിയന്മാരായ അനേകം ഉദ്യോഗസ്ഥന്മാരുള്ളപ്പോൾ അവരെ തൊടാതെ പാ വങ്ങളെ പിടിച്ചു റിട്രെഞ്ചുചെയ്യുന്നതു അന്യായമാണെന്നു് അവരുടെപേരിലല്ല, കൊച്ചീ രാജ്യത്തെ ജനങ്ങളുടെ പേരിൽ ഞാൻ ആവത്തിച്ചാവത്തിച്ചു പറയുന്നു. വലിയ ശമ്പള ക്കാരെ പിടിക്കുന്ന കാര്യം പറഞ്ഞാൽ വീണ്ടും നമ്മുടെ സമത്ഥനായ മന്ത്രി പറയും,— ഞാൻ ബഹുമാനത്തോടുകൂടി തന്നെ പറയുന്നു, ആത്മാത്ഥതയോടുകൂടി തന്നെ പറയുന്നു അദ്ദേഹം സമത്ഥനായ ആളാണെന്നു—സെക്രട്ടറിട്ടി ഓഫ് സ്റ്റേറ്റ് എന്ന ഒന്നുണ്ടെന്നു് ഈ പരിഷ്കൃതഗവമ്മെണ്ടുകൾഎല്ലാം അംഗീകരിച്ചിട്ടുള്ളതാണ് അതു്എന്നു്. വളരെ ശരി യാണ് സർ. പക്ഷെ, സെക്രട്ടറിട്ടി ഓഫ് സ്റ്റേറ്റ്സ്, പട്ടിണിപാവങ്ങളെ ബാധിക്കുകയില്ലേ യെന്നാണ് ഞാൻ ചോദിക്കുന്നതു്. സെക്രട്ടറിറ്റി ഓഫ് സ്റ്റേറ്റ്സു വലിയവരെമാത്രമേ ബാധിക്കുകയുള്ളോ? പറയാവുള്ള ന്യായങ്ങൾക്ക ഞാൻ സമാധാനം പറഞ്ഞതുകൊണ്ട് ഇനി അദ്ദേഹം വേറെ ന്യായങ്ങൾ ഉന്നയിക്കുമായിരിക്കാം. പക്ഷെ ന്യായത്തിന്നുവേണ്ടി ന്യായങ്ങൾ ആവത്തിച്ചാവത്തിച്ചു പറയുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. സാമാന്യജനങ്ങളുടെ പേരിൽ ഈവക കാര്യങ്ങളെക്കുറിച്ചു ചിന്തിക്കണമെന്നാണ് എനിക്ക് അദ്ദേഹത്തോട്അഭ്യർത്ഥിക്കുവാനുള്ളതു്. സാധാരണ ഒരു ഉദ്യോഗസ്ഥൻ കൊല്ലത്തിന്റെ നടു ക്കുവെച്ചു റിട്ടയർ ചെയ്യുകയാണെങ്കിൽ അദ്ദേഹത്തിന്ന് ആ കൊല്ലം അവസാനംവരെ ഉദ്യോഗത്തിൽ ഇരിക്കാൻ നിയമംകൊണ്ടുതന്നെ അധികാരമുണ്ട്. എന്നാൽ ഇപ്പോൾ ഈ പാവപ്പെട്ട അദ്ധ്യാപകന്മാർക്കു കൊടുത്ത കല്പന ഞാൻ കണ്ടു. അതിൽ പറഞ്ഞിരി ക്കുന്നതു ധന ഫ്രാംങ്ക- നിങ്ങൾ പൊയ്ക്കൊള്ളണമെന്നാണ്. കൊല്ലത്തിന്റെ പകുതിയിൽ വെച്ചു അവരോടു ഇങ്ങിനെ പറയുകയാണെങ്കിൽ അവരെന്തു ചെയ്യും? പ്രാഥമിക മദ്ധ്യമയു ടെപേരിൽ, മനുഷ്യസ്നേഹത്തിന്റെ പേരിൽ കൊല്ലാവസാനംവരേയും അവരെ നിത്തി, അ വർക്ക എന്തെങ്കിലും ചെയ്തുകൊടുക്കുവാൻ സാധിക്കുമോ എന്നു നോക്കേണ്ട ചുമതല ഇന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടിനുണ്ട്. നാലും, അഞ്ചും കുട്ടികളുള്ള നാല്പത്തഞ്ചുകാരാണ് അവരിൽ പലരും. ൨൦൦൦ രൂപം കൊല്ലം സക്കാർ ജോലിചെയ്യാൻ വലിച്ചു മുറുക്കിയ അരയോടുകൂടി പട്ടിണികിടക്കുന്ന പാവങ്ങളായ ഇവരെ വെറുതെ പൊയ്ക്കൊള്ളുവാൻ മയ്യാദയില്ലാതെ, മനുഷ്യസ്നേഹമില്ലാതെ,വെറും തലികത്തുനുകൊണ്ടു ആജ്ഞാപിക്കുന്നതു് അന്യായമാണു്. ഈകായ്ത്തിൽ മനുഷ്യസ്നേഹത്തിന്റെ പേരിൽ ഞാൻ വീണ്ടും വീണ്ടും അഭ്യർത്ഥിക്കുന്നു,അവക്കു കൊടുത്ത കല്പന തല്ക്കാലത്തേക്കെങ്കിലും പിൻവലിക്കണമെന്നു്. അവരെ എന്നും നിലനിർത്തിക്കൊണ്ടുപോകണമെന്നു ഞാൻ പറയുന്നില്ല. അവരെ ഈ കൊല്ലാവസാനംവരെ എങ്കിലും നിർത്തി, ഏതെങ്കിലും വകുപ്പുകളിലേക്കെടുക്കണം. അവക്കു കോളിഫിക്കേഷൻ ഇല്ലായെന്നും മറ്റും തടസ്ഥം പറയുന്നതു ശരിയായിരിക്കുകയില്ല. മലയാളം മാത്രം പരിചയമുള്ള ധാരാളം ആളുകൾ നമുക്കാവശ്യമുണ്ടു്. നമ്മുടെ പലവകുപ്പുകളിലേയും മേലാളുകളിൽതന്നെ നാലഞ്പേർക്കുടി പത്താംക്ലാസ്സുവരെ പഠിപ്പില്ലാത്തവരാണു്. അങ്ങിനെയുള്ള മേലദ്ധ്യക്ഷന്മാർക്കുടിയുള്ളപ്പോൾ ഈ പാവങ്ങൾക്കു് ഏതെങ്കിലും ഡിപ്പാർട്ടുമെണ്ടിൽ ഏതെങ്കിലും ജോലി കൊടുക്കാൻ സാധിക്കും. ഇവരെ റജിസ്ട്രാഫീസുകളിൽ കോപ്പിസ്റ്റുമാരായോ, മറ്റൊ നിയമിക്കാം. ഏതുവിധത്തിലായാലും ഇവക്കു കഴിഞ്ഞുകൂടുവാനുള്ള വഴിയുണ്ടാക്കിക്കൊടുക്കണം. അവർ അധികമൊന്നുമില്ല. ൯൦ പേർ മാത്രമെയുള്ളു. ഒരിക്കലും തെറ്റായ കായ്യമല്ല ഞാൻ പറയുന്നതു്. എനിക്കു വളരെ ബഹുമാനവും സ്നേഹവുമുള്ള ധനകായ്യമന്ത്രിയോടു ഞാൻ ആവർത്തിച്ചഭ്യർത്ഥിക്കുന്നു, ഈ കായ്യത്തെപ്പറ്റി വിവേകപൂർവ്വം ചിന്തിക്കണമെന്നു്. കൊടുത്തകല്പന പിൻവലിക്കുന്നതു് അഭിമാനത്തിനു കുറവാണെന്നു വിചാരിക്കാതെ അതു പിൻവലിക്കണമെന്നു ഞാൻ അദ്ദേഹത്തോടു അഭ്യർത്ഥിക്കുന്നു.

ഇന്നലെ മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിനെപ്പറ്റി വിദശ്യാഭിപ്രായം പറയാൻ കഴിവുള്ള രണ്ടംഗങ്ങൾ ഇവിടെ പറയുകയുണ്ടായി, പബ്ലിക്കുഹെൽത്തുഡിപ്പാർട്ടുമെണ്ടും, മെഡിക്കൽ ഡിപ്പാർട്ടുമെണ്ടും ഒന്നിച്ചു ചേർത്താൽ ചിലവു ധാരാളം കുറക്കാൻ സാധിക്കുമെന്നു്. എനിക്കു് അതിനോടുകുടി വേറെ ചിലതുംകുടി കുട്ടിച്ചേർക്കാം എന്നുള്ള അഭിപ്രായമുണ്ടു്. വെറ്റേർണറിയും ആയുർവ്വേദവും അതിനോടുകുടി ചേർത്തു ൪ ഡിപ്പാർട്ടുമെണ്ടുകൾ ഒരാളുടെ മേൽനോട്ടത്തിൽ വന്നാൽ യാതൊരു തരക്കേടുമില്ല. ആയുർവ്വേദഡിപ്പാർട്ടുമെണ്ടുമായി അടുത്തു പരിചയിക്കുവാൻ ഭാഗ്യമോ നിർഭാഗ്യമോ ഉണ്ടായ വ്യക്തികളിൽനിന്നു് അറിയാൻ സാധിക്കും അതിനകത്തു്അനാവശ്യമായ ചിലവുകളും തെമ്മാടിത്തരങ്ങളും ധാരാളം നടക്കുന്നുണ്ടെന്നു്. ഈവകുപ്പു ഭരിക്കുന്ന മന്ത്രി ഇതു പരസ്യമായി പ്രഖ്യാപിക്കുകയില്ലായിരിക്കാം. പക്ഷെ രഹസ്യമായി അദ്ദേഹം അതു സമ്മതിക്കും. വളരെ പണം അവിടെ അനാവശ്യമായി ചിലവുചെയ്യുന്നുണ്ടു്. ബഡ്ജറ്റിൽ ധാരാളം പണം ഇതിനു കൊള്ളിച്ചിട്ടുണ്ടു്. ഒരുലക്ഷത്തി ഇരുപതിനായിരം രൂപയോളം ആദായംവരുന്ന ഒരു വകുപ്പാണു് ഇതെന്നുള്ള ബോധത്തോടുകുടിതന്നെയാണു് ഞാൻ സംസാരിക്കുന്നതു്. ൨൪,൪൭,൦൦൦ രൂപയോളം ചിലവുവരുന്ന ൪ ഡിപ്പാർട്ടുമെണ്ടുകൾ ഒരുമിച്ചുകുട്ടി ആവശ്യത്തിനു മാത്രമുള്ള ഉദ്യോഗസ്ഥന്മാരെവെച്ചു നടത്തുന്നതായാൽ ആ ഇനത്തിൽ വലിയൊരു സംഖ്യ ലാഭം കിട്ടുമെന്നുള്ളതു് ബുദ്ധിയുള്ളവർക്കെല്ലാം ബോദ്ധ്യമാണു്. അതുപോലെ ആയുർവ്വേദഡിപ്പാർട്ടുമെണ്ടിൽ അനേകം രൂപ കട്ടമുടിക്കുന്ന ഒരു സെക്ഷനാണു് സെയിൽസ് ഡിപ്പാർട്ടുമെണ്ടു്. അതിനെ തടുത്തുനിർത്തി ഗവമ്മെണ്ടിനു് ആദായകരമായ കായ്യങ്ങൾമാത്രം ചെയ്യാൻ ഒരു ഔദ്യോഗികകമ്മിറ്റിയെയുണ്ടാക്കിവെച്ചാൽ തരക്കേടില്ല. അങ്ങിനെ ഒരു കമ്മിറ്റിയെ വെക്കുന്നപക്ഷം അവിടെ നടക്കുന്ന അനീതികൾ തെളിയുന്നതാണു്. ഈ നാലു ഡിപ്പാർട്ടുമെണ്ടുകൾ ഒന്നിച്ചു യോജിപ്പിച്ചു അവിടെ നടക്കുന്ന തെമ്മാടിത്തരങ്ങളേയും അനാവശ്യങ്ങളേയും അവസാനിപ്പിക്കേണ്ട കാലം വൈകിയിരിക്കുന്നു. അതുകൊണ്ടു് ആ കായ്യത്തിൽ വേണ്ടതു ചെയ്യണമെന്നു ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രിയോടഭ്യർത്ഥിക്കുന്നു.

ഇനി എനിക്കു് ഒരു കായ്യം പറയുവാനുള്ളതു് വിദ്യാഭ്യാസവകുപ്പിനെ സംബന്ധിച്ചാണു്. കഴിഞ്ഞ രണ്ടു വർഷങ്ങളായി ൫൦-ൽപരം ഹൈസ്കൂളുകളാണത്രെ കൊച്ചിരാജ്യത്തിൽ മുളയെടുത്തിട്ടുള്ളതു്. സേവയുടേയും ശുപാർശയുടേയും പേരിൽ അതാതുകാലത്തെ ഗവമ്മെണ്ടു് അന്നത്തെ മന്ത്രിമാർ ആരെങ്കിലുമായിക്കൊള്ളട്ടെ— ൫൦-ൽപരം ഹൈസ്കൂളുകൾ കൊച്ചിരാജ്യത്തു് അനുവദിച്ചിട്ടുണ്ടു്; അന്യായമാണതു്. സേവയുടേയും ശുപാർശയുടേയും പേരിലുള്ള ഈ സമ്പ്രദായത്തെ വകവെച്ചു കൊടുക്കാൻ സാദ്ധ്യമല്ല. ഇത്തരം ഏർപ്പാടുകൾ ഇനിയെങ്കിലും നിർത്തണം. രണ്ടു കൊല്ലത്തിനുള്ളകം ഉണ്ടാക്കിട്ടുള്ള ഈ ഹൈസ്കൂളുകൾ മുഴുവൻ ഇതെല്ലാം. ഏതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[Miss Annie Joseph]

പേരിലാണ് ഇതു കൊടുത്തിട്ടുള്ളതു് അതിന്റെ പേരിൽ തന്നെ ഇതുമുടച്ചു കളയാനും ശ്രമിക്കണം. ഇതുവരെ സ്കൂൾകാര്യം കൊച്ചിരാജ്യത്തു് ഒരുവശ്യമില്ല. ഇവിടത്തെ പ്രൈമറി അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കാൻ പണമില്ലെന്നു പറഞ്ഞു കൈമലർത്തുന്നതാവണമെന്നു് ഇത്തരത്തിലുള്ള അനാവശ്യചിലവുകൾ വളരെയധികം ചെയ്തിട്ടുണ്ടു്. ചിറവൂരിൽ ഒരു കോളേജു് സ്ഥാപിച്ചിട്ടുണ്ടു്. ചിറവൂർക്കാരോടുള്ള വിരോധംകൊണ്ടല്ല ഞാൻ ഇതിനെപ്പറ്റി പറയുന്നതു്. അവരോടുള്ള ബഹുമാനത്തോടും സ്നേഹത്തോടുംകൂടി തന്നെ പറയുന്നു ചിറവൂർ കോളേജ് വെറും ഒരു അനാവശ്യചിലവാണെന്നു്. മൂന്നുനാലും കൂട്ടികളാണ് ഓരോ ക്ലാസ്സിലുമുള്ളതു്. രണ്ടരലക്ഷം രൂപയാണ് കൊല്ലംതോറും ഉള്ള ചിലവിലേക്കായി ബഡ്ഡറ്റിൽ കൊള്ളിച്ചിട്ടുള്ളതു്. ഇതിനു പുറമെ കെട്ടിടങ്ങൾക്കായി ഒരുലക്ഷം അലോട്ടു ചെയ്തിട്ടുണ്ടു്. ഇതു വലിയ ഒരു തുക ചിലവാക്കി കോളേജുണ്ടാക്കുന്നതു് വളരെ കഷ്ടമാണു്. കൊച്ചിരാജ്യത്തിനു് ഇതു താങ്ങാൻ സാധിക്കുമോ എന്നാണു് ചോദ്യം. ഗവണ്മെണ്ടിനു് അതൊരു എടുക്കാച്ചുമടായി തീരും. അതുകൊണ്ടു് ഈ കോളേജു് പ്രൈവറ്റ് ഏജൻസികളെ ഏല്പിക്കുകയൊ, ഒരു ടെക്നോളജിക്കൽ കോളേജായി രൂപാന്തരപ്പെടുത്തുകയോ, ചെയ്യണം. തൃശ്ശിവപേരൂരിലെ കേരളവർമ്മ കോളേജ് എന്തുകൊണ്ടു് അങ്ങോട്ടു് മാറ്റിക്കൂടാ? മൂന്നും നാലും കൂട്ടികൾക്കുവേണ്ടി ഇങ്ങിനെ ഒരു കോളേജ് നടത്തുന്നതിനെ ഒരു വിധത്തിലും ന്യായീകരിച്ചുകൂടാ. ഇതുപോലെതന്നെയാണു് തൃശ്ശിവപേരൂരിലെ ടെയിനിങ്ങ് കോളേജിന്റെയും സ്ഥിതി. ഒരുടേയോ വാശിക്കുവേണ്ടിയാണു അതു തുടങ്ങിയതു്. എന്നാൽ അതു നമുക്കു താങ്ങുവാൻ സാധിക്കാത്ത ഒരു ഭാരമാണു്. അവിടെ ഒരു ടെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടു് ഉണ്ടു്. ഈ രണ്ടു സ്ഥാപനങ്ങളിലേയും അദ്ധ്യാപകന്മാർ ഒരു ക്ലർക്കുതന്നെ മതി. ടെയിനിങ്ങ് കോളേജിലെ അദ്ധ്യാപകന്മാർ ഡ 0 0-0, ന 0 0-0 ക. ശമ്പളംവാങ്ങി സുഖമായി ഇരിക്കുകയാണു്. ഈ രണ്ടു സ്ഥാപനങ്ങളുംകൂടി ഒന്നാക്കിയാൽ വളരെ വലിയ ഒരു തുക ഗവണ്മെണ്ടിനു ലാഭമുണ്ടാക്കാൻ സാധിക്കും. ഇങ്ങിനെ മംഗിക്കുവേണ്ടി കെട്ടിക്കാണിയ്ക്കുവാനുള്ളതല്ല കൊച്ചിയിലെ കോളേജുകളും സ്കൂളുകളും എന്നു് അധികൃതന്മാർ മനസ്സിലാക്കിയാൽ നന്നു്. ഇങ്ങിനെ എത്രയോ അനാവശ്യമായ കാര്യങ്ങൾക്കുവേണ്ടി പണം നീക്കിവെക്കുന്നതു ധൂർത്തുകാരുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഒരു "പാപം" ആണു്. ഒരു ചെറിയ കാര്യംകൂടി എനിക്കു പറയുവാനുണ്ടു്. എറണാകുളത്തുനിന്നു തൃശ്ശിവപേരൂക്കു് വള്ളംവഴിയുള്ള ഗതാഗതം ഒന്നു ശരിപ്പെടുത്തിയാൽ വളരെ ഉപകാരമായിരിക്കും. വളരെ അധികം പണം അതുകൊണ്ടു് ലാഭിക്കുവാൻ കഴിയും. എറണാകുളത്തുനിന്നു വളരെ താണനിരക്കിനു തൃശ്ശിവപേരൂരേക്കു് സാധനങ്ങൾ കൊണ്ടുപോകുവാൻ സാധിക്കുന്നതാണു്. ഇതു വളരെ പണച്ചിലവു കൂടാതെ സാധിക്കാവുന്ന ഒരു കാര്യമാണു്. ഇതു് വളരെ പ്രയാസമില്ലാത്ത ഒരു കാര്യമാകയാൽ ഈ വകുപ്പുമന്ത്രി—വെള്ളത്തിന്റെമന്ത്രി ആരാണെന്നു് എനിക്കറിഞ്ഞുകൂടാ—ഈ കാര്യത്തിൽ ഒന്നു ശ്രദ്ധവെച്ചാൽ തരക്കേടില്ല.

പിന്നെ ടാൻസ്പോർട്ടു് ദേശീയമാക്കുക എന്നുള്ളതു് മദ്രാസിലും മറ്റു പ്രവിശ്യകളിലും നടപ്പിൽ വന്നിട്ടുള്ള ഒരു കാര്യമാണു്. ഈ എടുപ്പാട്ടു തുടങ്ങിയിട്ടുള്ള ആളുകൾ ലക്ഷക്കണക്കിനു പണം സമ്പാദിക്കുന്നതായി നമുക്കറിയാമല്ലൊ. ധാരാളം പണം കിട്ടുവാൻ വഴിയുള്ള ഈ മാർഗ്ഗം എന്തുകൊണ്ടു് ഗവണ്മെണ്ടിനു് എടുത്തുകൂടാ? തല്ക്കാലം എറണാകുളം—മട്ടാഞ്ചേരി ലയിൻ എങ്കിലും ഗവണ്മെണ്ടു് എറ്റെടുത്തു നടത്തിയാൽ ധാരാളം പണം ലാഭിക്കുവാൻ കഴിയും. ടാൻസ്പോർട്ടു് ദേശീയമാക്കുമ്പോൾ ബസ്സു് കൺട്രാക്ടർമാർ സ്വീകരിയ്ക്കുന്ന ആയിരിക്കണം. മദ്രാസിലും മറ്റും അങ്ങിനെ ചെയ്യുന്നുണ്ടു്. നല്ല ഉശിരും തന്റേടവുമുള്ള പൊൻകുട്ടികൾ അതിനു തയ്യാറാകും. ടാൻസ്പോർട്ടു് ദേശീയവല്ക്കരിക്കേണ്ട കാര്യം ആലോചിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യണം. പണമില്ലെന്നു പറഞ്ഞതുകൊണ്ടു കാര്യമില്ല. പണമുണ്ടാക്കേണ്ട മാർഗ്ഗങ്ങൾ ഗവണ്മെണ്ടു് സ്വീകരിക്കണം. ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട മെമ്പർ അവർകൾ ഇൻഡ്യയെ പങ്കിടുവാൻ മൌണ്ടുബാറ്റൻ രണ്ടു മാസമേ വേണ്ടിവന്നുള്ളു എന്നു പറയുകയുണ്ടായി. നമ്മുടെ ഗവണ്മെണ്ടിനെ ഇതിലും ശക്തിയായ ഭാഷയിൽ ആക്ഷേപിക്കുവാനില്ല. വളരെ നല്ലകാര്യങ്ങൾ വളരെ ചുരുങ്ങിയ സമയംകൊണ്ടു് സാധിക്കുവാൻ കഴിയും. വെറും കടലാസ്സിൽ മാത്രം കാര്യങ്ങൾവെക്കാതെ, ആവശ്യമായിട്ടുള്ള കാര്യങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും നീക്കിവെക്കാതെ ഉടനടി നടത്തുവാൻവേണ്ടുവോളിയുള്ള, ശക്തിയുള്ള ഒരുഗവണ്മെണ്ടു് നമുക്കുണ്ടാകണമെന്നാണു് എന്റെ ആഗ്രഹം.

LIBRARY ARCHIVES Kerala Legislative Assembly

ഈവക കാര്യങ്ങൾ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തികൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ഗാസ്റ്റൂർ ഡിസിൽവ: സർ, മുന്നൂറു അറുപത്തിമൂന്നുലക്ഷത്തി മുപ്പത്തിമൂവായിരം ഉറുപ്പിക മാത്രം വരവു പ്രതീക്ഷിക്കുകയും അതിന്റെ ശേഷം വരവു അധികമാക്കുവാൻവേണ്ടി ചില ഷാപ്പുകൾ രണ്ടാമതും ലേലംചെയ്ത് നാലരലക്ഷത്തോളം ഉറുപ്പിക വരവിൽ കവവു വരുത്തുകയും മുൻക്കർ ചിലവെഴുതേണ്ടതു് വരവായി എഴുതിച്ചേർക്കുകയും മറവും ചെയ്തതിനുശേഷം അതിൽനിന്നും ആദ്യത്തെ നാലുമാസത്തെ നിത്യച്ചിലവു നിവ്വഹിക്കുവാൻ വേണ്ടിമാത്രം ഗ്രന്ഥലക്ഷത്തിനാല്പത്തിഏഴായിരംഎടുക്കുകയും പിന്നീടുള്ള എട്ടുമാസത്തിലേക്കു നിത്യചിലവും രാഷ്ട്രനിർമ്മാണപരങ്ങളായ വമ്പിച്ച പദ്ധതികളും നടത്തുന്നതിനുവേണ്ടി ഗ്രൻ ഠ ലക്ഷത്തി ഇരുപത്തി അയ്യായിരം ഉറുപ്പിക സദയം ബാക്കി തരികയും ചെയ്തിട്ടുള്ള ബഡ്ജറാണല്ലൊ പോയ മന്ത്രിമാരിൽനിന്നും ഇപ്പോഴത്തെ ഗവമ്മെണ്ടിനു ലഭിച്ചതു്. ഈ പരിതഃസ്ഥിതിയിൽ എത്രതന്നെ സാഹസം പ്രവർത്തിച്ചിട്ടാണെങ്കിലും ഈ എട്ടു മാസത്തേക്കു ചിലവിനുള്ളവകയും പുതിയ പരിപോഷണപദ്ധതികൾക്കു് ൻ൨ ലക്ഷം രൂപയും ഒരു കരുതലായി ഒരു കോടി എഴുപത്തി ഏഴു ലക്ഷം രൂപാ മിച്ചവും കണ്ടുകൊണ്ടുള്ള ബഡ്ജറ് ഉണ്ടാക്കിയതിൽ ഇന്നത്തെ ഗവമ്മെണ്ടിനെ ഞാൻ ഉള്ളഴിഞ്ഞു അനുമോദിക്കുന്നു.

സർ, ഒരു കുടുംബ ബഡ്ജറും ഒരു രാജ്യത്തിന്റെ ബഡ്ജറും തയ്യാറാക്കുന്ന രീതി വളരെ വ്യത്യസ്തങ്ങളാണു്. വരവനുസരിച്ചുള്ള ചിലവാണു് സകായ്ച്ച ബഡ്ജാറിന്റെ അടിസ്ഥാന തത്വമെങ്കിൽ ആവശ്യങ്ങൾ അനുസരിച്ചു വരവുണ്ടാക്കലാണു് ഒരു രാജ്യത്തിന്റെ ബഡ്ജറിന്റെ മൌലീകമായ സിദ്ധാന്തം. ഗവമ്മെണ്ടു് ഈ ബഡ്ജറ് തയ്യാറാക്കിയപ്പോൾ ഈ രണ്ടു തത്വങ്ങളും പൊരുത്തപ്പെടുത്തി കൊണ്ടുപോകുവാൻ അതുന്നതും പരിശ്രമിച്ചിട്ടുണ്ടെന്നു കാണുന്നതിൽ വളരെ ചാരിതാർത്ഥ്യവുമുണ്ടു്. ബഡ്ജറ് സമീകരിച്ചുകൊണ്ടുപോകുവാൻ ചിലവുകൾ കുറെയൊക്കെ ചുരുക്കാതെ നിവൃത്തിയില്ലെന്നു കണ്ടിട്ടും ഗ്രൻ ½ ലക്ഷം ഉറുപ്പികയുടെ ചിലവുവരുന്ന ഉദ്യോഗങ്ങൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുകയും മറവും ചെയ്തിട്ടുള്ളതു് പ്രത്യേകം ഓർക്കേണ്ടതാണു്. ഇടക്കാലത്തുവെച്ചു് ഒരു ബഡ്ജറ് തയ്യാറാക്കുമ്പോൾ നിലവിലുള്ളതായ വ്യയമാർഗ്ഗങ്ങളിൽ കയ്യുമായ വ്യത്യാസമൊന്നും വരുത്തുക സാദ്ധ്യമല്ലെന്നുള്ളതും മറക്കുവാൻ നിവൃത്തിയില്ല. എങ്കിലും ഒട്ടുമാസക്കാലത്തിനുള്ളിൽ നിവ്വഹിക്കുവുന്ന വലിയ പരിപോഷണപദ്ധതികൾ വിഭാവനം ചെയ്തു നടപ്പിൽ വരുത്തുവാൻ ഗവമ്മെണ്ടുകൾക്കു് ഇന്ദ്രജാലശക്തിയൊന്നും ഇല്ലതാനും. ഇതെല്ലാംകൊണ്ടാണു് ഇങ്ങിനെ ഒരു ബഡ്ജറ് ഈ ബഹുമാനപ്പെട്ട സഭയുടെ മുമ്പിൽ വയ്ക്കുവാൻ സാധിച്ച ഗവമ്മെണ്ടിനെ ഞാൻ അനുമോദിക്കുന്നതു്.

സർ, ആർക്കും ഒരു പൈകൂടുതൽ നികുതി കൊടുക്കുവാൻ ഇഷ്ടമില്ല. അതുകൊണ്ടു് എന്താശ്യത്തിനായാലും നികുതി വർദ്ധിപ്പിക്കുന്നതിനെ ജനങ്ങൾ എതിർക്കും. പുതിയ നികുതി എത്രതന്നെയായാലും അതു പാവപ്പെട്ടവന്റെ കഞ്ഞിക്കലത്തിൽനിന്നും കയ്യിട്ടെടുക്കുകയാണെന്നു ആക്ഷേപിക്കുകയും ചെയ്യും. അഞ്ചൽ കവറുകളുടെ വില ൻ൨ പൈ യിൽനിന്നും ഒരണയാക്കുന്നതിനെക്കുറിച്ചാക്ഷേപിക്കുന്നവർ ഈ വാദംതന്നെ കൊണ്ടുവരുന്നതായി കാണുന്നു. പക്ഷെ പാവങ്ങൾക്കു കത്തയക്കുവാനുള്ള കാർഡിനു് ർ ചില്ലിയാണു് വില എന്നവർ പറയുന്നുമില്ല. പാവപ്പെട്ടവക്കു വലിയ സാഹിത്യമൊ കൃഷ്ണപിടിച്ച നിയമപ്രശ്നങ്ങളൊ ഗംഭീരങ്ങളായ ഇടപാടുകളോ ഒന്നും എഴുതുവാനില്ല. അവക്കു് അതിനുള്ള വിദ്യാഭ്യാസവുമില്ല. മാത്രമല്ല, അരരൂപാത്രക്കം വരുന്ന കടലാസ്സിൽ കൊള്ളിക്കാവുന്ന കാര്യങ്ങൾ ഒരു കാർഡിൽ വേണ്ടേ, രണ്ടുകാർഡിലെങ്കിലും കൊള്ളിക്കാമെന്നു അവക്കറിയാം. അതുകൊണ്ടു് കവറിന്റെ ൻ൨പൈ വിലയുള്ളതു ഒരണയായതുകൊണ്ടു് പാവപ്പെട്ടവക്കു വലിയ സങ്കടത്തിനു വഴിയില്ല. മറ്റുള്ള നികുതികളൊന്നും പാവപ്പെട്ടവരെ ബാധിക്കുന്നതുമല്ല. വ്യാപാരനികുതി ഒഴിച്ചാൽ വ്യാപാര നികുതിയുടെ നിരക്കു അയൽ പ്രദേശങ്ങളിലെപ്പോലെയാക്കുന്നതു വലിയ അപരാധവുമാകയില്ല. പക്ഷെ പാവങ്ങളുടെ കയ്യിൽനിന്നും വില്പന നികുതി വസൂലാക്കി വരുന്ന ഇന്നത്തെ സമ്പ്രദായത്തെ പുററി ആക്ഷേപിക്കാതിരിക്കുവാൻ നിവൃത്തിയുമില്ല. ആണ്ടവസാനത്തിൽ ഒട്ടാകെ ഇടപാടു നടത്തിട്ടുള്ള സംഖ്യ ഒരു പരിധിവിട്ടധികമാണെങ്കിൽ മാത്രമെ കച്ചവടക്കാരിൽനിന്നും വില്പന നികുതി ചുമത്തുന്നുള്ളു. എന്നാൽ കച്ചവടക്കാരനാവട്ടെ, നിസ്സാര വ്യാപാരിയായാൽപോലും, എല്ലാവരിൽനിന്നും വ്യാപാരനികുതി ഈടാക്കുന്നുണ്ടു്. ഗ്രൻ ൦, ൦ ൦ ൦ക. യിൽ കുറവു-



LIBRARY ARCHIVES Kerala Legislative Assembly

[Mr. Gasper De'Silva]

ഇടപാടുള്ളവരും വ്യാപാരനികുതി ചുമത്തുന്നുണ്ട്. അങ്ങനെയിയിൽ ഇടപാടുസംഖ്യ എന്തുവരുമെന്ന ആരംഭത്തിൽ തിട്ടപ്പെടുത്തുവാൻ നിവൃത്തിയില്ലെന്ന അവർ വാദിക്കും. നിസ്സാര തുകകൾക്കു വില്പനനികുതി വസൂലാക്കുകയും മൊത്തത്തുക കണക്കാക്കിമാത്രം സർക്കാരിലേക്കു കൊടുക്കേണ്ടിവരികയും ചെയ്യുന്നതുകൊണ്ട് ഒരു നല്ലമിച്ചം കച്ചവടക്കാർക്കു കിട്ടുന്നുണ്ട്. പാവങ്ങൾ നഷ്ടപ്പെടണം, സർക്കാരിനു കിട്ടുകയുമില്ലെന്നാണ് ഇതിന്റെ അർത്ഥം. ഈ നില മാറണം. ഇടപാടുസംഖ്യ എന്തായാലും ഓരോബില്ലിലും കാണുന്ന വ്യാപാരനികുതി പിരിവ് സർക്കാരിലേക്കു കൊടുക്കണമെന്ന് നിശ്ചയിക്കുക. പൊതുജനങ്ങളിൽനിന്നും കച്ചവടക്കാർ നികുതി പിരിക്കുന്നതു സർക്കാരിനുവേണ്ടിയാണെങ്കിൽ അതു സർക്കാരിനുതന്നെ കിട്ടണം. അതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കണം. സർക്കാരിനു മേടിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ കച്ചവടക്കാർ ജനങ്ങളിൽനിന്നും നികുതി മേടിക്കരുതെന്നു നിബന്ധനവെക്കണം. സന്ദർഭവശാൽ ഇതിനെക്കുറിച്ചിത്രയും പറഞ്ഞതാണ്. പുതിയ നികുതികൾ പാവങ്ങളെ കൂടുതൽ പിഴിഞ്ഞെടുക്കുവാനുള്ളതാണെന്നു വാദിക്കുന്നതു മുഴുവനും ശരിയല്ലെന്നു പാവപ്പെട്ടവരിൽ ഒരാളായ എനിക്കു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും അത്യാവശ്യമില്ലാത്ത ചിലവുകൾ വേണ്ടിടത്തോളം ചുരുക്കുവാൻ നാം ധൈര്യപ്പെട്ടുമുന്നോട്ടു വന്നിട്ടുണ്ടെന്നു പറയുവാൻ സാദ്ധ്യമല്ലെന്നാണ് എനിക്കു തോന്നുന്നതു്. പ്രധാനപ്പെട്ട ചില ഇനങ്ങൾമാത്രം ഞാൻ ചൂണ്ടിക്കാണിക്കാം. 1 ലക്ഷത്തി പതിനയ്യായിരത്തിൽ അധികം ഉറപ്പിക പോലീസു വകുപ്പിനും 1 ലക്ഷത്തി എഴുപത്തിനാലായിരം ഉറപ്പിക സൈന്യത്തിനുംവേണ്ടി ചിലവുവരിക ഈകൊച്ചു കൊച്ചീരാജ്യത്തിൽ, എന്നുവെച്ചാൽ അതു എങ്ങിനെ സാധൂകരിക്കാം? പത്തുകൊല്ലംമുമ്പ് രണ്ടിനുംകൂടി മൂന്നു ലക്ഷത്തി മുപ്പത്തിമൂവായിരം ഉറപ്പികയായിരുന്ന ചിലവ്. ഇന്നതു പത്തിരട്ടിയിലധികം വർദ്ധിച്ചിരിക്കുന്നു. ഇതു കാണുമ്പോൾ ഇവിടെ ഇതു വലിയ കുഴപ്പങ്ങളൊക്കെ നടന്നുകൊണ്ടിരിക്കുകയാണോ എന്നു ജനങ്ങൾ സംശയിക്കുകയില്ലേ?

സർ, കൊച്ചിയിലെ സൈന്യം യുദ്ധത്തിനല്ല. രാജചിഹ്നങ്ങളിൽപെട്ട ഒരലങ്കാരം മാത്രമാണ്. അടുത്തകാലത്തു ആ നിലമാറി ഒരു പരിശീക്ഷിതസൈന്യത്തെ സജ്ജമാക്കിയെന്നെനിക്കറിയാം. എന്തിനാണ് സർ, ഇതു്. കൊച്ചി ഒരു സ്വാതന്ത്ര്യരാജ്യമായി നില്പുവാൻ നാമാരും ആഗ്രഹിക്കുന്നില്ല; ഉണ്ടെങ്കിൽതന്നെ നമ്മുടെ സ്വാതന്ത്ര്യം നിലനിറുത്തുവാനുള്ള ആയുധശക്തി തയ്യാറാക്കുവാൻ നമുക്കു കഴിവുമില്ല. കൊച്ചി ഇന്ത്യൻയൂണിയനിൽ ചേർന്നുകഴിഞ്ഞു. രാജ്യരക്ഷ അവരുടെ ചുമതലയാണ്. കൊച്ചി നല്ലൊരു നാവിക സങ്കേതമായിക്കഴിഞ്ഞു. അതിനാവശ്യമായ നാവിക വിമാനപ്പടയും ഒരു കാലാൾപ്പടയും വേണമെങ്കിൽ അതും യൂണിയൻ ഗവൺമെണ്ടു നിർവ്വഹിക്കേണ്ടതാണ്. നമുക്ക് ഇങ്ങിനെ സ്വന്തന്തമായൊരു സൈന്യത്തിന്റെ ആവശ്യമില്ല; പുലർത്തുവാൻ ശക്തിയുമില്ല. അതുപോലെ ബാഷ്പവാതക യന്ത്രോപകരണങ്ങളോടുകൂടി 1 1 ലക്ഷം രൂ. ചിലവുചെയ്ത് ഇത്രവലിയ ഒരു പൊലീസു സൈന്യത്തെ പുലർത്തുവാനും നമുക്കു കഴിവില്ല; ആവശ്യവുമില്ല. ഇന്നാട്ടിൽ അത്ര സമാധാനക്കേടൊന്നുമുണ്ടാക്കുന്നവരല്ല ജനസാമാന്യം. പൊലീസ് സജ്ജീകരണങ്ങളും വർദ്ധിച്ചതുകൊണ്ടു രക്ഷാബോധമൊന്നും രാജ്യത്തിൽ കൂടിയിട്ടില്ലെന്ന വ്യക്തമാണ്. പത്തുകൊല്ലംമുമ്പു ഇവിടെ രക്ഷാബോധമൊന്നും കുറവായിരുന്നുമില്ല. പിന്നെഎന്തിനു സർ, ഈ വമ്പിച്ച തുക പാഴാക്കുന്നു? നമുക്കു പൊലീസ് വേണ്ട എന്നല്ല ഞാൻ പറയുന്നതു്. അതൊരു ആവശ്യമായ ഉപദ്രവംതന്നെയാണ്, സർ. പക്ഷെ അതു വേണ്ടതിലധികമാക്കല്ലേ എന്നാണെനിക്ക് അപേക്ഷിക്കുവാനുള്ളതു്. ഇതൊരു യുദ്ധകാല ബഡ്ജറല്ലല്ലൊ.

സർ, സർക്കാർ വാഹനങ്ങൾക്കു 1 1 1 ൽ വ 1,വ 2 നു. മാത്രമെ സംരക്ഷണചിലവു വന്നിരുന്നുള്ളു. ഇന്നതു രണ്ടു ലക്ഷത്തി പതിനേഴായിരത്തിലധികമായതെങ്ങിനെയെന്നു ഊഹിക്കുവാൻപോലും സാധിക്കുന്നില്ല. ക്ഷമിക്കുവാൻ നിവൃത്തിയില്ലാത്ത ഈ നിലയുടൻപോകരുതെന്നു ഞാൻ ഉൽബോധിപ്പിക്കുന്നു.

ബഡ്ജറിലെ 2 ന, 2 ഒ, 2 വ ഇനങ്ങൾ പ്രത്യേകം ഒന്നു നോക്കുക. മെഡിക്കൽ, ആയുർവ്വേദം, പൊതുജനാരോഗ്യം. അപ്പോൾ സർ, മെഡിൽ വകുപ്പും ആയുർവ്വേദ വകുപ്പും പ്രവർത്തിക്കുന്നതു് പൊതുജനങ്ങളുടെ ആരോഗ്യത്തെ മുൻനിറുത്തിയല്ലെന്ന ഗവൺമെണ്ടു പ്രഖ്യാപിക്കയല്ലെ ചെയ്യുന്നതു്. അല്ലെങ്കിൽ ഇവ മൂന്നും കൂടി ഒരു വകുപ്പ്, പൊതുജനാരോഗ്യ വകുപ്പ് ആക്കിയാൽ ഭാരിച്ച ഭരണച്ചിലവു കുറെ കുറഞ്ഞു വരികയില്ലെ? പുരോഗമനപരങ്ങളായ കാര്യങ്ങളിൽ മുന്നിട്ടുനില്ക്കുന്ന നമ്മുടെ ഗവൺമെണ്ടു് അയൽപ്രദേശങ്ങളിൽ ഇതു മൂന്നു വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

കളാണെന്നു വാദിക്കുവാൻ മുതിരുകയില്ലല്ലൊ. അതുപോലെതന്നെ കൃഷിയും, മൃഗചികിത്സയും, പഞ്ചായത്തും, സഹകരണവും ഒരുമിച്ചുചേർത്താൽ, യോജിച്ചു പ്രവർത്തിച്ചാൽ കാര്യക്ഷമത വർദ്ധിക്കുകയേ ഉള്ളൂ. വില്ലേജു കോടതി പഞ്ചായത്തിലൊ നിയമനീതി വകുപ്പിലൊ ചേർക്കേണ്ടതെന്നു എനിക്കു നിശ്ചയമില്ല. ഒറക്കു നിർത്തി പുലർത്തേണ്ടതായ ആവശ്യമില്ല.

സർ, ഡെഫിസിറ്റ്, ഡെഫിസിറ്റ്—ഈ ഇനങ്ങൾ ഗവർമ്മെണ്ടിന്റെ കണക്കാണൊ? ഗവർമ്മെണ്ടിനു മതമുണ്ടൊ? ധർമ്മചിലവുണ്ടൊ? വോട്ടു ചെയ്യാൻ പാടില്ലാത്ത ഇനങ്ങളാണെന്നുള്ള തടസ്ഥവാദം ഉന്നയിച്ചു് ആരും എന്റെ നേരെ വരികയില്ലെന്നു വിശ്വസിക്കുന്നു. ഈ സഭക്കു പരമാധികാരമുണ്ടു്, ധനകാര്യമന്ത്രിയുടെ ബഡ്ജറ്റു പ്രസംഗത്തിലെ പ്രസ്താവനകൊണ്ടു മാത്രമല്ല ഞാനങ്ങിനെ പറയുന്നതു്, കൊച്ചിയിലെ ജനലക്ഷങ്ങളുടെ ദൃഢനിശ്ചയം അങ്ങിനെയാണെന്നുള്ളതുകൊണ്ടാണു്. അതെന്തായാലും ഗവർമ്മെണ്ടു്—ഒരു ജനകീയ ഗവർമ്മെണ്ടു്—ഒരു പ്രത്യേക മതക്കാരുടെ മതകർമ്മങ്ങൾ നിർവ്വഹിക്കുവാൻ പൊതുഭണ്ഡാരത്തിൽനിന്നും ചിലവു ചെയ്യരുതു്. ദേവസ്വം വകുപ്പുണ്ടതിനു്; അല്ലാ മറ്റെതെങ്കിലും കേന്ദ്രങ്ങളുടെ ആവശ്യത്തിനാണെങ്കിൽ, ഇതെല്ലാം അതിലേക്കുള്ള സംഭാവനകളുടെ കണക്കിൽ ഉൾപ്പെടുത്തണം. ഈ സഭ സമ്മതിക്കുമെങ്കിൽ ഗവർമ്മെണ്ടിന്റെയും പൊതുജനനേതാക്കന്മാരുടേയും സതാര ശ്രദ്ധ പതിയുവാൻ ഒന്നു രണ്ടുകാര്യങ്ങൾ എടുത്തുകാണിച്ചുവെന്നേയുള്ളൂ. കൊച്ചിയിലെ പ്രശ്നം വളരെ വിപുലവും വിഷമംപിടിച്ചതുമാണു്. എത്രതന്നെ ഗവർമ്മെണ്ടു ചിലവു ചുരുക്കി മിച്ചമുണ്ടാക്കിയാലും കൊച്ചിയുടെ അടിയന്തിരാവശ്യങ്ങളെ നേരിടുവാൻ അശേഷം സാധിക്കയില്ല. ര് ലക്ഷത്തിലധികംവരും തൊഴിലില്ലാത്തവർ. അത്രത്തോളംതന്നെ വീടില്ലാത്തവർ, ഭക്ഷണത്തിനു വകയില്ലാത്തവർ അതിലുമധികം, ഭക്ഷ്യവിഭവങ്ങൾ വർദ്ധിപ്പിക്കുവാൻ എത്ര സാധിച്ചാലും ഡെ ഒലക്ഷം വയറുകൾക്കാണു് ചോറു കൊടുക്കേണ്ടതു്. കൊച്ചിക്കെങ്ങിനെ സാധിക്കും? അനേകലക്ഷം ജനങ്ങൾ, പട്ടിണിക്കാർ, ചുരുണ്ടുകൂടുവാൻ സ്ഥലമില്ലാതെ ഞെങ്ങിഞെരുങ്ങി ശ്വാസം മുട്ടുമ്പോൾ അതിനെ നേരിടാനുള്ള ബഡ്ജറ്റാണു് നമുക്കു വേണ്ടതു്. നാം അതു വോട്ടർമാരോടു പ്രഖ്യാപനം ചെയ്തിട്ടുള്ളതാണു്. ഈ ബഡ്ജറ്റിൽ അതു കാണാഞ്ഞതു തെറ്റല്ല. അതു കാണുവാൻ സാദ്ധ്യമല്ല. ഇതിലല്ല, കൊച്ചി ഗവർമ്മെണ്ടിനു ഒരു ബഡ്ജറ്റിലും അതിനുള്ള വഴി കാണിക്കുവാൻ സാദ്ധ്യമല്ല. ഈ അടിയന്തിര പ്രശ്നങ്ങൾക്കു് എന്തെങ്കിലും പരിഹാരം കാണണമെങ്കിൽ നാം ഈ രാജ്യത്തിന്റെ ഇടുങ്ങിയ പരിധികൾ തട്ടിത്തകർത്തു വികസിക്കണം. അല്ലാതെ നിവർത്തിയില്ല. ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾ നിർവ്വഹിക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു ഗവർമ്മെണ്ടിനു നിലനിൽക്കുവാൻ അർഹതയില്ല, നിലനിൽക്കുവാൻ ജനങ്ങൾ അനുവദിക്കുവാനും പോകുന്നില്ല. അതുകൊണ്ടു് പ്രജാമണ്ഡലം അതിന്റെ തിരഞ്ഞെടുപ്പു വിജ്ഞാപനത്തിൽ ആദ്യത്തെ പ്രമേയമായി ഐക്യകേരള സംസ്ഥാനം നടപ്പിൽ വരുത്തി കിടക്കുവാനുള്ള സ്ഥലം സമ്പാദിക്കുക, കേരളമൊട്ടാകെ ഒരുമിച്ചുനിന്നു സാമ്പത്തിക പരിപാടികളും പദ്ധതികളും ഉണ്ടാക്കി നടപ്പിൽ വരുത്തുക. അങ്ങിനെയല്ലാതെ ജീവിക്കുക അസാദ്ധ്യമായി വന്നിട്ടുണ്ടെങ്കിൽ, പിന്നെ അതിന്റെ മുമ്പിൽ ഒരു തടസ്ഥവും വിലപോകുകയില്ല. കുടുംബാവകാശാധികാരവാദങ്ങളൊക്കെ അർത്ഥമില്ലാത്ത ശബ്ദങ്ങൾമാത്രം. ഈ പരമാർത്ഥം വ്യക്തമായും ധീരമായും വിളിച്ചുപറഞ്ഞ ധനകാര്യമന്ത്രിയെ ഞാൻ ഹൃദയംഗമമായി അഭിനന്ദിക്കുന്നു.

എനിക്കൊരു ബഡ്ജറ്റ് വിമർശനമൊന്നും വശമില്ല, വിദ്യാഭ്യാസമില്ലാത്തവനാണു്, പക്ഷെ സാധാരണക്കാരന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളുമറിയാം. അതു് ഈ ബഹുമാനപ്പെട്ട സഭയുടെ മുമ്പിൽ ഞാൻ വെക്കുന്നു. അതിനുവേണ്ടി ധീരമായി മുന്നോട്ടുവന്നു പ്രവർത്തിക്കണമെന്നു് ഉൽബോധിപ്പിക്കുന്നു, നമസ്കാരം.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ : സർ, കഴിഞ്ഞ കൊല്ലം ആഗസ്റ്റ് ഫ ൫൰ംനു നമ്മുടെ മാതൃഭൂമിയായ ഇന്ത്യാരാജ്യം സ്വതന്ത്രയായി. അതോടുകൂടി ഭാരതത്തിന്റെ ഒരു അവിഭാജ്യഘടകമായ കൊച്ചിയും സ്വതന്ത്രയായി. അങ്ങിനെ നാം എല്ലാവരും ചിരകാലം പ്രതീക്ഷിച്ചിരുന്ന പരിപൂർണ്ണ ഉത്തരവാദിത്വഭരണലക്ഷ്യത്തിലെത്തിച്ചേരുകയും ചെയ്തു. എന്നാൽ Cochin State ന്റെ ഒരു ഭാഗമായ കൊടുങ്ങല്ലൂരിന്റെ അസ്വതന്ത്രതക്കൊ പ്രത്യേക അവശതകൾക്കൊ യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. കൊടുങ്ങല്ലൂരിനോടു കൊച്ചി ഗവർമ്മെണ്ടു വസൂൽ ചെയ്തിരുന്ന അഥവാ കണക്കെഴുതി എടുത്തിരുന്ന Subsidy പഴയ നിലയിൽ ഇപ്പോഴും ഇടരുന്നുണ്ടു്. കൊടുങ്ങല്ലൂരിന്റെ നിലയും സ്ഥാനവും എന്താണെന്നറിയാൻ



LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kunjumoideen]

ഞങ്ങൾ ആഗ്രഹിക്കുന്നു. കൊടുങ്ങല്ലൂരിനെ സ്റ്റേറ്റിൽ ലയിപ്പിച്ചു ബഡ്ജറ്റ് രണ്ടും ഒന്നാക്കി എകീകരിക്കണം. അതിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് സംസാരിച്ചപ്പോൾ അനുഭാവത്തോടെ കൊടുങ്ങല്ലൂർ ബഡ്ജറ്റിൽ പണമില്ലെന്ന കാരണത്താൽ കൊടുങ്ങല്ലൂർ കാര്യങ്ങൾ നടത്താതെ ഇരിക്കയില്ലെന്ന് അദ്ദേഹം പറയുകയുണ്ടായി. അതു അവിടത്തെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്കാര്യവും കൊടുങ്ങല്ലൂർ Palace ലെ ആവശ്യങ്ങളുമായിരിക്കുമോ? കൊടുങ്ങല്ലൂരിൽ അത്യാവശ്യവും അടിയന്തിരവുമായ അനവധി കാര്യങ്ങൾ നടത്തേണ്ടതുണ്ട്. അവയിൽ ചിലതെങ്കിലും ബഡ്ജറ്റിൽ ചേർത്തുകാണുന്നില്ല. കാവിൽകടവു്, പല്ലുറു പാലംപണി കൊടുങ്ങല്ലൂരിന്റെ അഭിവൃദ്ധിക്കു നിദാനമായിട്ടുള്ള ഒരു പ്രധാന സംഗതിയാണു്. പല്ലുറു്, നാരായണമംഗലം, പുത്തഞ്ചിറ പാലം കൊടുങ്ങല്ലൂരിനു Stateലെ പല ഭാഗങ്ങൾക്കും തമ്മിൽ ബന്ധവും അഭിവൃദ്ധിയും ഉണ്ടാകാൻ പര്യാപ്തമാണു്. തിരുവിതാംകൂറിൽപ്പെട്ട പുത്തഞ്ചിറക്കും അതു് അഭിവൃദ്ധികരമാകയാൽ തിരുവിതാംകൂർ ഗവൺമെണ്ടിന്റെ സഹകരണവും ചിലവിന്റെ ഓഹരിയും നമ്മുടെ ഗവൺമെണ്ടു സമ്പാദിക്കേണ്ടതുമാണു്. കരുപ്പുടന്നക്കു സമീപവും കൃഷ്ണൻകോട്ടക്കു സമീപവും ഓരോ ബണ്ടുട്ടു് ഉപ്പുവെള്ളത്തെ തടഞ്ഞാൽ പല്ലുറു വില്ലേജിലേയും മുകുന്ദപുരം താലൂക്കിലെ വിവിധവില്ലേജുകളിലെയും നെൽകൃഷി അഭിവൃദ്ധിപ്പെടുന്നതും ഒരുപ്പുകൃഷി ഇരുപ്പുകൃഷിയാക്കി തീർക്കാൻ സാധിക്കുന്നതുമാണു്. തിരുവിതാംകൂറിനും ഈ പദ്ധതിമൂലം ഗുണമുണ്ടാകുന്നതുകൊണ്ടു് നമ്മുടെ ഗവൺമെണ്ടു് ആ ഗവൺമെണ്ടിന്റെ സഹകരണവും പങ്കും ഈ കാര്യത്തിൽ സമ്പാദിക്കേണ്ടതുമാണു്. ഭക്ഷണക്ഷാമം കൊടുമ്പിരിക്കൊള്ളുന്ന ഈ ഘട്ടത്തിൽ ഇങ്ങിനെയുള്ള പദ്ധതികൾ ഗവൺമെണ്ടു് അഗണ്യക്കോടിയിൽ തള്ളുന്നതു ശോചനീയമായിരിക്കും. കൊടുങ്ങല്ലൂരിൽ പൊതുവേയും എന്റെ നിയോജകമണ്ഡലത്തിൽ പ്രത്യേകിച്ചും തൊഴിലില്ലായ്മയാൽ സാധുക്കൾ നരകയാതനകൾ അനുഭവിച്ചു വരുകയാണു്. വ്യവസായ സ്ഥാപനങ്ങൾ വളർച്ചപ്രാപിക്കുന്നതു നമ്മുടെ കൊച്ചിക്കു പൊതുവെ ഗുണകരമാണല്ലൊ.

ചകിരി സമൃദ്ധിയായി ഉണ്ടാകുന്ന കൊടുങ്ങല്ലൂരിൽ Coir Factory സ്ഥാപിക്കുന്നതു് അന്നാട്ടിലെ തൊഴിലാളികൾക്കും സാധാരണക്കാർക്കും വലിയൊരനുഗ്രഹമായി തീരുന്നതിനും പുറമെ അതു State-നു അഭിവൃദ്ധിക്കുതകുന്നതുമാണു്. കൊടുങ്ങല്ലൂർ Principality യെ State-ൽ ലയിപ്പിക്കാൻ തരമില്ലാത്തപക്ഷം Customs Revenue-ൽനിന്നു ന്യായമായ ഒരു ഓഹരി കൊടുങ്ങല്ലൂരിനു നൽകാൻ ആവശ്യപ്പെട്ടതിൽഅതിനു നിവർത്തിയും അവകാശവും ഇല്ലായെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നിർദ്ദാക്ഷിണ്യവും അനുകമ്പാരഹിതവുമായി എന്നോടു മറുപടി പറയുകയുണ്ടായി. അതിനുള്ള മറുപടി പറയുവാൻ എനിക്കപ്പോൾ സന്ദർഭമോ സൌകര്യമോ കിട്ടാഞ്ഞതുകൊണ്ടു് ഏതൽവിഷയകമായി അല്പമൊന്നു പ്രസ്താവിക്കുവാൻ ഞാൻ നിർബ്ബന്ധിതനായിരിക്കുന്നു. കൊച്ചി നിയമസഭയുടെ ആരംഭകാലത്തിൽ ധനശാസ്ത്രമർമ്മജ്ഞനും ഭരണകാര്യ പരിചിതനുമായിരുന്ന ശ്രീ. സി. അച്യുതമേനവന്റെ അദ്ധ്യക്ഷതയിൽ ഒരു Special Finance കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി വിലയേറിയ പല നിർദ്ദേശങ്ങളും ചെയ്തതിൽ ഒന്നു അന്നത്തെ Census പ്രകാരം ജനസംഖ്യാനുപാതികമായി ചുങ്കമിനത്തിൽനിന്നു കൊടുങ്ങല്ലൂരിനു ൧൦ ൪ ശതമാനത്തിനു അവകാശമുണ്ടെന്നിരുന്നാലും ഒരു ശതമാനം എങ്കിലും കൊടുക്കണമെന്നാണു്. Interportal trade convention പ്രകാരം കൊച്ചിക്കു കിട്ടുന്ന ചുങ്കാദായത്തിന്റെ അനുഭവം കൊടുങ്ങല്ലൂക്കാർക്കില്ല കൊച്ചിപ്രജകൾക്കെല്ലാം ഉണ്ടു്. കൊടുങ്ങല്ലൂരിനു മാത്രം അതിന്റെഗുണം അനുഭവിക്കാൻ പാടില്ലെന്നു വരുന്നതു വിധിവൈപരീത്യംതന്നെയാണു്. വിദേശചരക്കുകൾക്കാണല്ലൊ ചുങ്കം പിരിച്ചുവരുന്നതു്. വിദേശസാധനങ്ങൾ കൊടുങ്ങല്ലൂർക്കാർ ഉപയോഗിക്കുന്നില്ലെന്നാണൊ ഗവൺമെണ്ടിന്റെ ധാരണ. രണ്ടാം കൌൺസിലിൽ Customs Revenue ഇനത്തിൽനിന്നു ന്യായമായ ഒരോഹരി കൊടുങ്ങല്ലൂരിനു നൽകണമെന്ന എന്റെ ഒരു Token notice പാസായിട്ടുണ്ടെന്നു സംഗതി ഞാൻ ഗവൺമെണ്ടിനെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. Finance member ബഡ്ജറ്റ് വിശദീകരണപത്രികയാലൊ, തന്റെ Budget പ്രസംഗത്തിലൊ കൊടുങ്ങല്ലൂരിനെ സംബന്ധിച്ചു യാതൊന്നും പറയാതിരുന്നതു പരിതാപകരമാണു്. കൊടുങ്ങല്ലൂർ ബഡ്ജറ്റിൽ പണമില്ലെന്ന കാരണത്താൽ കൊടുങ്ങല്ലൂരിന്റെ ആവശ്യങ്ങൾ നടത്താതിരിക്കയില്ലായെന്നു ധനകാര്യമന്ത്രി എന്നോടു് പറഞ്ഞ സമാധാനമെങ്കിലും അദ്ദേഹം ബഡ്ജറ്റ് പ്രസംഗത്തിലൊ, ബഡ്ജറ്റ് വിശദീകരണപത്രികയിലൊ പറയാതിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിൽ ഞങ്ങൾക്ക പരിഭവമുണ്ട്. ആ സംഗതി അദ്ദേഹം ബഹുമാനപ്പെട്ട ഈ സഭയിൽ പരസ്യമായി പ്രസ്ഥാവിക്കുകയും അതു പ്രവർത്തിപഥത്തിൽ കൊണ്ടുവരുകയും ചെയ്യുവാൻ ഞാൻ അദ്ദേഹത്തോട അഭ്യർത്ഥിക്കുന്നു. "ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന്നു കുമ്പിളിൽ കഞ്ഞി" എന്ന പണ്ടാരോ പറഞ്ഞ സംഗതിയാണു് കൊട്ടങ്ങല്ലൂർ ബഡ്ജറ്റ് കണ്ടപ്പോൾ എനിക്കോർമ്മ വന്നതു്. കൊട്ടങ്ങല്ലൂരിനോടു് നീതിപ്രവർത്തിക്കാൻ ഗവർമ്മെണ്ടു് ഒരുക്കമില്ലാത്തപക്ഷം അതിന്റെ ഭരണച്ചുമതല ഒഴിഞ്ഞു അതിനെ അതിന്റെ പാട്ടിന്നു വിട്ടേക്കാനാണു് ഞാൻ ഗവർമ്മെണ്ടിനോട ആവശ്യപ്പെടുന്നതു്. ഇങ്ങിനെ പറയേണ്ടി വന്നതിൽ വ്യസനമുണ്ടെങ്കിലും ഇന്ത്യാ യൂണിയനിൽ ലയിച്ചു രക്ഷപ്രാപിക്കാമെന്നു കൊട്ടങ്ങല്ലൂർ ആശിക്കുന്നു.

State Budget നെ സംബന്ധിച്ചു് ഇന്നലെയും ഇന്നുമായി പൊതുവിമർശനങ്ങൾ ധാരാളം നടന്നുകഴിഞ്ഞതിനാൽ എനിക്കു അധികമൊന്നും പറയേണ്ടതില്ലെങ്കിലും ചുരുക്കം ചില സംഗതികൾ പറയാതെ നിവർത്തിയില്ല. വലിയ പണക്കാരിൽനിന്നും ആദായനികുതി കൂടുതൽ പിരിക്കുവാൻ ഗവർമ്മെണ്ടു് തീരുമാനിച്ചതു് ഉചിതമായി. എന്നാൽ Sales-tax-ന്റെ കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടു്. സാധാരണക്കാരുടെ നിത്യോപയോഗസാധനങ്ങൾക്കു ഇപ്പോൾ നിലവിലുള്ളതും പുതുതായി ചുമത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നതുമായ നികുതിയെല്ലാം വേണ്ടെന്നു വെക്കണം. അഞ്ചൽകവറുകൾക്കു വില കൂട്ടുവാൻ നിശ്ചയിച്ചതു് ആദരണീയമല്ല. ഡൊമീനിയൻ ഗവർമ്മെണ്ടിൽനിന്നും അരിവിലയിൽ Subsidy നമ്മുടെ ഗവർമ്മെണ്ടിനു കിട്ടുമെന്നു അറിഞ്ഞതുമുതൽ സാധാരണക്കാരും തൊഴിലാളികളും അരിവില കുറയുന്നതു് കാണ്മാൻ അത്യാശയോടെ നോക്കിക്കൊണ്ടിരിക്കയാണു്. അവരെ ഗോതമ്പുരയരാക്കാതെ അരിവിലയിൽ എന്തെങ്കിലും കുറവു വരുത്തുന്നതു ഉചിതവും ഉത്തമവുമായിരിക്കും. ഗോതമ്പു വാങ്ങണമെന്നു നിർബ്ബന്ധം വെച്ചിരിക്കെ അരിയേക്കാൾ കൂടുതൽ വില ഗോതമ്പിനു നിശ്ചയിച്ചിരിക്കുന്നതു അനുചിതവും കഷ്ടവുമാണു്.

മറവതാലൂക്കുകളെയും പ്രദേശങ്ങളെയും അപേക്ഷിച്ചു കൊട്ടങ്ങല്ലൂർക്കാരെ കൂടുതലായി പച്ചരിയും പൊടിയരിയും തീറ്റിക്കുവാൻ food ഡിപ്പാർട്ടുമെണ്ടു് ഉന്നിഞ്ഞിരിക്കുന്നുവെന്നു കൊട്ടങ്ങല്ലൂർക്കാർക്കു് ശക്തിയായ ആക്ഷേപവും പരാതിയും ഉണ്ടു്. ഏതു കാര്യത്തിലും കൊട്ടങ്ങല്ലൂരിന്നു് വ്യത്യസ്ഥതയും പ്രത്യേകതയും വേണമെന്നാണൊ ഗവർമ്മെണ്ടിന്റെ ശാഠ്യം? ഇക്കാര്യത്തെ സംബന്ധിച്ചു ഞാൻ ഗവർമ്മെണ്ടിനും food ഡയരക്ടർക്കും കുറുകെ എഴുതി അയച്ചിട്ടുണ്ടു്. ചില വിവരങ്ങൾ അറിയുവാൻ ഞാൻ നിയമസഭയിലേക്കു് ചോദ്യങ്ങൾക്കു നോട്ടീസ്സും അയച്ചിട്ടുണ്ടു്.

നമ്മുടെ Food ഡിപ്പാർട്ടുമെണ്ടു് മുഴുവനും നിറുത്തൽ ചെയ്തിട്ടു മദിരാശി ഗവർമ്മെണ്ടു നടത്തുംപോലെ Co-operative society കൾ വഴി whole-sale and re-tail വില്പനകളും ഭരണവും നടത്തിക്കൂടെയെന്നു ഗാഢമായി പര്യാലോചിക്കുവാൻ ഞാൻ ഗവർമ്മെണ്ടിനോടു് ആവശ്യപ്പെടുന്നു.

**Mr. President:** The Hon'ble Member has only one minute more.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: കൊട്ടങ്ങല്ലൂരിന്നു പ്രത്യേകമായ ബഡ്ജറാണു്. ഈ സഭയിൽ ഇരു മെമ്പർമാർ ഉള്ളതിൽ ഒരു പേർ മാത്രമെ കൊട്ടങ്ങല്ലൂരിനെ പ്രതിനിധീകരിക്കുകയും അതിനോട താല്പര്യം പ്രദർശ്പ്പിക്കുകയും ചെയ്യുന്നുള്ളൂ. അങ്ങിനെയിരിക്കെ ബഡ്ജറവിമർശനത്തിന്നു കൊട്ടങ്ങല്ലൂർ മെമ്പർമാർക്കു് കൂടുതൽ സമയം അനുവദിക്കേണ്ടതാണു്. രണ്ടാം കൌൺസിലിൽ ഞാൻ മെമ്പറായിരിക്കുമ്പോൾ State Budget ന്റെ എല്ലാ ഡിപ്പാർട്ടുമെണ്ടുകളും വോട്ടിന്നിട്ടതിന്നശേഷമാണു് കൊട്ടങ്ങല്ലൂർ ബഡ്ജറു് ആലോചനക്കെടുക്കാറുള്ളതു്. പക്ഷെ അതിന്നുസമയംകിട്ടാറില്ല. House of commons ലെ Indian Budget ന്റെ അന്നത്തെ നിലയായിരുന്ന കൊട്ടങ്ങല്ലൂർ ബഡ്ജറിന്നുണ്ടായിരുന്നതു്. ഈ സംഗതിയൊക്കെ പറഞ്ഞു ഞാൻ മുറവിളി കൂട്ടിയപ്പോഴാണു State Budget ലെ ഒരു Demand ആലോചനക്കെടുത്താലുടനെതന്നെ കൊട്ടങ്ങല്ലൂർ Budget ലെ അതെ Demand ആലോചനക്കു് എടുക്കണമെന്നു തീരുമാനിച്ചതു്.

**Mr. President:** The maximum time which an Hon'ble Member can take is 20 minutes. The Hon'ble Member has taken already 19½ minutes.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: കൊട്ടങ്ങല്ലൂരിന്നു പ്രത്യേകബഡ്ജറു് ഉള്ള കാലത്തോളം ബഡ്ജറിനെ വിമർശിക്കാനും മറ്റും ആവശ്യമായ സമയവും സൌകര്യവും കിട്ടാതെ തരമില്ല. ഇക്കാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട ഗവർമ്മെണ്ടിന്റെയും ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kunhumoideen]

പ്രസിഡണ്ടിനേറെയും ബഹുമാനപ്പെട്ട മെമ്പർമാരുടെയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. കൊട്ടങ്ങല്ലൂർ കായ്ത്തിൽ റവന്മെണ്ടിനൊ ഈ സഭയിലെ ഇതരമെമ്പർമാക്കൊ നമ്മുടെ നാട്ടിലെ പത്രങ്ങൾക്കൊ യാതൊരു താല്പര്യമൊ അനുഭാവമൊ ഔദാര്യമൊ കാണുന്നില്ല.

മേലിലെങ്കിലും മേൽപറഞ്ഞവരുടെ സഹായസഹകരണങ്ങൾ കൊട്ടങ്ങല്ലൂർ കായ്ത്തിൽ ഉണ്ടാകണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഈ പ്രസംഗം ഉപസംഹരിച്ചുകൊള്ളുന്നു.

മിസ്റ്റർ എ. എം. തോമസ്സ്: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഇവിടെ എനിക്കു മുമ്പു പ്രസംഗിച്ചു ബഹുമാനപ്പെട്ട പല മെമ്പർമാരും അവരുടെ പ്രസംഗത്തിന്റെ ആദ്യംതന്നെ പ്രസ്താവിക്കുകയുണ്ടായി, വളരെയെല്ലാം ആശകളോടും ഗംഭീരങ്ങളായ പ്രതീക്ഷകളോടും കൂടിയാണു് ഈ ബഹുമാനപ്പെട്ട സഭയിൽ അവതരിപ്പിക്കുന്ന ബഡ്ജറ്റിനെ സാധാരണ ജനങ്ങൾ നോക്കി പാർത്തുകൊണ്ടിരിക്കുന്നതെന്നു്. അവരുടെ പ്രതീക്ഷകൾ പരിപൂർണ്ണമായും നടപ്പിലാക്കുന്നതാണു് എന്നാണു് എനിക്കു പ്രസ്താവിക്കുവാനുള്ളതു്. ഒരു ആധുനിക ബഡ്ജറ്റിനെ പഴമയുള്ള ബഡ്ജറ്റിനോടു താരതമ്യപ്പെടുത്തുവാൻ നിവൃത്തിയില്ല. കൂടെയെല്ലാം പണംപിരിച്ചു് കുറെയെല്ലാം ചിലവഴിച്ചു് രാജ്യത്തു നിയമവും സമാധാനവും പാലിക്കുക എന്നുള്ളതിനെകവിഞ്ഞു, പഴയകാലത്തു തയ്യാറാക്കുന്ന ബഡ്ജറ്റുകളേക്കാൾ ആശാവഹമായിരിക്കും ഇതു് എന്നു അധികമാരും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ ആനിലയിൽനിന്നും നാം വളരെ ഉയർന്നുകഴിഞ്ഞു. ആധുനികകാലത്തിയിൽസാധാരണജനങ്ങൾപ്രതീക്ഷിക്കുന്നതു് അതിൽനിന്നുംവ്യത്യസ്ഥമായ ചില കാര്യങ്ങളാണു്. ഇന്നത്തെബഡ്ജറ്റിൽ സാധാരണ ജനങ്ങൾ നോക്കുന്നതു് സാമ്പത്തികവ്യവസ്ഥിതിയെ നിയന്ത്രിക്കുവാനായിട്ടു് വല്ല പരിപാടികളും അതിൽ ഉൾകൊള്ളിച്ചിട്ടുണ്ടോയെന്നാണു്. Social order എത്രമാത്രം നിയന്ത്രിക്കുന്നുണ്ടെന്നുള്ള തോതു് വച്ചുനോക്കുമ്പോൾ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിൽ വളരെയെല്ലാം കുറവുകൾ കണ്ടേക്കാം. എന്നിരുന്നാലും അതിൽ അദ്ദേഹത്തോടു നാം സഹതപിക്കാതെ നിവൃത്തിയില്ല. ഒരു ക്ലിഷ്ടപരിധിയിൽകൂടിയാണു് അദ്ദേഹത്തിനു ഈ അവസരത്തിൽ ബഡ്ജറ്റ് രൂപീകരിക്കുന്നതിനു് സഞ്ചരിക്കേണ്ടി വന്നിട്ടുള്ളതു എന്നു് എനിക്കറിയാം. ഇന്നത്തെ ബഡ്ജറ്റിനെ സംബന്ധിച്ചു ഈ അസംബ്ലിയുടെ അകത്തും പുറത്തും കേൾക്കുന്ന മുറവിളി ഇതൊരു സാധാരണക്കാരന്റെ ബഡ്ജറ്റല്ല എന്നുള്ളതാണു്. ഇതു ഒരു Poor Man's ബഡ്ജറ്റല്ല എന്നാണു പറയുന്നതു്. അതു പരിപൂർണ്ണമായിട്ടും ശരിയാണെന്നുള്ള അഭിപ്രായം എനിക്കില്ല. അതു് ഇവിടെ നടന്ന ബഡ്ജറ്റ പ്രസംഗത്തിൽനിന്നും ബഡ്ജറ്റ ഫിഗേഴ്സിൽനിന്നും ബഹുമാനപ്പെട്ട മെമ്പർമാക്കെല്ലാവക്കും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. ഭക്ഷണകാര്യം എന്ന ഒരിനത്തിൽതന്നെ ഗവന്മെണ്ടിനു വലിയൊരു സംഖ്യ ചിലവഴിക്കേണ്ടിവരുന്നുണ്ടു്. അതു ധനവാന്മാരുടെ അല്ലെങ്കിൽ മേൽതരക്കാരുടെ ഗുണത്തിനുവേണ്ടിയാണെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. അതു പ്രധാനമായും സാധാരണക്കാരുടെ ഉന്നമനത്തിനും മേന്മക്കും ആവശ്യത്തിനും ഉതകുന്ന ഒരു സംഗതിയാണു്. ആ ഒരൊറ്റ സംഗതിയെച്ചുനോക്കുമ്പോൾ തന്നെ ഈ ബഡ്ജറ്റ് ഒരുസാധാരണക്കാരന്റെ ബഡ്ജറ്റല്ല എന്നു് യാതൊരു ഭയവുമില്ലാതെ വിമർശിക്കുന്നതു് ശരിയായിരിക്കയില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഭക്ഷണകാര്യത്തെക്കുറിച്ചു് പലരും ഇവിടെ പല അഭിപ്രായങ്ങളും പുറപ്പെടുവിച്ചു കഴിഞ്ഞു. ബഹുമാനപ്പെട്ട കുറുങ്കളം മെമ്പർ ഒരു നിർദ്ദേശം ഇവിടെ തരുകയുണ്ടായി. അതുപോലെ എനിക്കും ഒരു അഭിപ്രായം ബഹുമാനപ്പെട്ട മന്ത്രിസഭാസമക്ഷം അവതരിപ്പിക്കുവാൻ തോന്നുന്നുണ്ടു്. അതു കഷ്കന്റെ രക്ഷക്കു ആവശ്യമായ ഒരു ആനുകൂല്യം ചെയ്യേണ്ട കാര്യമാണു്. ഇന്നു കഷ്കരുടെ ഇടയിൽ റവന്മെണ്ടിൽനിന്നു കൊടുക്കുന്ന നെല്ലുവിലയെ സംബന്ധിച്ചു വലിയ ആവലാതിയും ഒച്ചപ്പാടുമുണ്ടു്. നെല്ലിനു് ഇന്നു റവന്മെണ്ടു കൊടുക്കുന്ന വില തീരെ പോരാതെയാണു് ഇരിക്കുന്നതു്. അപ്രകാരം വില കുറച്ചുകൊടുക്കുന്നതുകൊണ്ടു് ബ്ലാക്കുമാർക്കറ്റ് അധികപ്പെടുന്നു. യഥാർത്ഥ കഷ്കനു യാതൊരു സഹായവും കിട്ടുന്നുമില്ല. നെല്ലുവില കുറച്ചുകൂടി കൂട്ടികൊടുത്താൽ അതു കഷ്കർക്കു് വലിയൊരു പ്രോത്സാഹനമായിരിക്കും. അയൽരാജ്യമായ തിരുവിതാംകൂറിലും ബ്രിട്ടിഷുമലബാറിലും ഉള്ളതിനേക്കാൾ വ്യത്യസ്ഥമായ ഒരു വില നമ്മുടെ നാട്ടിൽ നെല്ലിനു നിലനിർത്തുന്നതു ഒരിക്കലും ശരിയല്ല. "ബ്ലാക്കുമാർക്കറ്റ്", "ബ്ലാക്കുമാർക്കറ്റ്" എന്നു പറയുന്നുണ്ടെങ്കിലും അതും ഒരു "മാർക്കറ്റ്" തന്നെയാണു്. നെല്ലിനുള്ള ചില അസാധാരണമായ ശക്തികൾ ഉപയോഗിച്ചു് താഴ്ത്തിവെക്കുന്നതു് ബ്ലാക്കുമാർക്കറ്റിനു സൌകര്യവും പ്രോത്സാഹനവും കൊടുക്കുകയാണു് എന്നുവേണം പറയുവാൻ.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് നെല്ലിന്റെ ഒരു പറക്ക് ഏകദേശം രൂപ. യാണ് വില. ഈ വില കിട്ടിയതു കൊണ്ട് സാധാരണ കർഷകന്റെ കൃഷിച്ചിലവുതന്നെ നടത്തുവാൻ പ്രയാസമാണ്. നെല്ലിന്റെ ഒരു പറക്ക് രൂപയും രൂപയും വിലയുണ്ടായിരുന്നപ്പോൾ ഒരു ഏക്കർ കാള വാങ്ങിക്കുന്നതിന്റെ നടുക്കണ്ടം ഒരു ഏക്കറിന്റെ മതിയായിരുന്നു. ഇപ്പോൾ അതിനേക്കാൾ മോശമായ ഒരു ഏക്കർ കാളക്ക് ൨൦൦ രൂപ കൊടുത്താലും കിട്ടുകയില്ല. കാളക്കുതന്നെ പഴയതോതിനേക്കാൾ ഏഴിരട്ടിയും എട്ടിരട്ടിയും വിലക്കൂടുതൽ കൊടുക്കേണ്ടിവന്നിരിക്കുന്നു. എന്നാൽ നെല്ലിന്റെ വില പണ്ടത്തേതിലും രണ്ടിരട്ടിയോ മൂന്നിരട്ടിയോ മാത്രമാണ് വർദ്ധിപ്പിച്ചിരിക്കുന്നതു്. ഇന്നത്തെ നെല്ലുവില നാട്ടിലെ നട്ടെല്ലായ കർഷകരുടെ പരിതഃസ്ഥിതി നന്നാക്കുന്നതിന്ന ഒരിക്കലും ഉപകരിക്കുന്നില്ലെന്ന് പ്രസ്താവിക്കേണ്ടയിരിക്കുന്നു.

ഇവിടെ പുതിയ നികുതികൾ ഏർപ്പെടുത്തുന്ന കാര്യം പറയുമ്പോൾ അതു സാധാരണക്കാരെ "ഹിറ്റ്" ചെയ്യുന്ന ഒരേർപ്പാടാണെന്നാണ് പറയുന്നതു്. സാധാരണക്കാരെ "ഹിറ്റ്" ചെയ്യുന്ന ഒന്നാണ് സെയിൽസ് ടാക്സ് എന്നു പറയുന്നതു പരമാർത്ഥമാണെങ്കിലും, വിദ്യാഭ്യാസമിനത്തിലും ഭക്ഷണമിനത്തിലും വലിയ സംഖ്യകൊള്ളിച്ചിട്ടുള്ളതു സാധാരണക്കാക്കുവേണ്ടിയായതുകൊണ്ട് അവരും അതിൽ പങ്കുവഹിക്കാതെ നിവൃത്തിയില്ല.

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റപ്രസംഗത്തിൽ റിട്രെഞ്ച്മെണ്ടിനുള്ള പ്രായോഗിക നിർദ്ദേശങ്ങളും, വ്യക്തമായ നിർദ്ദേശങ്ങളും നൽകുന്നു എന്നു വരികിൽ അതിനെക്കുറിച്ച് ഗവണ്മെണ്ടു് ആലോചിക്കുന്നതാണ് എന്നു പറഞ്ഞു. റിട്രെഞ്ച്മെണ്ടുകാര്യത്തിൽ ഗവണ്മെണ്ടു് സ്വീകരിക്കേണ്ട നയത്തെ എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരും സ്പർശിച്ചു പ്രസംഗിച്ചിട്ടുണ്ട്. ചില ഡിപ്പാർട്ടുമെണ്ടുകളും ഗ്രൂപ്പു ചെയ്യുവാൻ സാധിക്കുമോ എന്നു നോക്കി അതു സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യണമെന്ന് ചില മെമ്പർമാർ അഭിപ്രായപ്പെട്ടതിനോട് ഞാനും യോജിക്കുന്നു. ബഹുമാനപ്പെട്ട തുശ്ശിവപേരൂർ വനിതാ മെമ്പർ പറഞ്ഞതുപോലെ വെറും താഴ്ന്നഉദ്യോഗസ്ഥന്മാരെ റിട്രെഞ്ച് ചെയ്യുകയും വലിയ ശമ്പളം വാങ്ങുന്ന അനാവശ്യ ഉദ്യോഗങ്ങളും നിലനിർത്തിക്കൊണ്ടുവരുകയും ചെയ്യുന്നതു് ആശാസ്യമല്ല. വെട്ടിച്ചുരുക്കാവുന്ന പല വലിയ ഉദ്യോഗങ്ങളും ഇപ്പോഴും നിലവിലുണ്ടെന്നു പറയാതെ നിവൃത്തിയില്ല. Top heavy nature of the administration-നെക്കുറിച്ചു പലരും വിമർശിക്കുകയുണ്ടായി. "പതിനെട്ടു പള്ളിക്ക് ഫൻ കപ്യാർ" എന്നുള്ള നിലയിലാണ് പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെണ്ടിലെ സ്ഥിതി എന്നു പറയേണ്ടി വരുന്നതിൽ ഖേദിക്കുന്നു. പല എക്സിക്യൂട്ടിവ് എഞ്ചിനീയർമാരുണ്ട്. ഇതിനു പുറമെ ചീഫ് എഞ്ചിനീയർ ഉണ്ട്. ഇവരുടെയെല്ലാം ജോലി എന്താണെന്ന് ക്ലിപ്തപ്പെടുത്താതെ കിടക്കുകയാണ്. ബഹുമാനപ്പെട്ട ഒരു മെമ്പർ പറഞ്ഞതുപോലെ മേൽത്തട്ടിൽ ഒരു കളിയാണുനടക്കുന്നതു്. ഇതിനു് ഒരു പരിഹാരം കാണാനായിട്ട് മന്ത്രിസഭ പരിശ്രമിക്കുമെന്നു വിശ്വസിക്കുന്നു. ഞാൻ അവസാനിപ്പിക്കുന്നതിനുമുമ്പായി ഒരു കാര്യംകൂടി പ്രസ്താവിച്ചുകൊണ്ട് എന്റെ സ്ഥാനം സ്വീകരിച്ചുകൊള്ളാം. ഇന്നത്തെ ജൂഡീഷ്യൽ ഡിപ്പാർട്ടുമെണ്ടിനു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും ചിലവു ചെയ്യുന്ന കാര്യത്തിൽ ഒരു ചിറ്റമ്മനയമാണ് തുടർന്നുവരുന്നതെന്ന് ഒരു പരാതിയുണ്ട്. അഭിഭാഷകന്മാരായി പേരും പെരുമയും സമ്പാദിച്ചിട്ടുള്ള വിദഗ്ധന്മാരായ മൂന്നുപേർ ഇന്നത്തെ മന്ത്രിസഭയിലുണ്ട്. ഇവിടത്തെ കോടതികളിലൊന്നും വക്കീലന്മാർക്ക് ശരിയായ Seating arrangement ഇല്ല. കക്ഷികൾ വന്നാൽ ഇരിക്കാൻ യാതൊരു arrangement-ും ഇല്ല. ഇന്നു ഏതെങ്കിലും ഒരു കേസ്സിൽ സാക്ഷിയായിവരുന്ന നിലയും വിലയുമുള്ള ഒരാൾക്കു ടിയാനെ വിസ്തരിക്കുന്നതുവരെ കഴിച്ചുകൂട്ടുവാൻ വളരെ പ്രയാസമായിരിക്കുന്നു. വെറും സിമൻറ തറയിന്മേൽ "ചമ്രംപടിയിട്ട്" ഇരുന്നു കഴിച്ചുകൂട്ടേണ്ട നിലയാണ് ഇപ്പോൾ കാണുന്നതു്. അവർക്ക് ഇരിക്കുവാനുള്ള സൌകര്യവും, അവർക്കും കക്ഷികൾക്കും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാൻ യൂറിനൽ, ലാട്രീൻ ഇതൊന്നും ഏർപ്പെടുത്തിയിട്ടില്ലെന്ന് സങ്കടസമേതം പറയേണ്ടിയിരിക്കുന്നു. ജൂഡീഷ്യൽ ഡിപ്പാർട്ടുമെണ്ടിൽനിന്നും ഉണ്ടാകുന്ന വരുമാനത്തെക്കുറിച്ചാലോചിക്കുമ്പോൾ ഈ അസൌകര്യങ്ങളൊന്നുമുണ്ടാകാൻ പാടില്ലാത്തതാണ്. Law and Justice എന്ന Head നോക്കുമ്പോൾ കാണുവാൻ കഴിയുന്നില്ലെങ്കിലും, കോർട്ടുഫീസ്സ് വലിയ ഒരു വരുമാനമായി സ്റ്റാമ്പ് ഇനത്തിൽ കാണാൻ സാധിക്കും. ൪ ലക്ഷത്തിൽ ചിലപ്പോൾ ഉറപ്പിക കോർട്ടുഫീസ്സ് ഇനത്തിൽതന്നെ ഗവണ്മെണ്ടിനു കിട്ടുന്നുണ്ട്. അതിനാൽ Litigant Public-നു വേണ്ട സൌകര്യങ്ങൾ ചെയ്യുന്ന കാര്യത്തിൽ ഗവണ്മെണ്ടു് ഒരു തരത്തിലും പിശുക്കു കാണിക്കാൻ പാടില്ല എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. M. Thomas]

എന്റെ അഭിപ്രായം. കൂട്ടത്തലായി പലതും പറയാനുണ്ടെങ്കിലും, സഭയുടെ അധിക സമയം നഷ്ടപ്പെടാതിരിക്കുവാനായി ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചു കൊള്ളുന്നു.

**Mr. K. K. Vasu Panicker** *(Manalur)*: Sir, We have had a brief survey of the economic condition of our State and the estimate of our income and expenditure and the proposals for the year. Much has been said about it and much has been discussed and now very little remains to be said. As the Minister for Finance has well put it, I too treaded the path of the wilderness of the Budget estimate and in the course of my journey I have received various impressions in my brain. But it is very difficult to disentangle them and put them in order. Feelings run riot in me, but still I would like to lay those impressions threadbare before this august Assembly.

On a superficial observation it will be seen that this is not a comon man's Budget. This budget of ours has no peculiarity except one or two. I will place before this House those two salient features: They are the retrenchment policy and the policy of taxation. The retrenchment policy, of course, is a policy very often adopted by Governments during times of anti-inflationary drive; and taxation is meant to reduce the purchasing power of the people. But when we think of reducing the purchasing power of the people we have got to take into account one thing. When owing to retrenchment and taxation the purchasing power and the expenses of the people are being reduced on the one hand, there is every tendency now in this State for prices to fluctuate on the other. Well, Sir, this is an economic paradox which we have not witnessed so far and which remains to be got over. To remove this economic paradox it is highly necessary that we should increase production in our country. Increased production can be had only through promotion of agriculture and industry—not only industrialisation of this country along with agricultural planning but all sorts of allied plans are to be implemented. Then only this paradoxical state of affairs can be obliterated. It is well known and an axiomatic truth in Indian economics that unless we foster agriculture in our country side by side with industrialisation, it will have a terrible repercussion on the economic, social and political aspect of this country. So I will appeal to this House that attention is to be paid to these things. Though items of agriculture and items of industry are set apart in the Budget I must say they are only a misnomer. It does not serve any purpose. Under the item of expenditure on agriculture we see arrangements for the supply of seeds and fertilisers and the rest. But that alone does not constitute agricultural planning or economic planning, for planning should not be interpreted to mean as mere drawing up of estimates and establishing departments, so, well-thought out planning is highly necessary. Unless we do things with definite plans before us, I am sure we are not going to succeed in governing this country. Already revolutionary forces are raising their heads simply to make use of their opportunity of capturing power by trying to make capital out of all sorts of discontents. So agriculture and industry are to be promoted, not only are they to be promoted, but we want all sorts of poverty to be wiped out from our country. Then alone can we have the least hope of governing this country satisfactorily. At the same time I will sound a note of warning that unless we have definite plans before us, unless we pool our resources to that extent, we will not succeed in implementing what we have in our minds. While fighting the uphill battle of elections we dreamt the dream of a State free from want, free from exploitation, a State in which our people would have in abundance the material and moral contents of a good life. But now the time is so short that we have not been able to contrive plans and include them in the present budget but still it does not remove that lingering hope in us.

Lastly, I may suggest one more plan *i. e.*, in promoting industry and agriculture side by side we have to contrive a good method of distribution also. A distribution scheme is to be best found in implementing co-operative societies and giving them financial aid from the State. Promotion of co-operative societies is being contemplated by our State. That is a gesture of progress. I cannot but admit it. Well, Sir, if we want to set up a new system of production, distribution and exchange within the country and such other allied subjects like nationalisation of industry and transport we have got to proceed on well thought schemes and plans. Otherwise we are not going to succeed in our endeavours. There is no use of a piecemeal attempt. This is a word of caution. I hope the Ministry will accept this word of caution and try to translate our dreams into a reality, on well designed and well thought out plan.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഇക്കൊല്ലം തിരഞ്ഞെടുത്തു വന്നിട്ടുള്ള മെമ്പർമാർക്ക് എല്ലാവർക്കും പ്രസംഗിക്കുവാനുള്ള സൌകര്യം വേണമെന്നു വിചാരിച്ചാണ് ഇതിനുമുമ്പ് പ്രസംഗിക്കാതെ ഇരുന്നതു്. മുഖവുരയായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. സമയം വളരെ ചുരുക്കമെ ഉള്ളു എന്നുള്ളതുകൊണ്ടു് എന്റെ പ്രസംഗം ഇവിടെ വായിക്കാമെന്നാണ് വിചാരിക്കുന്നതു്.

ഫ ഫ വ ന കക്കടകത്തിൽ ഫ ഫ വ ര ലേക്കു വേണ്ടി തയ്യാറാക്കിയ ഇടക്കാല ബഡ്ജറിനെ അടിസ്ഥാനമാക്കിയാണ് വ മാസത്തേക്കുള്ള ബഡ്ജറു് തയ്യാറാക്കിയിരിക്കുന്നതു്. എട്ടുമാസത്തിൽ ചെയ്യാൻ സാധിക്കത്തക്ക ചില ചില്ലറ ദേശോദ്ധാരണ പദ്ധതികൾ ഉൾക്കൊള്ളിച്ചും, കമ്മി നികത്തുവാൻ ചിലവു ചുരുക്കിയും, വരവു വർദ്ധിപ്പിക്കുവാൻ ചില പുതിയ നികുതികൾ ചുമത്തിയുമാണ് ഈ ബഡ്ജറു തയ്യാറാക്കിയിരിക്കുന്നതെന്നു ഫിനാൻസു മിനിസ്റ്ററുടെ പ്രസംഗത്തിൽനിന്നു മനസ്സിലാകുന്നു. ഇതിൽനിന്നു് ഇന്നത്തെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, കർഷകരുടെ ദുരിതങ്ങൾ മുതലായവക്കൊരു പരിഹാരം ഉണ്ടാക്കുവാൻ പര്യാപ്തമാണു് ഈ ബഡ്ജറു് എന്നു് ആരും വിചാരിക്കുകയില്ലല്ലൊ. എങ്കിലും ചില പ്രത്യേക സംഗതികൾ ഈ അവസരത്തിൽ ചൂണ്ടി കാണിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നു വിശ്വസിക്കുന്നു.

റിട്രെഞ്ച്മെൻറ്.—റിട്രെഞ്ച്മെൻറുകൊണ്ടു് ഫ ഫ ½ ലക്ഷം ഉറുപ്പിക മിച്ചമുണ്ടാകുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ശരി, റിട്രെഞ്ച്മെണ്ടിനെ അനുകൂലിക്കാം. എന്നാൽ റിട്രെഞ്ച്മെണ്ടു നയത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഉണ്ടാകാനിടയുള്ളതുമായ ചില അനീതികളേയും ക്രമക്കേടുകളേയും ചൂണ്ടിക്കാണിക്കാതെ തരമില്ല.

ഈ യുദ്ധകാലത്താണു് സർവ്വീസിൽ കൂടുതൽ ആളുകളെ നിയമിക്കേണ്ടി വന്നിട്ടുള്ളതു്. അങ്ങിനെ ഓരോ വകുപ്പിലും ഉദ്യോഗസ്ഥന്മാരുടെ എണ്ണം പെരുകി. യുദ്ധം അവസാനിച്ചിട്ടു് കൊല്ലം രണ്ടു മൂന്നു കഴിഞ്ഞു. യുദ്ധകാലത്തു നിയമിക്കപ്പെട്ടിട്ടുള്ളവരിൽ പലരേയും പിരിച്ചു വിടേണ്ടതായി വന്നേക്കും. അതിനുള്ള കാരണം ഓരോ ഡിപ്പാർട്ടുമെണ്ടിലും ഉണ്ടായിട്ടുള്ള ജോലിയുടെ കുറവു്; തൻമൂലം ആവശ്യമില്ലാത്ത തസ്തികകൾ വെച്ചുകൊണ്ടിരിക്കുന്നതുകൊണ്ടുള്ള അമിതവും അനാവശ്യവുമായ ധനവ്യയം. ഈ സ്ഥിതിക്കു് റിട്രെഞ്ച്മെൻറിനെ അനുകൂലിക്കുന്നു. എന്നാൽ യുദ്ധം തുടങ്ങുന്നതിനു് എത്രയോമുമ്പു് സർവ്വീസിൽ പെട്ട വളരെക്കൊല്ലത്തെ സ്ഥിരം സർവ്വീസുള്ളവരെ പിരിച്ചുവിടുവാൻ പോകുന്നു എന്നു കാണുന്നതു് പരിതാപകരമാണു്. അതിനൊരു ഉദാഹരണം ഇൻഡസ്ട്രിയൽ വകുപ്പാണു്. ആ വകുപ്പുതന്നെ നിർത്തൽചെയ്യാൻ പോകുന്നു. ആ വകുപ്പിലെ അദ്ധ്യാപകന്മാർക്കും മറ്റും പിരിഞ്ഞു പോകുന്നതിനുള്ള നോട്ടീസ്സുകൾ കൊടുത്തുകഴിഞ്ഞതായും അറിയുന്നു. അവരിൽ മിക്കപേരും സ്ഥിരം സർവ്വീസുള്ളവരാണു്. അവർ യുദ്ധം തുടങ്ങുന്നതിനു് എത്രയോ മുമ്പു സർവ്വീസിൽ പെട്ടവരാണു്. അങ്ങിനെയുള്ള അഞ്ചും, പത്തും ഇരുപതും, ഇരുപത്തഞ്ചും, മുപ്പതും കൊല്ലം സ്ഥിരം സർവ്വീസുള്ളവരെ യാതൊരു പരിഗണനകളും കൂടാതെ, പൊയ്ക്കോ; എന്നു പറഞ്ഞു് പിരിച്ചു വിടുന്നതിനെ ഞങ്ങൾക്കു് അനുകൂലിക്കാൻ സാധ്യമല്ല. യുദ്ധം കഴിഞ്ഞതിനുശേഷമുണ്ടായിട്ടുള്ള സാമ്പത്തികത്തകർച്ചു് ഈ കൊച്ചു കൊച്ചായിലും ബാധിച്ചിട്ടുണ്ടു്. ഈ സ്ഥിതിയിൽനിന്നു സ്റ്റോറിന്റെ സാമ്പത്തികനില ഉയർത്തണം. സംശയമില്ല. പക്ഷെ റിട്രെഞ്ച്മെൻറുകൊണ്ടുമാത്രംസാധിക്കാവുന്ന ഒരു കായ്മല്ല അതു്. മറെറാരു വശം പിരിച്ചു വിടലിനെ താഴെനിന്നു് മുകളിലേക്കു് ഒരുപോലെ ബാധകമാക്കേണ്ടതാണു്. തടിച്ച ശമ്പളവും കൊഴുത്ത വേതനവും വാങ്ങി അനേക വർഷം സർവ്വീസിൽ ഇരുന്നു്, മൂന്നു നാലു തലമുറകൾ കൂടി സുഭിക്ഷമായി കഴിയാനുള്ള സമ്പാദ്യം ഉണ്ടാക്കിയിട്ടുള്ളവരെ പിരിച്ചു വിടുന്നതിൽ അക്കം അതുപോലെയുണ്ടാവാൻ വഴിയില്ല. നേരെ മറിച്ചു് പാവപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ ചിലരെ പിരിച്ചുവിട്ടാൽപോലും അവർക്കു വേറെ തൊഴിലുണ്ടാക്കി കൊടുക്കുന്നതിനുള്ള ധാർമ്മികമായ ചുമതല ഗവർമ്മെണ്ടിനുണ്ടെന്നുകൂടി ഓർമ്മപ്പെടുത്തേണ്ടിയിരിക്കുന്നു. അതനുസരിച്ചു് പിരിച്ചുവിടൽ സ്റ്റോറിലെ തൊഴിലില്ലായ്മയെ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെ ആരാഞ്ഞുകൊണ്ടുവേണമെന്നുകൂടി പ്രത്യേകം നിഷ്കർഷിക്കേണ്ടിയിരിക്കുന്നു. അതിനു തയ്യാറില്ലാതെ റിട്രെഞ്ചുചെയ്യുന്നതു് ശരിയായ നയമായിരിക്കുകയില്ല.

പുതിയ നികുതികൾ.—ആദായനികുതിയും സൂപ്പർ നികുതിയും കൂട്ടാവുന്നതാണു്. അതെ സമയത്തു സെയിൽസ്ടാക്സു് (വില്പനനികുതി) വർദ്ധിപ്പിക്കുന്നതു ശരിയല്ല. അതു് പാവപ്പെട്ടവരുടെ വയറടിത്തടിയാണു്. അതു് അവരുടെജീവിതത്തെ സാരമായി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Kannan].

സ്പർശിക്കുന്ന ഒന്നാണ്. അഞ്ചൽ കവറുകളുടേയും മറ്റും നിരക്കു വർദ്ധിപ്പിക്കുന്നതി നോട് യോജിക്കുവാൻ നിവൃത്തിയില്ല. പുകയില, അടക്ക, ചകിരി എന്നീ സാധനങ്ങൾ ക്കു വില്പനനികുതി ചുമത്തുകയെന്നതു് ആശാസ്യമല്ല. തൊഴിലില്ലായ്മ വർദ്ധിച്ചു വരുക യും അങ്ങിനെ സാമ്പത്തികമായ ദുരിതം ക്രമാതീതമായി അനുഭവിക്കുകയും ചെയ്യുന്ന ദരിദ്രല ക്ഷങ്ങളിൽനിന്നു് മേല്പറഞ്ഞ നിത്യോപയോഗസാധനങ്ങൾക്കുകൂടി നികുതി വാങ്ങുന്ന തു് ഒരിക്കലും അനുവദിക്കത്തക്കതല്ല.

൩. കയർ വ്യവസായം പോഷിപ്പിക്കണം.—കയർ വ്യവസായം കടൽത്തീരപ്ര ദേശങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ തുടങ്ങേണ്ടതാണു്. സ്റ്റോറിൽവെച്ചു് ഏറ വും കൂടുതൽ തൊഴിലില്ലായ്മ ജനങ്ങളെ ബാധിച്ചിട്ടുള്ളതും പട്ടിണിയും ദാരിദ്ര്യവും അനുഭ വിക്കുന്നതും കടൽത്തീര പ്രദേശങ്ങളിലാണു്. അവിടങ്ങളിൽ കയർ വ്യവസായം സഹകര ണാടിസ്ഥാനത്തിൽ വികസിപ്പിക്കുകയാണെങ്കിൽ തൊഴിലില്ലായ്മയ്ക്കു് പരിഹാരമുണ്ടാക്കാൻ കഴിയും. അങ്ങിനെയുള്ള പ്രദേശങ്ങളിൽ മത്സ്യവ്യവസായത്തേയും പരിപോഷിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നടപടികൾ എടുക്കേണ്ടതാണു്. ശരിയായ ഒരു സാമ്പത്തിക പ്ലാനിന്റോടുകൂടിയല്ലാതെ, കർഷകത്തൊഴിലാളി പ്രശ്നങ്ങളെ അഭിമുഖീകരിക്കുക സാദ്ധ്യ മല്ല.

൪. അധഃകൃതോദ്ധാരണം.—(എ) വിദ്യാഭ്യാസം.—അധഃകൃതരുടെ വിദ്യാഭ്യാ സത്തിന്നു് ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുക ൪ മാസത്തേക്കു് ൫൫,൦൦൦ രൂപയും വർ ഷത്തേക്കു് ൨൨,൪൨൦ രൂപയുമാണു്. അങ്ങിനെ ൧൯൫൫-ലേക്കു് അധഃകൃതരുടെ വിദ്യാഭ്യാസത്തിന്നുവേണ്ടി തുക കൊള്ളിച്ചിട്ടുള്ളതു്: മുൻകൊല്ലത്തേ തിൽനിന്നു് ൧൦,൭൨൦ രൂപ തുക. മാത്രമാണു് കൂടുതൽ ഈ ഇനത്തിൽ കൊള്ളിച്ചിട്ടുള്ളതു്. ഇതു് വിദ്യാർത്ഥികളുടെ ഇന്നത്തെ ആവശ്യങ്ങൾക്കു മതിയാവുകയില്ല. ൧൯൫൦-ൽ പരം വരുന്ന അധഃകൃത വിദ്യാർത്ഥികൾക്കു് വിദ്യാഭ്യാസത്തിന്നു മതിയായ തുക അനുവദി ക്കേണ്ടതാണു്.

(ബി) അധഃകൃത പരസ്പരസഹായസംഘങ്ങൾ അധഃപ്പതിച്ചുവരുന്നു. ഗവർമ്മെണ്ടി ന്റെ പ്രോത്സാഹനമില്ലായ്മയും, അനാസ്ഥയുമാണു് അതിന്നു കാരണം. അവയുടെ പുന രുദ്ധാരണത്തിന്നുവേണ്ട നടപടികൾ എടുക്കേണ്ടതാണു്.

(സി) Special contribution for development of Cottage Industries in depressed class colonies.—ഇങ്ങിനെ ഒരിനം ബഡ്ജറ്റിൽ ഉണ്ടു്. പക്ഷെ സംഖ്യ ഒന്നുംതന്നെ ആ ഇനത്തിൽ കൊ ള്ളിച്ചിട്ടില്ല. ൧൯൫൫-ൽ രണ്ടായിരം ഉറുപ്പിക അക്കൗണ്ടു ചെയ്തതായി കാണുന്നുണ്ടു്.

Reorganisation of Factories in colonies.—ഇങ്ങിനെയും ഒരിനം ബഡ്ജറ്റിൽ പുസ്തകത്തിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. പക്ഷെ അതിലും കാശില്ല. ൧൯൫൫-ൽ ൫,൦൦൦ ഉറുപ്പിക അക്കൌണ്ടു ചെയ്തതായി കാണുന്നുണ്ടു്. ൧൯൫൬-ൽ ൧,൫൦൦ രൂപ ബഡ്ജറ്റിൽ ഈ ഇ നത്തിൽ കൊള്ളിച്ചിരുന്നു. ഇക്കൊല്ലം ഒന്നുമില്ലാത്തതു് ഫാക്ടറികൾ നന്നായി നടക്കുന്ന തുകൊണ്ടാണെന്നു് പറയുവാനും തരമില്ലാത്ത നിലയിൽ അവയും അധഃപ്പതിച്ചു വരിക യാണു്.

Special contribution for Rural Development.— ഈ ഇനത്തിലും സംഖ്യ ഒന്നുമില്ല. ൧൯൫൫-ൽ ൫,൦൦൦ രൂ. ഈ ഇനത്തിൽ ചിലവു ചെയ്തതായി കാണുന്നുണ്ടു്. ഇക്കൊല്ലം യാതൊരു സംഖ്യപോലും ആ ഇനത്തിൽ കൊള്ളിച്ചിട്ടില്ല. ഉദ്ധാരണപരമായ മേല്പറഞ്ഞ കാര്യങ്ങൾ ക്കുവേണ്ടി തുക കൊള്ളിക്കാതിരിക്കുന്നതു് ഒരിക്കലും അഭിലഷണീയമല്ല. വിപുലമായ തോതിൽ കുടിൽ വ്യവസായങ്ങൾ ഏർപ്പെടുത്തുന്നതിനും തൊഴിലുണ്ടാക്കി കൊടുക്കുന്നതി നും ഉള്ള പദ്ധതികൾ അധഃകൃതരുടെ സങ്കേതങ്ങളിൽ ഗവർമ്മെണ്ടു് ആരംഭിക്കേണ്ടതാണു്.

അധഃകൃത വകുപ്പിന്റെ പ്രവർത്തനങ്ങൾ വളരെ അതൃപ്തികരമാണു്. അതി നെ ക്രമീകരിക്കുകയും ഉത്തേജിതമാക്കുകയും ചെയ്യുക എന്നതു് ഇന്നത്തെ പല അടി യന്തിരാവശ്യങ്ങളിൽ ഒന്നാണെന്നു് ഊന്നി പറഞ്ഞുകൊണ്ടു് പ്രസംഗം അവസാനിപ്പി ക്കുന്നു.

മിസ്റ്റർ കെ. എൻ. പച്ചയപ്പ കവുണ്ടർ: പ്രസിഡണ്ടു്, സർ, ഇന്ത സംസ്ഥാനത്തിൽ പൊതുജനങ്ങൾക്കു ആവശ്യമായ കുറെ നല്ല കാര്യങ്ങളും ചെയ്യേണ്ടിയതാക ഇരുക്കിറതു്. അതു രാഷ്ട്രീയത്തിൽ എല്ലാ ജനങ്ങൾക്കും അനുഭവിക്കേണ്ടിനപടി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യവേണ്ടിയതിക്കാക കവർമ്മെണ്ടിലിരുന്നും പണം ചിലവുചെയ്യവേണ്ടും. ഇപ്പോതു നമ തു രാച്ചിയത്തിൽ പട്ടാളം, പോലീസു് ഇവൈകളക്കെല്ലാം ഏരാളമാക പണം ചിലവുചെ യ്യതാക ഇപ്പോതുള്ള ബഡ്ജററിലിരുന്തു കാണുകിറതു്. ഇന്ത ചിലവൈയും വിവചായത്തി ക്കാക ചിലവുചെയ്യും തുകയെയും മറവു ഇനങ്കളുക്കു ചെയ്യും ചിലവുകളൈയും താരതമ്മി യപ്പെട്ടത്തി പാത്താൽ മലൈക്കും മടവുക്കും ഉള്ള വിത്തിയാചം കാണുകിറതു്. മകാത്മാ കാന്തിയടികൾ ഇന്തിയാവിൻ സ്വാതന്തിരിയം അഹിംചാ തവമത്താൽതാൻ ചമ്പാതി ത്താർ എൻപതു നാം മാത്തിരമല്ല ഉലകംപൂരാവും അറിന്തവിഷയം. അതൈകയാൽ അവ രുടൈയ തതചങ്കൾ അനൈത്തയും അപ്പടിയെ തവറാമൽ കൈപ്പററി നടക്കക്കൂടിയ കാൺ കിറസ്സാരാകിയ നാം (പിറജാമണ്ടലക്കാർ) പട്ടാളം, പോലീസു മുതലിയവൈകളുക്കാക ഇ പ്പിതം ഏരാളമാക പണം ചിലവുചെയ്യവേണ്ടിയതില്ലൈ. അഹിംസാ തവമത്താൽ എന്ത പെരിയ കാരിയങ്കളും നടൈപെറമെൻകിറതു നമക്ക അനുപവസിത്തമായിരുക്കിറതു്. നി ക്ക, കാന്തിയടികളിൽ നല്ലവഴികളൈ കൈപ്പററിനടക്കക്കൂടിയ നാം രാമരാച്ചിയത്തൈ കാ ണവേണ്ടുമാനാൽ നംനാട്ടിൽഉള്ള ജനങ്കൾ അവ്വളവുപേരും നല്ല ജനങ്കളാകവേണ്ടും. ഇ തുതാൻ ഇപ്പോതു ഉണ്ടാകവേണ്ടിയ എണ്ണമും. അതിനാൽ മറവും പലവിത നല്ല കാരിയ ങ്കളുക്കാക പണം ചിലവുചെയ്യവേണ്ടുമെൻറ നാൻ കവർമ്മെണ്ടാരിടത്തിൽ കേട്ടുക്കൊൾ കിറേൻ.

ഇത്തുടൻ ചിറവൂർ താലൂകാവിൻ വിഷയത്തിൽ ചില കാരിയങ്കൾ എനക്ക ചൊല്ല വേണ്ടിയിരുക്കിറതു്. ചിറവൂർ താലൂക്കിലുള്ള വിവചായങ്കളുക്കെ പരംപരൈയാക പാർ ത്താൽ പല കതൈകളും ഉണ്ടു. അപ്പേർപെട്ട വിവചായങ്കളിൽ മുക്കിയമാനതു നെൽകി രുഷി വിവചായം. അവിടത്തിൽ നഞ്ചൈ, പുഞ്ചൈ (നഞ്ചൈ എൻറാൽ വെറു് ലാൻ ഡ്സ്; പുഞ്ചൈ എൻറാൽ ഡ്രൈ ലാൻഡ്സ്) ഇവൈകൾ ചരിവര കിരുഷിചെയ്യ വരുവതാനാൽ ഇപ്പോതു കിടൈക്കുകിറതിലും അതികമാക നാലു അഞ്ചു മടങ്കു നെൽ കി ടൈക്കും. ആനാൽ അതർക്ക പരിശ്രമമായുള്ള കിരുഷി ചംപ്രതായം ചെയ്യവേണ്ടും. മിഷ്യൻ കലപ്പൈ (മോട്ടാർ ട്രാക്ടർ) പോറിംഗ് മിഷ്യൻ, പൂമിയൈ ഒപ്പമാക്കും മി ഷ്യൻ (ലവലിംഗ് മിഷ്യൻ) കറണ്ടു് ഇവൈകൾ ഉപയോകപ്പട്ടത്തിനാൽ കൂടിയ ചീ ക്കിരത്തിൽ നെൽ വിവചാത്തുക്ക അപിവിരുത്തി കിടൈക്കും എൻറ എന്നാൽ കവർമ്മെ ണ്ടരിടത്തിലും, മന്തിരികളിടത്തിലും കണ്ടിപ്പാക ചൊല്ല മുടിയും. അതിനാൽ ഇന്ത വി ഷയത്തിൽ കവർമ്മെണ്ടു വേണ്ടുംപിറകാരം ചിറത്തൈ എടുക്കവേണ്ടും.

ഇനി, ഇറികേഷൻ വിഷയത്തൈപ്പററി ചൊല്ലുവതാനാൽ ചിറവൂർ താലൂക്കിൽ പ തിനേരു മൈനർ ഇറികേഷൻസുണ്ടു. അന്ത പതിനേരു അണൈക്കെട്ടുകളും ചരിയാ നപടിക്ക ഉപയോകപ്പടുംപക്ഷത്തിൽ കൂടുതലാന പിറയോചനം കിടൈക്കും. എൻപ തിൽ ചന്തേകമേയില്ലൈ. അന്ത പതിനേരു അണൈക്കെട്ടുകളിൽ മൂൻറ എണ്ണും നാലു വരുഷത്തുക്കുമുൻ, അതാവതു യുത്തം വന്തപ്പോതയം ഡിഫൻസു് ആഫ് ഇന്ത്യാ ആക്ട് പിറ കാരം ടെമ്പററി മാനേജുമേന്തുക കവർമെണ്ടാർ ഏറവഎടുത്തുക്കൊണ്ടാർകൾ. പിർപ്പാടു അ തുവിഷയമാക ഉള്ള വരുമ്പടിയിൽ അണൈ ചൊന്തക്കാരർകളുക്കു ഒരു താഴു കാമും കൊടു ക്കവില്ലൈ. അതുമാത്തിരമല്ല വരവുചിലവു കണക്കുകളാവതു കൊടുത്തു പോത്തിയപ്പെടുത്തി നാർകളാ എൻറാൽ അതുവുമില്ലൈ. ഇപ്പടി യാതൊൻറും ഇല്ലാമൽ പെരിയ കുഴപ്പമാക ത്താൻ ഇപ്പോതും ഇരുന്തു വരുകിറതു്. ടി കാരണങ്കളൈയും, ഇന്നം എവ്വളവൊ വിഷയ ങ്കളൈയുമെല്ലാം കാൺപിത്തു ടെപ്യൂട്ടേഷൻസു് മന്തിരിയാർകളിടത്തിലും, അതക്കുമുൻ തിവാൻചി അവർകളിടത്തിലും, ചീഫ് എഞ്ചിനീയർ അവർകളിടത്തിലും അടിക്കടി എ ത്തിക്കവും ചെയ്തുണ്ടു. പിർപ്പാടു ഇതുവരൈക്കും അവിഷയത്തിൽ യാതൊരു കണക്കുക കളും കൊടുത്തു പോത്തിയംചെയ്യവൊ, വരവിൽ ഏതാകിലും അണൈക്കെട്ടുക്കാർകളുക്കു കൊടുക്കവൊ ഇല്ലൈ. ഇന്തപിറകാരമുള്ള ഏർപ്പാടുകൾ ഇവ്വിതമുള്ള ഒരു കവർമെണ്ടുക്കു മോചമാന നടപടിയാകുമെൻറ നാൻ തിട്ടമാക ചൊല്ലുകിറേൻ.

അതിനാൽ കൂടിന ചീക്കിരത്തിൽ മേൽചൊന്ന എട്ടു അണൈക്കട്ടുകളും കൂട കവർമെണ്ടു ഏറവഎടുത്തുക്കൊണ്ടാൽ അവിടത്തു നെൽ വിവചായം അപിവിരുത്തിയാകുമെൻപതിൽ ച ന്തേകമില്ലൈ. കവർമെണ്ടു അപ്പടി ചെയ്യാമൽപോനാൽ പണക്കാരരായിരുക്കപ്പെട്ടവർ കൾ ചാതുക്കളാന ടെനൻറുകളൈ (ടെനൻറ്സു്) അതികമാക കഷ്ടപ്പെട്ടത്തുകൂടും.

ഇപ്പോതു ടെനൻറുസും മറവ വേലൈ ആൾകളും കിരുഷിക്കു ഉവചിയമാനപടിക്കു തണ്ണീർ കിടൈക്കാമൽ ചങ്കടപ്പട്ടവതുണ്ടു. ചില പേർകൾ, പണക്കാരരായിരുക്കപ്പെട്ടവർകൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. N. Pachayyappa Kounder].

കീഴ നിലങ്ങളക്ക തണ്ണീർ കൊടുക്കാമൽ മടൈകളൈ അടൈക്കിറാർകൾ. അതൈപ്പ ററി അവർകളിടത്തിൽ ചാതുക്കളാന ആൾക്കൾ പരാതിചൊൽവതാനാൽ "കോടതിക്ക പോ, കേസുകൊട" എൻറ ചൊല്ലിവിടുകിറാർകൾ. ഇപ്പടി അവർകൾ മടൈകളൈ അടൈത്തുക്കൊണ്ട ചാതുക്കളാന മററ ആൾക്കളൈ കഷ്ടപ്പടുംപടി തണ്ണീർകൊടുക്കാമലിരുപ്പതിക്ക വേണ്ടിയ നിവർത്തിചെയ്യവേണ്ടും. ഇതുകളുക്കെല്ലാം "പണം ഇല്ലൈ" എൻറ കവർമെണ്ട ചൊൽവതാനാൽ ചാതുക്കളുക്ക എന്ന കതി? അതിനാൽ വിവചായികളുടൈയ കീഴുള്ളിയൈ ഇപ്പടി ചിലർ മടക്കംവരുത്തുവതിൽ കവർമെണ്ട കണ്ടിപ്പാകവെ കവനിക്കവേണ്ടുമെൻറതാൻ എനക്ക ഇവ്വിഷയത്തിൽ ചൊല്ലവേണ്ടിയിരുക്കിറതു". ആകൈയിനാലെ മീതിയുള്ള എട്ടണൈക്കെട്ടകളും കൂടിന ചീക്കിരത്തിൽ കവർമെണ്ട ഏററ എടുക്കവേണ്ടും.

മിസ്റ്റർ കെ. അയ്യപ്പൻ: ബാക്കിയുള്ള അണക്കെട്ടുകളുംകൂടി ഗവർമെണ്ട് ഏറെറടുക്കണമെന്നാണോ പറയുന്നതു"?.

മിസ്റ്റർ കെ. എൻ. പച്ചയപ്പ കവുണ്ടർ: ആം. ഇപ്പോയു മുടങ്കിയിരുക്കിറ എല്ലാ അണൈക്കെട്ടുകളും ചരിയാനപടി ഉപയോകപ്പെട്ടുത്തവേണ്ടുമാനാൽ ഇറികേഷൻ പോർഡു മാത്തിരംകൊണ്ടു ചാത്തിയമാകാതു. അവ്വിതം മുടക്കംചെയ്തിരുപ്പവൈകളൈ തിറക്കുംപടിക്ക അതികാരമുള്ള ഒരു കവർമെണ്ട ആപ്പീചറെ വൈക്കവേണ്ടും. അതർക്കാക പെരിയ ഒരു ചിലവും ഇല്ലൈ. കൊച്ചി കവർമെണ്ട "പണം ഇല്ലൈ" എൻറ ചൊല്ലവതു ചരിതാൻ എൻറ നാനും ചമ്മതിക്കിറേൻ. ആനാൽ അതിക പിറയോചനമും, പൊതുജനങ്കളുക്ക ആവചിയവുമാന കാരിയങ്കളുക്കു "പണം ഇല്ലൈ" എൻറ ചൊൽവതു ചരിയല്ല. എവ്വിതത്തിലും ഇപ്പടിപ്പട്ട കാരിയങ്കളുക്കു വേണ്ടപടി ചകായങ്കൾ കവർമെണ്ട ചെയ്യവേണമെൻറതാൻ എന്നുടൈയ അപിപ്രായം.

ചിറവൂർ താലൂക്കിൻവിഷയത്തിൽ എഡ്യുക്കേഷനൈപ്പററിയും എനക്ക ചൊല്ലവേണ്ടിയിരുക്കിറതു. (എഡ്യുക്കേഷൻ) പഠിപ്പു കൊച്ചിൻസ്റ്റേറ്റിൽ അതികമാക ഉണ്ട എൻറ ചൊല്ലവതു ചരിതാൻ. അതു എല്ലാ പക്കങ്കളിലും ഒരുവിധമാക ഇല്ലൈ. ഉണ്ടവനുക്കേ മറപടിയും ഉണവു കൊടുക്കിറതല്ലാമൽ പട്ടിനി കിടക്കിറവനുക്ക ഉണവു കൊടുപ്പതില്ലൈ. പട്ടിനിക്കാറനുക്ക പട്ടിനിയേതാൻ. കൊച്ചിരാച്ചിയത്തിൻപേരിൽ പൊതുവാക പഠിപ്പു അതികമെൻറ ചൊന്നാലും ചിറവൂർ താലൂക്കിൽ അതുവിഷയംപാർത്താൽ ചിലുവൈ അടയാളം, അല്ലതു വട്ട പൂജ്യം (0) താൻ. പഠിപ്പു ചരിയാക ഇല്ലാത്തതാൽ ക 0 പരൈ എങ്കിറതിർക്കു ഖ 0 പരൈ എൻറ എഴുതിനാലും ചാതുക്കളുക്കു അറിയ മാക്കമില്ലൈ. പഠിപ്പു ഇല്ലാതതുതാൻ അതർക്ക കാരണം. അതിനാൽ അവിടത്തിൽ കട്ടായപഠിപ്പു (കംപൽസറി എഡ്യുക്കേഷൻ) ഏർപ്പടുത്തവേണ്ടും. തുച്ചൂർവനിതാ മെമ്പർ ചിറവൂരിൽ കോളേചു ആവചിയമില്ലൈ എൻറ ചൊന്നാർ. ഇതു എപ്പടിയിരുക്കെൻറാൽ പാലുക്കു ചക്കരയില്ലൈ എൻപാർക്കും, കുഴക്കു ഉപ്പില്ലൈ എൻപാർക്കും, കാലുക്കു ചെരിപ്പില്ലൈ എൻപാർക്കും വിചനം ഒൻറതാൻ എൻപതുപോൽ ഇരുക്കിറതു". അതുകൾ ഇല്ലാവിട്ടാൽ ഏർപ്പടക്കൂടിന കഷ്ടവും തോഷവും അവാളവാളുക്കു തെരിയുമല്ലാമൽ അതൈപ്പററി അറിയാതവർകളുക്കു തെരിയവരാതു". അതിനാൽ ചിറവൂർ താലൂക്കിനുടൈയ ചങ്കതിയിൽ അവർകൾചൊന്നതു ചാമത്തിയമാകവില്ലൈ. അവിടത്തു എഡ്യുക്കേഷനുടൈയ പൊസിഷൻ എവ്വിതമെൻറ അവർകൾ നേരിൽ പാർത്തിരുക്കമാട്ടാർകൾ എൻറേ എനക്കു തിരുടമാക നമ്പവും ചൊല്ലവും മടിയും. (ചിരിപ്പു) ചിറവൂർ താലൂക്കിൽ കോളേചു വേണ്ടാമെൻറ ചൊൽവതു ചരിയല്ല. ഇതക്കു എനക്കു അവർകളൈ തെരുവിക്കവേണ്ടിയതു "നീങ്കൾ പിച്ചൈ കൊടുക്കാവിട്ടാലും നായൈ വിടാമൽ പിടിച്ചു കെട്ടിക്കൊണ്ടാൽ പോതും" എൻറതാൻ. ചിറവൂരിൽ കോളേചു രൊമ്പവും ആവചിയമായുള്ളതെൻറേ അവിടത്തു വിഷയം അറിവുള്ള ആളുകളുക്കു പോതിക്കും.

അഗ്രികൾച്ചർ ഡിപ്പാർട്ടുമെണ്ട ചമ്മന്തമാക വളം കൊടുക്കിറ ചങ്കതിയൈപററിയും ചൊല്ലവേണ്ടിയിരുക്കിറതു. അവിടത്തിൽ ഒരു ഏക്കറുക്കു ഇവ്വളവു വളമെൻറും, അതു ഇന്നായിന്ന വളം എൻറും ഒരു തിട്ടമാന ഏർപ്പാടുചെയ്യവരുവതില്ലൈ. വളം ചരിയാക കിടൈക്കാമലിരുപ്പതിർക്കും, ആവചിയമാനപടി വളംഎല്ലാവൊ അതു കൊടുക്കാമലി

LIBRARY ARCHIVES Kerala Legislative Assembly

രുപ്പതിക്കും പെരിയ ആവലാതികൾ അവിടത്തെ കിരുഷിക്കാർക്കുള്ളതു. ഇപ്പോഴത്തെ ഏക്കറിനു അര മൂടൈ വീതം വളം കിടൈപ്പതു പോരാതു. "നല്ല പചിയായിരുപ്പവർകളുക്കു കൊഞ്ചം ചാപ്പാട്ടു പോട്ടാൽ പചി അതികമാകത്താനിരുക്കും:, ചരിയാക ചാപ്പാട്ടു പോട്ടാൽ തിരുപ്തിയാകും". അതുപോൽ കുറൈവാക വളം പോട്ടാൽ കിരുഷി അപിവിരുത്തിപ്പെടുവതു അചാത്തിയമാകും. അതിനാൽ എവ്വളവു വളം ആവചിയമൊ അവ്വളവും ചമയാചമയങ്കളിൽ കൊടുക്കപ്പെടിന ഏർപ്പാടുകൾ ചെയ്യവേണ്ടിയതു. അതു ഏതേതുക്കു ഏതേതു വളം പോടണമൊ അതുതാൻ കൊടുക്കവും വേണം. ഇന്ത വിഷയത്തിൽ കവർമെണ്ടു കൂടതലാക കവനിക്കുംപടിക്കു നാൻ കേട്ടുക്കൊൾകിറേൻ.

ഇനി നെല്ലു വിലൈ കൂട്ടലൈപ്പറ്റി ചൊൽവതാനാൽ യുത്തത്തുക്കു മുൻ ഒരു വണ്ടി നെല്ലുക്കു 80 രുപായു് ആകയിരുന്തതു്. കൂലിയും 20 അല്ലതു 25 അന്നാവുക്കു കൂടതൽ കൊടുക്കവേണ്ടിയതുമില്ലൈ. ഇപ്പോഴത്തെ കൂലിയാനാൽ മുൻ ഇരുന്തതിലും നാലഞ്ചു മടങ്കു അതികമാകയിരുക്കിറതു. അതർകു അവർകൾ ചൊല്ലുകിറ കാരണം അരിചി വിലൈ അതികമാക ഇരുക്കു എൻറതാൻ. കവർമെണ്ടു വാങ്കുകിറ നെല്ലുക്കു വിലൈ രൊമ്പവും കുറൈവാക കൊടുക്കിറതും, അതൈ കവർമെണ്ടു വിർപനൈ ചെയ്യുംപോഴത്തെ കൂടതൽ വിലൈ വാങ്കുവതും ആകയിരുക്കിറതു. അവ്വിതം കവർമെണ്ടുക്കു ലാപമുണ്ടാകിറതേ തവിര കിരുഷിക്കാർകളുക്കു നെല്ലുക്കു ചരിയാനപടി വിലൈ കവർമെണ്ടു കൊടുപ്പതില്ലൈ. അപ്പടിയിരുന്തും കൂലിക്കാർകളുക്കു കൂടതൽ കൂലികൊടുക്കവും വേണ്ടിയിരുക്കിറതു. അതുക്കെല്ലാം കാരണമാന നെല്ലുവിലൈയൈപ്പറ്റി കവനിച്ചു ചാതുക്കളിടമിരുന്തും വാങ്കുകിറ നെല്ലുക്കു ചരിയാന വിലൈ കവർമെണ്ടു കൊടുക്കവേണം.

ഇപ്പോഴത്തെ അഗ്രികൾച്ചറൽ ഇൻകംടാക്സ് കിരുഷിക്കാരിടമിരുന്തു പിരിക്കവേണ്ടിയ ഏർപ്പാടുകൾ കവർമെണ്ടു തുടങ്കപ്പോകിറതു. അതേ ചമയം ഉൽപാതനവസ്തുക്കൾ ജാസ്തിയാകുംപടിക്കുള്ള യാതൊരു ഏർപ്പാടുകളും ചെയ്തിറതുമില്ലൈ. ഉൽപാതനവസ്തുക്കൾ അപിവിരുത്തി ചെയ്യകൂടിന ഏർപ്പാടുകൾ ചെയ്യാമൽ ഇവ്വിതം ടാക്സ് പിരിക്കകൂടിന നിയമം വരുത്തുവതു ചരിയല്ല. കവർമെണ്ടു ഇന്ന വസ്തുക്കു ഇന്ന വിലൈ എൻറ തിട്ടംചെയ്യവും, അന്തവസ്തു കൂടതലാക ഉൽപാതനം ചെയ്യവേണ്ടിയ ഒത്താചൈകൾ ചെയ്യാമലിരുക്കവും ചെയ്യവരുവതാനാൽ ഇപ്പടിപ്പെട്ട ടാക്സ് പിരിക്കുംപടിക്കുള്ള നടപടികൾ ഒരു വിതത്തിലും ചരിയല്ല എൻറ താൻ എനക്കു തെരുവിക്കവേണ്ടിയിരുക്കിറതു. ഒരു വിവചായിലാൻറ ടാക്സ് കൊടുക്കുംപോഴത്തെ അഗ്രികൾച്ചർ ടാക്സും കൊടുത്തവേണ്ടിവന്താൽ ഒരേ വിഷയത്തർക്കു രണ്ടു ടാക്സ് ചെലുത്തച്ചൊൽവതു ന്യായമും അല്ല, ചട്ടവിരോതമാനതെൻറും കൂട ചൊല്ലുകിറേൻ. അതു മാത്തിരമല്ല ഒരു വിവചായി തൻ ഉർപ്പത്തി താനിയങ്കളൈ അവനുടൈയ ഇഷ്ടംപോൽ എന്ത മാർക്കെറിലും വിർപ്പതിർക്കു വിടാമൽ കവർമെണ്ടു കുറൈന്തവിലൈക്കു കട്ടായപ്പടുത്തി വാങ്കിക്കൊള്ളുകിറാർകൾ. ആകൈയാൽ ഇത്തിനൈയും കാരണങ്കളാൽ അഗ്രികൾച്ചറൽ ഇൻകംടാക്സ് ചുമത്തുവതു ചരിയല്ല എൻറ നാൻ ഇപ്പൊഴുതുള്ള മന്തിരി ചപയൈയും കവർമെണ്ടാരൈയും തെരിയപ്പടുത്തിക്കൊണ്ടു നമതു ഏഴൈ വിവചായികളൈ ഇൻകംടാക്സിലിരുന്തു ഒഴിവാക്കവേണ്ടുമെൻറ കേട്ടുക്കൊള്ളുകിറേൻ.

മലപാറിൽ നെൽവിലൈ ഒരു വിതം ഇരുക്ക. ഇവിടത്തു വിലൈ അതിലും കുറവാക ഇരുക്കിറതു. അതു ചരിയല്ല. അതിനാൽ മലപാറിലുള്ള നെൽവിലൈപ്പടി ഇവിടത്തിലും നെല്ലുക്കു കവർമെണ്ടു വിലൈ കൊടുക്കവേണ്ടും. അരിചിയുടൈയ വിലൈ കൂടതൽ വാങ്കുവതർൽതാൻ കൂലി അതികപ്പടുകിറതു. രണ്ടുമുക്കാൽ രുപായ്കു കവർമെണ്ടു കിരുഷിക്കാരിടമിരുന്തും നെല്ലു വാങ്കുവും രണ്ടുകാൽ രുപായ് കൂട കൂട്ടി പറൈക്കു 3 രുപായ് ആക വിർപ്പനൈ ചെയ്യവും ചെയ്താൽ എപ്പടി കൂലിക്കാർകൾ കൂടതൽ കൂലി കേൾക്കാമലിരുപ്പാർകൾ? ഇതു് "ഉരലുക്കു ഒരുപക്കം ഇടി, മത്തളുത്തുക്കു ഇരണ്ടുപക്കം ഇടി" എങ്കിറ മാതിരി ഇരുക്കിറതു. നെൽവിലൈയും കുറൈവു, അത്തുടൻ കൂലിച്ചിലവും അതികം. ഇപ്പടിപ്പട്ട നഷ്ടങ്കൾ കിരുഷിക്കാരുക്കു ഏറ്റപ്പടുകിറതു. കൂലിയാൾക്കുക്കു കൂലി എവ്വളവു കൂടതൽ അതികമാക കൊടുത്താലും അവൻ തിരുപ്തി അടൈയപോവതില്ലൈ. അപ്പടിയിരുക്കു കിരുഷിയൈ അപിവിരുത്തിപ്പടുത്തവും, ചാതനങ്കളുക്കു ചരിയാന വിലൈ കൊടുക്കവും ചെയ്വതിൽ കവർമെണ്ടു ചിറതൈ എടുക്കവേണ്ടും. ഇവ്വളവുംതാൻ എനക്കു കാരിയമാക ചൊല്ലവേണ്ടിയ വിഷയങ്കൾ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: സർ, ഈ ബഡ്ജറ്റ് ഇന്നത്തെ ഗവണ്മെണ്ടിന്റെ അഭിപ്രായങ്ങളും ആദർശങ്ങളും ഉൾക്കൊള്ളുന്ന ഒരു ബഡ്ജറാണെന്നു ഞാൻ കരുതുന്നില്ല. ഈ ബഡ്ജറ് അവതരിപ്പിക്കുന്നതു ഒരു പ്രത്യേക സാഹചര്യത്തിലാണെന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. 8 മാസത്തേയ്ക്കു് അഭിപ്രായം ചോദിക്കാതെ രഹസ്യമായുണ്ടാക്കിയ ഒരു ബഡ്ജറുമായിക്കൊണ്ടു കൊല്ലാവസാനംവരെ എത്താൻവേണ്ടി, നിർഭാഗ്യകരമായ ഒരു ചുമതല വഹിക്കുകമാത്രമാണു് ഇന്നത്തെ ഗവണ്മെണ്ടു ചെയ്തതെന്നു ഞാൻ കരുതുന്നു. അതുകൊണ്ടു നോക്കുമ്പോൾ ഇന്നത്തെ ഗവണ്മെണ്ടിനെ കാര്യമായി വിമർശിക്കാനില്ലെന്നാണു ഞാൻ പറയുന്നതു്. ബഡ്ജറിന്റെ പ്രത്യേകതയെകുറിച്ചു പറഞ്ഞപ്പോൾ കൂടുതൽ നികുതി ചുമത്തുന്നതിനെപ്പറ്റി പലരും വിമർശിക്കുകയുണ്ടായി. കൂടുതൽ നികുതി ചുമത്തുന്നതിനെതിരായി ഈ രാജ്യത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും നില്ക്കുമെന്നുതോന്നുന്നില്ല. പല നല്ല കാര്യങ്ങളും ഗവണ്മെണ്ടിനു ചെയ്യേണ്ടതുണ്ടു്. നല്ലകാര്യം ചെയ്യണമെന്നു ഈ രാജ്യത്തിലെ ജനങ്ങളും മുറവിളികൂട്ടുമ്പോൾ, നല്ലകാര്യങ്ങളാണെന്നു ഗവണ്മെണ്ടിനു ബോദ്ധ്യമായാലും നല്ലകാര്യങ്ങളും പലതും ചെയ്യാൻ പണമില്ലെന്ന വാദം ഉന്നയിക്കാവുന്നതാണു്. അങ്ങിനെ പണമില്ലെന്നവാദം ഇന്നത്തെ ഗവണ്മെണ്ടു ഉന്നയിക്കരുതെന്നാണു് എനിക്കു പറയാനുള്ളതു്. നല്ലകാര്യമാണെന്നു് ഗവണ്മെണ്ടിനു ബോദ്ധ്യംവന്നാൽ അതിനു പണമുണ്ടാക്കാൻ ശ്രമിക്കണം. പുതിയ നികുതി ചുമത്തുന്ന കാര്യത്തിൽ വിരോധമില്ല. പക്ഷെ, അതുപാവപ്പെട്ടവരുടെ തലയിൽ ചെന്നു കൊള്ളിരുതെന്നുമാത്രം. ഈ നാട്ടിൽ ധാരാളം പണമുണ്ടു്. കരിഞ്ചന്ത നടത്തിയും മറ്റും ഈ രാജ്യത്തിൽ കുന്നുകൂന്നായി പണം സമ്പാദിച്ചിട്ടുള്ള ആളുകളുണ്ടു്. അവരിൽ നിന്നു ആ പണമെടുക്കുന്നതിനു ഗവണ്മെണ്ടു ധൈര്യമായി പുതിയ നടപടികളെടുക്കണം. അങ്ങിനെ പണക്കാർക്കുമാത്രം ബാധിക്കുന്ന പുതിയ നികുതികൾ ചുമത്തി നല്ലനല്ലകാര്യങ്ങൾ നടത്താൻ ഗവണ്മെൻറു മുന്നോട്ടുവന്നാലേ ഈ രാജ്യത്തിലെ സാധാരണക്കാർക്കും സംതൃപ്തിവരത്തക്ക നിലയിൽ ഗവണ്മെണ്ടിനു പുരോഗമിക്കാൻ സാധിക്കുകയുള്ളൂ.

സർ, ജനങ്ങളുടെ ഗവണ്മെണ്ടാണെന്നു പറയുന്ന ഈ ഗവണ്മെണ്ടിനു പലതും ചെയ്യേണ്ടതുണ്ടു്. നിയമങ്ങൾ ഉണ്ടാക്കിയാൽ മാത്രം പോരാ. വളരെ നിയമങ്ങൾ ഇവിടെയുണ്ടു്. ഇന്നത്തെ സ്ഥിതി എന്താണു്? വളരെ നല്ലനല്ല നിയമങ്ങൾ ഇവിടെയുണ്ടെങ്കിലും, അനുഭവത്തിൽ പാവപ്പെട്ടവനു ഒരു നിയമം, പണക്കാർക്കു ഒരു നിയമം എന്ന നിലയാണുകണ്ടുവരുന്നതു്. ഈ നിലമാറാതെ തരമില്ല. ഈ രാജ്യത്തിലെ നീതിന്യായം പാവപ്പെട്ടവനും പണക്കാരനും ഒരുപോലെയാണെന്നുള്ള വിശ്വാസം സാധാരണ ജനങ്ങളിലുണ്ടാക്കുന്നതിനു ഗവണ്മെണ്ടു ഒരുങ്ങണം. ഇന്നത്തെ ഗവണ്മെണ്ടിനെ സംബന്ധിച്ചും ഇതിനു മുമ്പിലത്തെ ഗവണ്മെണ്ടിനെ സംബന്ധിച്ചും ജനങ്ങളുടെ ഇടയിൽ വളരെ തെറ്റിദ്ധാരണകളുണ്ടു്. തെറ്റിദ്ധാരണകൾ വരുന്നതു്, ഉദ്യോഗസ്ഥന്മാർമൂലം ജനങ്ങൾക്കു ഗവണ്മെണ്ടിന്റെ നയമെന്താണെന്നു അറിയാൻ കഴിയാഞ്ഞിട്ടാണു്. പല നല്ല കാര്യങ്ങളും ഗവണ്മെണ്ടു ചെയ്യുന്നുണ്ടു്. അതനുഭവിക്കാൻ ജനങ്ങൾക്കു കഴിയുന്നില്ല. അതു നടത്തുന്നതിനു മുതൽ താഴെ ഉദ്യോഗസ്ഥന്മാർ അതിനു ഉത്സാഹമുള്ളവരായിരിക്കണം. ഇത്തത്തെ സപ്ലീസിനെകുറിച്ചു പറയുമ്പോൾ, ഒരു നിഷ്പക്ഷമായ സപ്ലീസ് ഇവിടെ ഉണ്ടെന്നു പറയാൻ നിവൃത്തിയില്ല. ഇങ്ങിനെയുള്ള പരിതഃസ്ഥിതി ഇവിടെ നിലവിലിരിക്കുന്നിടത്തോളം, ഗവണ്മെണ്ടു് നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിൽ വരുത്താൻ കഴിയുകയില്ല. അതുകൊണ്ടു് ഈ ബഡ്ജറു് വിമർശനവേളയിൽ എനിക്കു ഗവണ്മെണ്ടിനോടു പറയുവാനുള്ളതു് ഇന്നത്തെ ഗവണ്മെണ്ടു് ജനങ്ങളുടെ ഗവണ്മെണ്ടാണെന്ന ബോദ്ധ്യം ജനങ്ങളുടെ ഇടയിലുണ്ടാക്കാൻ തക്കതരത്തിൽ ഉദ്യോഗസ്ഥന്മാർ പ്രവൃത്തിക്കണം എന്നാണു്. അതിനെതിരായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ കർശനമായ നടപടികളെടുക്കണം. അതിനു എതിരു നില്ക്കുന്നവരെന്നു കാണപ്പെടുന്നവരെ സപ്ലീസിൽനിന്നു പിരിച്ചുവിടണമെന്നു ഞാൻ പറയുന്നു. അല്ലെങ്കിൽ ഗവണ്മെണ്ടു് പരാജയപ്പെടുകയേയുള്ളൂ. എന്നാലേ ഗവണ്മെണ്ടിനോടു ജനങ്ങൾക്കു വിശ്വാസമുണ്ടാകയുള്ളൂ.

സർ, പല നല്ല കാര്യങ്ങളും ഈ രാജ്യത്തിൽ ചെയ്യേണ്ടതുണ്ടു്, കഴിഞ്ഞ പ്രജാമണ്ഡലം കൂട്ടമന്ത്രിസഭ ഭരണത്തിലിരിക്കുമ്പോൾ ഒരു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി ഈ രാജ്യം ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേക്കു നിങ്ങിക്കൊണ്ടിരിക്കുകയാണെന്നു്.

LIBRARY ARCHIVES Kerala Legislative Assembly

അതു ഇപ്പോഴും നീങ്ങുന്നുണ്ടെങ്കിൽ അതു ഒച്ചിന്റെ വേഗതയിൽ മാത്രമേ നീങ്ങുന്നുള്ളൂ. സർ, ഇനിയുള്ള കാലങ്ങളിൽ ഈ തരം ഗവണ്മെണ്ടുകൾക്കൊന്നിനും നിലനില്പില്ല. ഒരു സോഷ്യലിസ്റ്റ് രീതി നടപ്പിൽ വരുത്താത്തപക്ഷം അങ്ങിനെയുള്ള ഗവണ്മെണ്ടുകൾക്കൊന്നിനും നിലനില്ക്കാൻ കഴിയുകയില്ല. ആ ഒരു ലക്ഷ്യം വെച്ചുകൊണ്ടായിരിക്കും ഇന്നത്തെ ഗവണ്മെണ്ട് മുന്നോട്ട പോകുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷെ, ജനങ്ങൾ കാംക്ഷിക്കും വേഗം നടപ്പിൽ വരുവാനാഗ്രഹിക്കുന്നു. അതു പെട്ടെന്നു നടപ്പിൽ വരികയില്ലായിരിക്കാം. പ്രജായത്തരാജ്യങ്ങളിൽ അതു സാധ്യമല്ല. മറ്റുള്ള ജനങ്ങളുടെ സ്വാതന്ത്ര്യം അടിച്ചമർത്തി ഭരണം നടത്തുന്ന രാജ്യങ്ങളിലെ ഗവണ്മെണ്ടിനു ഒരൊറ്റ ദിവസംകൊണ്ടു ഇങ്ങിനെയുള്ള കാംക്ഷിക്കും നടപ്പിൽ വരുത്താൻ സാധിക്കും.

**Mr. President:** How much time would the Government require for reply ?

**Mr. P. Govinda Menon** (*Minister for Finance and Law*): Between 45 and 60 minutes.

**Mr. President:** If Government require one hour we will have to stop the discussion at 7 p.m. So Hon'ble Members have to finish their speeches before 7 p.m.

*The House rose for lunch at 5-30 p.m. and reassembled at 6 p.m. with the Hon'ble President in the Chair.*

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: വളരെ വേഗത്തിൽ ഗവണ്മെണ്ടു നീങ്ങണമെന്നു ഞാൻ പറയുകയായിരുന്നു. പ്രജായത്തരാജ്യങ്ങളിൽപെട്ടെന്നു് ഇങ്ങിനെയുള്ള കാംക്ഷിക്കും നടപ്പിൽ വരുത്താൻ കഴിയുകയില്ലെന്നു പറഞ്ഞെക്കാം. ഒരു പുതിയ വ്യവസ്ഥയുണ്ടാക്കണമെങ്കിൽ ദീർഘകാലപദ്ധതികൾ വേണ്ടിവരും. പ്രജായത്തരാജ്യങ്ങളിൽ ദീർഘകാലപദ്ധതികളുണ്ടാക്കി അതു നടപ്പിൽ വരുന്നതുവരെ ആളുകൾ കാത്തിരിക്കുമെന്നു വിചാരിക്കാൻ നിവൃത്തിയില്ല. അതിനാൽ തല്ക്കാലത്തേയ്ക്കു് ചില പദ്ധതികളും ഉണ്ടാക്കണം. അതോടുകൂടി ദീർഘകാലപദ്ധതികൾ നടപ്പിൽ വരുത്തുകയുമാണു് വേണ്ടതു്. ദീർഘകാലപദ്ധതികൾ എറെറടുത്തു നടത്തണമെങ്കിൽ അതിനു പണം വേണം. അതു റവന്യൂ റിസർവ്വ് ഫണ്ടിൽനിന്നോ, തരമുണ്ടെങ്കിൽ ദേവസ്വം ഫണ്ടിൽനിന്നോ Divert ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. ഇങ്ങിനെ നിവൃത്തിയുള്ളിടത്തോളം നല്ല കാംക്ഷിക്കും ഗവണ്മെണ്ടു് ചെയ്യണമെന്നു ഞാൻ വിശ്വസിക്കുന്നു.

പിന്നെ മറെറാരു സംഗതി ബഹുമാനപ്പെട്ട അഴീക്കോടു മെമ്പർ പറഞ്ഞ സംഗതിയെപ്പററിയാണു്; അതായതു്, ഇവിടത്തെ സഹകരണവകുപ്പിനെ സംബന്ധിച്ചാണു്. സഹകരണവകുപ്പു് ഇവിടെ കാംക്ഷിയായി യാതൊന്നും പ്രവൃത്തിക്കുന്നില്ല. സഹകരണവകുപ്പു് ഇന്നത്തെ നിലയിൽനിന്നുയർത്തി ഒരു മേജർ വകുപ്പാക്കി വികസിപ്പിക്കണം. പല സമലങ്ങളിലും നടക്കുന്ന മാതിരി സഹകരണാടിസ്ഥാനത്തിന്മേൽ ഇവിടെ ഉല്പാദനവും സംഭരണവും വിതരണവും എല്ലാം നടത്തുവാൻ കഴിയും. അങ്ങിനെ നടത്തണമെങ്കിൽ ജനങ്ങൾക്കു സഹകരണബോധം വേണം. സഹകരണബോധം ജനങ്ങളിലുണ്ടാക്കാൻ സഹകരണസംഘടനകൾവഴി പ്രചരണം നടത്തണം. ഇന്നിവിടെ സഹകരണവകുപ്പുണ്ടെങ്കിൽ അതു നിർജ്ജീവമാണു്. ഇന്നു സഹകരണസംഘമെന്നു കേൾക്കുമ്പോൾ ജനങ്ങൾക്കു ഭയമാണു്. ആ നില മാറണമെങ്കിൽ ഇന്നത്തെ സഹകരണവകുപ്പു് ഒരു മേജർ വകുപ്പാക്കണം. അങ്ങിനെ ചെയ്താൽ കൃഷി വളർത്തിപ്പിക്കുന്നതിനു സാധിക്കും. മാത്രമല്ല, ആ വകുപ്പുവഴി കൃഷി ചെയ്യുന്നതിനും കഴിയും. ഇന്നത്തെ റേഷൻസമ്പ്രദായം മാറികഴിയുമ്പോൾ സഹകാംക്ഷിവ്യക്തികൾക്കു് അരി വിതരണം ചെയ്യുവാൻ അനുവാദം കൊടുത്തേക്കാം. അതു ശരിയല്ല. ജനങ്ങൾക്കു് ആഹാരം, വസ്ത്രം, ഭവനം ഇവ കൊടുക്കേണ്ടതു് ഒരു ഗവണ്മെണ്ടിന്റെ ചുമതലയാണു്. അവ നടപ്പിൽ വരുത്തുന്നതിനു ഇന്നത്തെ സഹകരണവകുപ്പു് ഒരു മേജർ വകുപ്പാക്കിയാലേ സാധിക്കുകയുള്ളൂ. അതിനു കൂടുതൽ ചിലവു വേണ്ടിവരികയില്ലെന്നു ചോദിച്ചേക്കാം. അതിനു എന്റെ സ്നേഹിതൻ ഫുഡ് വകുപ്പും സഹകരണവകുപ്പുമായി യോജിപ്പിച്ചു പ്രവൃത്തിക്കാമെന്നു പറഞ്ഞു. അതു രണ്ടുംകൂടി യോജിപ്പിക്കുന്നതു നല്ലതാണു്. സഹകരണവകുപ്പിനുള്ള കുറവു ജനങ്ങളെ സംഘടിപ്പിക്കാനുള്ള ഉദ്യോഗസ്ഥന്മാരുടെ കുറവാണു്. വിതരണവകുപ്പിലെ ഉദ്യോഗസ്ഥന്മാരെ അങ്ങോട്ടു മാററിയാൽ ജനങ്ങളുടെ ഇടയിൽ സഹകരണത്തെക്കുറിച്ചു് പ്രചരണം നടത്താനുള്ള ഉദ്യോഗസ്ഥന്മാരായി. അങ്ങിനെ കൃഷിവികസനം, സംഭരണം, വിതരണം മുതലായ കാംക്ഷിക്കും സഹകരണവകുപ്പുവഴി നടത്താൻ കഴിയും. ആ വഴിയിൽകൂടി ശ്രമിച്ചാൽ ഞാൻ മുമ്പു പറഞ്ഞതുപോലെ ജനങ്ങളുടെ ഏറവും മുഖ്യമായ ആവശ്യങ്ങൾ ഗവണ്മെണ്ടു് നടപ്പിൽ വരുത്തിയതായി അഭിമാനി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Viswanathan]

ക്കാൻ കഴിയും. അതു നടപ്പിൽ വരുത്താതെ ജനങ്ങൾക്കു എന്തെങ്കിലും കാര്യമായി ചെയ്യുവെന്നു വിചാരിക്കാൻ നിവൃത്തിയില്ല. ജനങ്ങൾ പ്രത്യാശയോടുകൂടി നോക്കിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ഗവൺമെണ്ടിനു് അവക്കുവേണ്ടി വലുതായൊന്നും ഈ ബഡ്ജറ്റിൽ കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല. ഇനിയത്തെ ബഡ്ജറെങ്കിലും ഈവക കാര്യങ്ങൾ നോക്കിക്കൊണ്ടു് വളരെ മുന്നോട്ട പോകത്തക്കവിധത്തിലുള്ള ഒന്നായിരിക്കണം.

ഇന്നു തൊഴിലില്ലായ്മയുണ്ടു്. ഹാർബറിൽ ഇപ്പോൾ നടക്കുന്ന കൺട്രാക്ടു്സമ്പ്രദായംകൊണ്ടു് വളരെ തകരാറുകളുണ്ടു്. നമ്മുടെ ഗവൺമെണ്ടിനു ഇതിൽ എന്തു ചെയ്യാൻ കഴിയുമെന്നു അറിഞ്ഞുകൂടാ. എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ നമ്മുടെ ഗവൺമെണ്ടു് ഇന്ത്യാ ഗവൺമെണ്ടിനെ സമീപിച്ചു വേണ്ടതു ചെയ്യാൻ കൊള്ളാം. ഇന്നു കൺട്രാക്ടു് എടുത്തിരിക്കുന്ന ആളുകൾ വളരെ കുറഞ്ഞ കൂലിക്കു പുറമെനിന്നു ആളുകളെ കൊണ്ടുവരികയാണു് ചെയ്യുന്നതു്. അതിനു പരിഹാരം വേണമെങ്കിൽ ഇന്ത്യാ ഗവൺമെണ്ടു് വിചാരിക്കണം. അതിനു ഇന്ത്യാ ഗവൺമെണ്ടിനെ നമ്മുടെ ഗവൺമെണ്ടു് സമീപിക്കണം. ജനങ്ങൾക്കുവേണ്ടി നിലനില്ക്കുന്ന ഇന്നത്തെ ഗവൺമെണ്ടിനു ആരേയും ഭയപ്പെടേണ്ട കാര്യമില്ല. ഈ നാട്ടിലെ സാധാരണ ജനങ്ങൾക്കുവേണ്ടി പ്രവൃത്തിക്കുമ്പോൾ ഗവൺമെണ്ടിനു കുറച്ചു പേരെ ഭയപ്പെടേണ്ട കാര്യമില്ല. ആവശ്യമായ പണം പണക്കാരിൽനിന്നും വസൂലാക്കണം. അങ്ങിനെ ജനങ്ങളുടെ ഗവൺമെണ്ടാണെന്നു് പറയുന്ന ഗവൺമെണ്ടു് മുന്നോട്ടു് പോകണമെന്നാണു് ഞാൻ പറയുന്നതു്. ഞാൻ അവസാനിപ്പിക്കുന്നു.

**Mr. President:** There are a number of Hon'ble members who have given their names desiring to speak. May I suggest that some time limit may be fixed. We have got only 50 minutes more. So, shall we limit the speeches to 5 minutes. Is that the sense of the House? If that is the sense of the House, then all the members can speak. Shall we have it like that?

**Mr. P. Govinda Menon** *(Minister for Finance and Law):* I have no objection to surrender 15 minutes.

**Mr. President:** Even then we have to terminate the discussion at 7-15 p.m. Then shall we restrict the speeches of members to 5 minutes.

The House agreed to this.

**Mr. M. Bhaskara Menon** *(Ernakulam):* Mr. President, Sir, I am rising not to repeat points which have been already traversed by my learned brothers; but I just wish to point out to the attention of the Ministry certain points which struck to me as important. You all know that we have got a strength of 43 elected members in the Prajamandalam Party with 5 more additions joining the party because of the one pledge which found a place in the election manifesto to the effect that we will see, if we come into power, that those of our people who are unemployed are employed and those people who are rendered homeless are provided with homes. But we do not find in the budget any provision for a house building scheme. As you all know, being a party member we cannot be Churchills here but we have necessarily to be Chamberlains. But I wish that assurance is given by the Finance Minister in his reply that immediate steps will be taken to implement the House construction scheme which is essential. You all know that in 1122 it was assured on the *floor* of the House that if at all we have got a Proclamation preventing the filing of suits for eviction of tenants, this is not going to be a permanent thing and that the moment we have a house construction scheme this Proclamation will be abrogated. But I find to my utter disappointment that there is nothing in this Budget for launching a house construction scheme, either by way of subventions to Municipalities or by way of financial assistance to co-operative building societies. We all know that a man after a hard day's labour wants some shelter from the sun and the rain. We find in Madras and in other provinces, schemes being launched for providing houses. There are also negotiations going on between the Madras Government and the Central Goverment for making available prefabricated houses and I am sure in his reply the Hon'ble the Finance Minister will give some assurance to the House that he will spare no pains to see that some such scheme is launched immediately. It has been stated on the floor of this House by the Hon'ble the Finance Minister as well as the Chief Whip of Prajamandal Party that this is only an interim budget and that the stamp of the Prajamandal will be found only in the next budget. I want to see the stamp of Prajamandal at least in the next budget and I want an assurance from the Hon'ble Finance Minister to that effect.

The next point is about the reforms which everybody expected in the matter of education. As has been said by my Hon'ble friend Mr. Jacob, a commercial college is a longfelt desideratum

LIBRARY ARCHIVES Kerala Legislative Assembly

in this State and so far as the State is concerned, apart from the commercial course in the Theara College, we have not got any institution to impart commercial education. We expect a policy of industrialisation in Cochin very soon and if the Poringalkuthu scheme succeeds certainly, we will have to launch upon schemes of industrialisation and there must be people technically equipped to assist the progress of industry. So it is high time that we take up technical education in this State, especially in the branch of commerce.

Then coming to female education I wish to impress upon the Government the necessity to insist that all females in the upper secondary classes must have compulsory training in nursing and cookery. We find all females who have passed the School Final, hunting after jobs or going for higher education, barring the progress of young men who can do more things than women. I can tell you frankly that if this is done you can reduce the expenditure on hospitals and we can have a future generation of healthy children. We find women going to workshops and offices 10 or 15 days after confinement. Even in the case of educated women we find them neglecting their children, leaving them to some dirty Ayah or some other paid female servant. Ultimately we find that the health of the children is considerably affected. If nursery and cooking are taught as compulsory subjects in the upper secondary classes these things can be avoided. Personally, I do not think that in future Indian women will have a very big part to play. The women's place is essentially in the household. There was a time when women joined hands with men for the purpose of liberating us from the British Imperialism. But those days are gone. In these days when we have practically passed the stormy season; we have got our women to be in our house to look after our chilren and to look after the interests of not only the starving millions in our country but also of the rest of the nations in the world. So my humble request to the Minister is to see that at least in the next budget provision is made for this.

**Mr. P. Govinda Menon** *(Minister for Finance and Law):* Not on this matter. (Laughter).

**Mr. M. Bhaskara Menon** *(Ernakulam)* : The Education Minister, the Prime Minister and Finance Minister will confer together and see that these subjects which are essential for the upkeep of the health of the nation are certainly included as compulsory subjects.

**Mr. C. A. Ouseph** *(Minister for Education and Public Health):* Why not for men also?

**Mr. M. Bhaskara Menon** *(Ernakulam)*: Of course, we want men nurses too. But women nurses are more comfortable than men. (Laughter, loud and continued)

Mr. President, Sir, we have got a scheme of retrenchment. In the matter of retrenchment there is a saving of 11½ lakhs. But I have to say that we do not know how the Finance Minister is going to effect this retrenchment. We have got a lot of high-paid officers still drawing fat salaries. It is a matter of common knowledge that there are three persons drawing the Salary of the Chief Secretary and the explanation may be that a person who has been once allowed to draw a grade will feel discontented if he is to draw a lesser salary, even though he is transferred to do a different job. Would a person grudge to be called a Deffadar if he is given Rs. 800?

As regards retrenchment in the medical department, certain designations have been changed but I find that they are drawing the same salary.

**Mr. President:** Your time is up.

**Mr. M. Bhaskara Menon** *(Ernakulam)*: I may be allowed a minute more.

I find that there were several medical men who were styled as Deputy Surgeons. Their designations have been changed but as personal grades they have been allowed to draw their old salaries. We retrench the poor staff. It is just like a passenger, new to train travelling, travelling in a shuttle train and when we come to small stations we peep out but when we approach big junctions we fall fast asleep. My submission is that we should get the salaries of these high paid servants retrenched so that there may not be any grumbling among the poorly paid staff. We have to solve the problem of unemployment and if people with 17 or 18 years, service, people who have lost their teeth in service—dentists now say that people should extract their teeth at the age of 25- if such people will have to go and wander in the streets and at the gates of Ministers for jobs and still if they cannot get employment we just force them to join in subversive organisations.

I hope the Government will bestow their earnest attention on the matter of pay revision of servants. Several petitions or memoranda have been received by Government and I hope that the Government will see that the grumblings of the District Registrars, the Municipal staff, especially of the major Municipalities and the technical staff of the Office of the Land



LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Bhaskara Menon]

Record Superintendent, I mean the draughtsmen who are drawing Rs. 30—75 just like ordinary clerks though a distinction is made in the matter fo the Public Works Department draughtsmen are put to an end. We should not hate Government servants. Those servants who are serving so honestly and sincerely should be adequately remunerated for.

മിസ്റ്റർ സി. സി. പ്രസാദ്: സർ, തുച്ഛസമയംകൊണ്ട് എനിക്ക എല്ല പറയാൻ സാധിക്കുമെന്ന വളരെ സംശയമുണ്ട്. ആദ്യമായിട്ട, അതായത് പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ അധിഷ്ഠിതമായ ഈ സഭയുടെ മുമ്പാകെ ഒരു കാലില്ലാത്ത ബഡ്ഡാറ ഇരിക്കുന്നതിൽ അത്ഭുതമുണ്ട്. ഇതിന്ന മുമ്പിലത്തെ ഗവൺമെണ്ട കൌൺസിലിന്റെ അംഗീകരണമില്ലാതെ, കൌൺസിലില്ലാതെതന്നെ, സ്വമേധയാ പാസ്സാക്കിയ ൪ മാസത്തെ ബഡ്ഡാറ് ഈ സഭയുടെ അംഗീകരണത്തിന്ന ധനകാര്യമന്ത്രി സമർപ്പിക്കാതെയിരുന്നതിൽ എനിക്ക ഖേദമുണ്ട്. നമ്മോട യാതൊരു ഉത്തരവാദിത്വവുമില്ലാതെയിരുന്ന ആ നാലുമാസത്തെ ബഡ്ഡാറിലെ സംഖ്യ ഏതെല്ലാംതരത്തിൽ ഉപയോഗിച്ചുവെന്ന അറിയുവാനുള്ള അവകാശം നമുക്കുണ്ടെന്ന് ഞാൻ അവകാശപ്പെടുന്നു. അതു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുമെന്നും ഞാനുദ്ദേശിക്കുന്നു.

പിന്നെ, ഈ സഭയുടെമുമ്പാകെയിരിക്കുന്ന ബഡ്ഡാറിൽകൊച്ചിയിലെഅധഃകൃതർക്കുവേണ്ടിയും സാമാന്യജനങ്ങൾക്കുവേണ്ടിയും എന്തെങ്കിലും ഉൾക്കൊള്ളിച്ചിട്ടുണ്ടോഎന്നുപരിശോധിച്ചതിൽ 'സീറൊ'മാത്രമാണ കണ്ടതു. എന്നാൽ ഇവിടെ വ്യ മാസക്കാലത്തേയ്ക്ക് ഒരു കാലില്ലാത്ത ബഡ്ഡാറ് വളരെ തുച്ഛസമയംകൊണ്ടാണ് തയ്യാറാക്കിയതു് എന്ന കാര്യംകൊണ്ടാകാം ഞങ്ങളെ വിസ്മരിച്ചതു്. കൊച്ചിയിലെ ഇൻഡസ്ട്രീയൽ ഫാക്ടറീസിനെക്കുറിച്ച് മിസ്റ്റർ കണ്ണന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു. ഈ കൊച്ചിരാജ്യത്തിലെ അധഃകൃതർക്കുവേണ്ടി വിജയരാഘവപുരത്തു ഒരു വീവിംഗ് ഫാക്ടറി സ്ഥാപിച്ചു. അതു സ്ഥാപിക്കുക മാത്രമേയുണ്ടായുള്ളു. അതുപോലെ പുതുക്കാട്ടും വടക്കാഞ്ചേരിയിലും ഓരോ ബാംബു മാറ് ഇൻഡസ്ട്രി സ്ഥാപിച്ചു. അവയും സ്ഥാപിക്കുക മാത്രമാണ ചെയ്തതു്. അധഃകൃതരിൽ പരിചയമുള്ള ആരെയെങ്കിലും എല്പിച്ചുകൊടുക്കാനുള്ള വൈമനസ്യമാണ കണ്ടതു്. ഇങ്ങിനെ പല കാര്യങ്ങളും പറയാനുണ്ടെങ്കിലും ൪ മിനിട്ട മാത്രമാണ് ബഹുമാനപ്പെട്ട പ്രസിഡണ്ടവർകൾ എനിക്ക പ്രസംഗിക്കാനനുവദിച്ചിട്ടുള്ളതു്. ഈ സമയംകൊണ്ട് എല്ല പറയാൻ കഴിയും.

കൊച്ചിരാജ്യത്തിൽ സാമുദായികാവകാശങ്ങൾക്കുവേണ്ടിയുള്ള വാദംകൊണ്ടുനടന്നാൽ പോരാ എന്ന ലേഡി മെമ്പർ ഒരു വാദം ഉന്നയിച്ചു. ഞാൻ ചോദിക്കുന്നു കൊച്ചിരാജ്യത്തിലെ അധഃകൃതർ ബി.എ. യും ബി.എൽ.ം മറും പാസ്സായി റോഡുനിളെ നടക്കുന്ന കാഴ്ച നിങ്ങൾ കാണുന്നില്ലെ എന്നു്. ഇവിടെ ലൈബ്രേറിയന്റെഒഴിവുള്ളപ്പോൾ ബി.എ., ബി.എൽ. പാസ്സായിവന്ന ഒരു കുട്ടി ഒരപേക്ഷ അയച്ചിട്ട് അതു എത്തേണ്ട ഉദ്യോഗസ്ഥന്റെ അടുക്കൽ ഇതുവരെ എത്തീട്ടുണ്ടോ എന്ന ഞാൻ ചോദിക്കുന്നു. ഇവിടെ സാമുദായികതപം ഇല്ലാതെയാകണം, ജാതിമതചിന്തയില്ലാതെയാകണം എന്നാലെ ഈ രാജ്യത്തിൽ സൈര്യമായി ജീവിക്കാൻ നിവൃത്തിയുള്ളു. ഈ രാജ്യത്തിൽ വഴി നടക്കാൻ പാടില്ലാത്ത നിലയുണ്ടു്. നിങ്ങൾക്കറിയാം കൊച്ചിരാജ്യത്തിലെ ഒരു റോഡിൽക്കൂടി വഴി നടക്കാൻവേണ്ടി ൯ ൦ ദിവസം സത്യാഗ്രഹം നടന്നുവെന്നു്. അതിന്റെ അവസാനമെങ്ങിനെയെങ്കിലുമാകട്ടെ. അധഃകൃതക്ക് വഴി നടക്കാൻവേണ്ടിയായിരുന്ന ആ സമരം നടന്നതു്. അന്നത്തെ ഗവൺമെണ്ട കേവലം ഒരു ജന്മിക്കുവേണ്ടി അതിനെ എതിർക്കുകയാണ ചെയ്തതു്. അങ്ങിനെയിരിക്കെ ഇവിടെ പരിപൂർണ്ണ ഉത്തരവാദിത്വഭരണമുണ്ടെന്നു് ബഹുമാനപ്പെട്ട മന്ത്രിയുടെ ബഡ്ഡാറ പ്രസംഗത്തിൽ പറയുന്നു. ഞാൻ അതിൽ ഖേദിക്കുന്നു. ഇവിടത്തെ ജനകീയമന്ത്രിസഭക്ക എല്ലാ ഡിപ്പാർട്ടുമെണ്ടുകളും തിരിക്കാനുള്ള അവകാശം നിഷേധിച്ചിരിക്കുകയാണെന്നു് ഈ സഭയെഓർമ്മിപ്പിക്കേണ്ടതാണു്. അങ്ങിനെയിരിക്കെപരിപൂർണ്ണഉത്തരവാദിത്വഭരണമുണ്ടെന്ന പറയുന്നതു് ശരിയല്ല, പക്ഷെ, നാമെല്ലാവരുംതന്നെ പരിപൂർണ്ണ ഉത്തരവാദിത്വഭരണം നടപ്പിൽ വരുത്താനാണു് കച്ചകെട്ടിയിരിക്കുന്നതെന്ന കാര്യം മറക്കാവുതല്ല. അതു് നമ്മൾ ഇവിടെ സംജാതമാക്കും. അതിന്ന സംശയമില്ല. ജന്മിമതല്ലാളിത്വം അവസാനിപ്പിക്കണമെന്ന പറയുമ്പോൾ ചിലരൊക്ക നെറ്റി ചുളിക്കും. സാമ്പത്തികമായി യാതൊരധഃപതനവുമില്ലാത്ത ആളുകൾക്കുകൂടി വിദ്യാഭ്യാസസൌജന്യം വേണമെന്ന പറയുന്നു. മറ്റുള്ളവരെ പോഷണം ചെയ്യാനായി അവർക്കതിന്ന് സൌകര്യം വേണമെന്ന പറയുന്നു. ഇവിടെ ഒരു മെമ്പർ പറയുകയുണ്ടായി ബ്രാഹ്മണർക്കുമാത്രമുള്ള പ്രൊഫസ്സാ

LIBRARY ARCHIVES Kerala Legislative Assembly

ഹനം കൊടുക്കണമെന്നും, കോർട്ടിൽ പ്രതികൾക്കു് മണിമേടവേണമെന്നും. ബ്ലാക്കുമാർക്കറ ഇവിടെനിന്നുപോകണമെന്നു പറയുമ്പോൾ, അതു വഷ്ളിക്കുന്നതിനു് യാതൊരു ആനുകൂല്യവും കൊടുത്തുപോകരുതു്".

ഇവിടെ ഒരു ശമ്പളപരിഷ്കരണമുണ്ടായി. അതിൽനിന്നു് പല ഗ്രേഡുകളേയും തിരസ്കരിച്ചു. ശമ്പളപരിഷ്കരണിനു യാതൊരു താത്വികനിലയും സ്വീകരിച്ചിട്ടില്ല. അതു ഞാൻ തെളിയിക്കാം. മിനിമം ശമ്പളം എന്തായിരിക്കണമെന്നും മാക്സിമം ശമ്പളമെന്തായിരിക്കണമെന്നും തീട്ടപ്പെടുത്തുക. 8 0 0 രൂപയിൽ കൂടുതൽ ശമ്പളം കൊടുക്കാനുള്ള പരിതഃസ്ഥിതി കൊച്ചിരാജ്യത്തിലുണ്ടോ? അങ്ങിനെ കൂടുതൽ കൊടുക്കുന്നതിനെ ഞാനെതിക്കുന്നു. ഞാൻ അവസാനിപ്പിക്കുന്നു.

മിസ്റ്റർ ഒ. ടി. ഇനാശു : പ്രസിഡണ്ടു് സർ, രാജ്യഭരണത്തിൽ ഇന്നു കാണുന്ന പല ന്യൂനതകളെ ചൂണ്ടിക്കാണിച്ചു് അവക്കുള്ള പരിഹാരമാർഗ്ഗങ്ങളെ നിർദ്ദേശിച്ചു പല പ്രസംഗങ്ങളും കഴിഞ്ഞിരിക്കുന്നു. നാടിന്റേയും നാട്ടാരുടേയും നന്മക്കും അഭിവൃദ്ധിക്കും പര്യാപ്തമായിട്ടുള്ള പദ്ധതികളും പലതും ഈ സഭ മുമ്പാകെ അവതരിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. എന്നാൽ ഈ പതനത്തിൽ രണ്ടുമൂന്നു പ്രത്യേക സംഗതികൾ ബഹുമാനപ്പെട്ട ഈ സഭയുടെയും പ്രത്യേകിച്ചു രാജ്യഭരണത്തിൽ മുമ്പതലപ്പെട്ടവരുടെയും ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു.

അതിൽ ഒന്നു Sales-tax സംബന്ധിച്ചാണു്. സാധുക്കൾക്കു് ജീവിതസൌകര്യങ്ങളെ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പണം മുതലാളിമാരുടെ കയ്യിൽനിന്നും വസൂലാക്കുന്ന ഒരു മാർഗ്ഗമായിട്ടായിരുന്നു അടുത്തകാലംവരെക്കും Sales-tax നെപ്പറ്റി സാധാരണക്കാരുടെ ഇടയിലുണ്ടായിരുന്ന അഭിപ്രായം. എന്നാൽ യഥാർത്ഥത്തിൽ ഇന്നത്തെ രീതിയിൽ നോക്കുമ്പോൾ ഈ നികുതി കേവലം നിത്യവേലക്കാരായ തൊഴിലാളികളുടെയും ഗ്രാമീണരുടെയും തലയിലുള്ള വലിയൊരടിയാണു്. ഈ നികുതി ചുമത്തുകയും പിരിക്കുകയും ചെയ്യുന്ന പദ്ധതിയെയാണു്, ആ നികുതിയെയല്ല ഞാൻ എതിർക്കുന്നതു്. ഒരു ചരക്കു മറ്റൊരു കച്ചവടക്കാരന്റെ കയ്യിൽനിന്നും മറ്റൊരു കച്ചവടക്കാരൻ വാങ്ങുമ്പോൾ ഒരു പ്രാവശ്യം Sales-tax ചുമത്തി. അങ്ങിനെ ഓരോ കൈമാറ്റത്താലും ഒരു ചരക്കിന്റെ വിലയിൽ Sales-tax കൂടിച്ചേർന്നു അഞ്ചോ, എട്ടോ കൈമറിഞ്ഞു വിദൂരമായ ഗ്രാമത്തിൽ എത്തുമ്പോൾ ടി ചരക്കിന്റെ വില യഥാർത്ഥ വിലയിൽ എത്രയോ കൂടിവരുന്നു. ആരാണു് ഈ കൂടുതൽ നികുതികൊണ്ടുവരുന്ന വില കൂടുതൽ കൊടുക്കുന്നതു്. സാധുതൊഴിലാളി! ദരിദ്രനായ കൃഷിക്കാരൻ! അതെ, സാധുവും നിസ്സഹായനുമായ ഗ്രാമീണൻ!!

തന്നെയുമല്ല കച്ചവടം ന്യായമായവിധം നടത്തുന്നതിനു സാദ്ധ്യമല്ലാതെയാണു് വരുന്നതു്. നേരിട്ടു മൊത്തമായി സാമാനങ്ങൾ വരുത്തുന്ന ഒരു കച്ചവടക്കാരനു് ഒരു Sales-tax മാത്രമുള്ള ചരക്കു വില്പാൻ സാധിക്കുമ്പോൾ ഒരു ചില്ലറ കച്ചവടക്കാരനു രണ്ടോ, മൂന്നോ, എട്ടോ, Sales-tax കൂടിച്ചേർന്നു ഒരു വിലക്കു മാത്രമാണു് വില്പാൻ സാധിക്കുന്നതു്. കൈക്കൂടി കൈമറിഞ്ഞു ചരക്കു കിട്ടുന്ന ചില്ലറ കച്ചവടക്കാരന്റെ കാര്യം ഇതിനെക്കാൾ വിഷമമാണു്. ഇതിൽനിന്നു രക്ഷപ്പെടണമെങ്കിൽ ഗ്രാമങ്ങളിലെ ഓരോ ചെറിയ കച്ചവടക്കാരൻ ഓരോ direct-importer ആകേണ്ടതായും വരും. അല്ലാത്തപക്ഷം വ്യാപാരം സാദ്ധ്യമല്ല. ഒരു ചരക്കിന്മേൽ ഒരു പ്രാവശ്യം മാത്രം Sales-tax ചുമത്തപ്പെടാവുന്ന ഒരു പദ്ധതി നാട്ടുകാർക്കും കച്ചവടക്കാർക്കും ഗുണകരമായിരിക്കും. എത്ര കൈകൾ മറിഞ്ഞുപോയാലും Tax ഒരിക്കൽ മാത്രം എന്നതായിരിക്കണം തത്വം. ആ തത്വം ഉടനെ പ്രായോഗികമാക്കിതീർക്കണം.

ആദായനികുതി വർദ്ധനവാണു് പ്രാമത്തെ വിഷയം. കൊച്ചിരാജ്യം മറ്റു രാജ്യങ്ങളെ അപേക്ഷിച്ചുനോക്കുമ്പോൾ എത്രയോ ചെറിയ ഒരു രാജ്യമാണു്. അന്യരാജ്യങ്ങളിൽനിന്നു വന്നു് ഇവിടെ വ്യാപാരം ചെയ്യുന്നവരും ഈ നാട്ടിലെ കച്ചവടക്കാരും ഇവിടെയുണ്ടു് പൊട്ടെന്നു് അടിക്കടിയുള്ള ഈ ആദായനികുതിവർദ്ധനവു് എന്തെല്ലാം മാറ്റങ്ങളാണു് കച്ചവടത്തിലും കച്ചവടക്കാരിലും വരുത്തിക്കൂട്ടുവാൻ പോകുന്നതു എന്നു് ഇപ്പോൾ തീരുമാനിക്കുവാൻ വിഷമമാണു്. കൊച്ചിയെക്കാൾ വലുതും ചെറുതുമായ നാട്ടുരാജ്യങ്ങളിൽ ഒന്നിലുംതന്നെ ഇത്തരത്തിലുള്ള ഒരു നികുതിവർദ്ധനവു് ഇന്നുവരെയും കണ്ടിട്ടില്ല. തിരുവിതാംകൂറിൽ Excess Profit Tax ഇല്ലാത്തകാലത്തു കൊച്ചിയിൽ ആദായനികുതി ഏർപ്പെടുത്തുകയും അതിനുശേഷം കച്ചവടം സാരമായവിധം കൊച്ചിയിൽനിന്നു പമ്പകടക്കുകയും ചെയ്തു് അടുത്തകാലത്തെ ഒരു സംഭവമാണു; കേട്ടുകേൾവിയല്ല. ആ ചരിത്രം ഇപ്പോഴും ആവർത്തിക്കുകയി



LIBRARY ARCHIVES Kerala Legislative Assembly

[Mr. O. T. Inasu].

ല്ലയൊ എന്നു നാം ചിന്തിക്കേണ്ടതാണു്. ഒരു നാട്ടിലെ വാണിജ്യവ്യവസായത്തിന്റെ വളർച്ചയാണു് നാട്ടുകാരുടെ അഭിവൃദ്ധിക്കു പ്രധാനമായ അടിസ്ഥാനം.

ഈ തത്വത്തെ അടിസ്ഥാനമാക്കി നോക്കുമ്പോൾ, ഇന്നത്തെ നികുതിവർദ്ധനവു് തല്ക്കാലം ഒരു കൊല്ലത്തേക്കൊ മറ്റൊ കുറച്ചു പണം ഒരുപക്ഷെ ഖജനാവിലേക്കു കിട്ടുമെങ്കിലും അതു അവസാനം ദോഷമാണു് ചെയ്യുകയെന്നു ഞാൻ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

അവസാനമായി ഞാൻ ഒന്നു് അപേക്ഷിക്കട്ടെ. ഒരു കൊല്ലത്തേക്കുകൂടി പഴയ രീതിയിൽ നടന്നു്, മറ്റു് അയൽരാജ്യങ്ങളിൽ ഈ പദ്ധതി നടപ്പിൽ വരുന്നതുവരെ കാത്തു്, അതിന്റെ ഗുണദോഷങ്ങളും നമുക്കു അറിയാൻ സാധിച്ചിട്ടു് ഇതു ഇവിടെ നടപ്പിൽ വരുത്തിയാൽ മതിയെന്നാണു് എന്റെ അഭിപ്രായം. തങ്ങളുടെ കയ്യിലുള്ള പണം ഇറക്കി കടം കൊടുത്തു് പിരിയുമൊ ഇല്ലയൊ എന്നു അറിയാതെ വിഷമിച്ചു കിട്ടുന്ന ലാഭം മുക്കാലും ഗവൺമെണ്ടിലേക്കു കൊടുത്തു കച്ചവടം ചെയ്യുവാൻ വളരെ അധികം ആൾക്കാർ ഉണ്ടാകുമെന്നു് തോന്നുന്നില്ല. മറ്റൊരു സംഗതി ഈ ഹോളിൽ പലപ്പോഴും ഓരോരുത്തരും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതും എന്നാൽ ഇതുവരെയും നടന്നു കഴിഞ്ഞിട്ടില്ലാത്തതുമായ ഒന്നാണു്. റയിൽ വഴിക്കോ, ലോറിയിൽ കയറ്റിയോ ചരക്കു കൊച്ചിയിൽനിന്നും തൃശ്ശിവപേരൂക്കു കൊണ്ടുവരുന്നതിൽ എത്രയൊ ചിലവു കുറവായിരിക്കും വള്ളം മാർഗ്ഗമായി അതു സാധിച്ചാൽ ഈ ചിലവു ചരക്കിന്റെ വിലയിൽ കയറുകയാണല്ലൊ. ആയതും സാധാരണക്കാരന്റെ തലയിൽ ആണല്ലൊ ചെന്നു കയറുന്നതു്. കരഞ്ഞിറക്കിട്ടിന്റെ തടസ്ഥം കൂടാതെ വരാവുന്ന ഒരു പദ്ധതി ഇന്നുവരെയും ഗവൺമെണ്ടിനെക്കൊണ്ടു് കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ലെന്നുള്ളതു പരിതാപകരംതന്നെ. ഇതു സാദ്ധ്യമാണൊ എന്നു ആവശ്യം വരുന്ന പക്ഷം അന്യരാജ്യങ്ങളിൽനിന്നു് experts നെ കൊണ്ടുവന്നിട്ടെങ്കിലും ആലോചിക്കുന്നതിനു് ഇന്നത്തെ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ എന്നാണു ഞാൻ ചോദിക്കുന്നതു്. ഇതു കൊച്ചിരാജ്യത്തെ പകുതി ജനങ്ങളെയും സാരമായി ബാധിക്കുന്ന ഒരു വലിയ പ്രശ്നമാണു്. ഈ പ്രശ്നം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ ഇതിനുമുമ്പും പലപ്പോഴും വന്നിട്ടുണ്ടു്. കച്ചവടക്കാർ പലപ്പോഴും മുറവിളി കൂട്ടിയിട്ടുണ്ടു്. എന്തൊ കാരണവശാൽ ഇതിനു ഒരു നിവാരണമുണ്ടാക്കുവാൻ ഉള്ള ആത്മാർത്ഥമായ ഒരു ശ്രമം ഇന്നുവരെയും ഉണ്ടായിട്ടില്ല. കഴിയുന്ന വേഗത്തിൽ ഈ പ്രശ്നം ഗവൺമെണ്ടു ശരിയായി എടുത്തു ഒരു പരിഹാരം കണ്ടെത്തുവാൻ ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. ചാല ശരിയായി താഴ്ത്തി വേനൽകാലത്തുകൂടി വെള്ളം അതിൽ സമൃദ്ധിയായി നില്ക്കുമ്പോൾ അയൽ കൃഷിക്കാർക്കു് അതു വലിയൊരനുഗ്രഹമായിരിക്കുമല്ലൊ. കച്ചവടക്കാർക്കു മാത്രമല്ല കൃഷിക്കാർക്കുകൂടി ഇതൊരു നന്മയായിരിക്കുമെന്നു വിചാരിക്കണം. അടുത്തു വന്നിട്ടുള്ള ഒരു നോട്ടിഫിക്കേഷനെ സംബന്ധിച്ചുകൂടി ഒരു വാക്കു പറയുവാനുണ്ടു്. Control എടുത്തു കളഞ്ഞതിനു ശേഷം തുടങ്ങിയ തുണിക്കച്ചവടക്കാർക്കു ഇന്നത്തെ തുണി വിതരണപദ്ധതിയനുസരിച്ചു license കൊടുക്കുന്നതല്ലെന്നു വരുന്നതു വളരെ വ്യസനകരമായ ഒന്നാണു്. കൊ-ഓപ്പറേറ്റീവ് സംഘങ്ങളും പഴയ കച്ചവടക്കാരും ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയകച്ചവടക്കാർക്കു license കൊടുക്കാമെന്നുവെച്ചിട്ടുള്ളതു് ഞാൻ മറന്നിട്ടില്ല. എന്നാൽ അങ്ങിനെ ഒരു സ്ഥലം കൊച്ചിരാജ്യത്തിൽ എങ്ങുംതന്നെ ഉണ്ടാകുന്നതല്ല. കച്ചവടക്കാർ എല്ലാവരും കച്ചവടക്കാർ തന്നെ. പഴയതും പുതിയതും എന്നു അവരെ തരം തിരിക്കുന്നതു അർത്ഥശൂന്യമാണു്. അതവരോടു് ചെയ്യുന്ന ഒരു അനീതിയാണു്. വളരെ കഷ്ടപ്പെട്ടു കടംകൊണ്ടു നടത്തുന്ന ഏറ്റപ്പാടുകൾ പൊട്ടുന്ന നിർഭാഗ്യപക്ഷം വരുന്ന നഷ്ടം വളരെ വലുതാണു്. എത്ര കുടുംബങ്ങളാണു് അവരുടെ കച്ചവടങ്ങളിൽ ഉള്ള ശമ്പളക്കാരെകൊണ്ടു് കഴിഞ്ഞു കൂടിവരുന്നതു്. ആ കുടുംബങ്ങൾ കഷ്ടത്തിലാകുന്നതല്ലെ? അവരുടെ കാര്യങ്ങളും ഗവൺമെണ്ടു നോക്കേണ്ടതല്ലെ? ഞാൻ കൂടുതൽ സംസാരിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: പ്രസിഡണ്ടു് സർ, നമ്മുടെ മുന്നിലുള്ള ബഡ്ജറ്റ് ദേശീയമല്ല. കാരണം നാടിന്റെ നന്മയ്ക്കല്ല, ഉദ്യോഗസ്ഥന്മാരുടെ അന്തസ്സിനാണു് ഇതിലെ ഭീമഭാഗം ചിലവുകൾ. പാവങ്ങളുടെ നന്മ ഇതിൽ അശേഷമില്ല. സെയിൽസ് ടാക്സിന്റെ വല്ലാവു് പാവങ്ങളെ ടാക്സു് ചെയ്യലാണു്. ഈ കൊച്ചുകൊച്ചുയിൽസ് പൈയിൽനിന്നു് ഇനിയും അഞ്ചൽസ്റ്റാമ്പിനു വിലകൂട്ടണമെന്നു് പറയുന്നതു് വെറും അക്രമപരമായ പിരിവായിട്ടുവേണം വിചാരിക്കുവാൻ. നമ്മുടെ ചിലവിനങ്ങൾ വീതുവീതുത്തു വരികയാണു്. ഇതിങ്ങിനെ വച്ചിച്ചാൽ, ഒരു പക്ഷെ പവുതങ്ങൾ പിളർന്നു് ഭൂകമ്പമു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകുന്നതുപോലെയുള്ള ഫലമാണ് ഉണ്ടാകുക. ഉദാഹരണമായി പോലീസ്സും പൊതുമരാമത്തും മാത്രം നോക്കിയാൽ മതി.

ഫ ഫ ഫ ർ-ൽ ഭീവാൻ ഭരണകാലത്തു് പോലീസ്സ് വകുപ്പിലേക്കു നമ്മുടെ ചിലവു് ഫ,ഫ ഫ,ൻ ൻ രൂപയാണു്. അതേകാലത്തു മിലിട്ടറിയുടെ ചിലവു് ഫ,ഫ ഫ,ന ഠ ർ രൂപയുമാണു്. ഇവ രണ്ടുംകൂടി മൂന്നലക്ഷത്തി മുപ്പത്തിനാലായിരത്തി അഞ്ഞൂററി തൊണ്ണൂററി ഏഴു് രൂപ മാത്രമായിരുന്നു. എന്നാൽ ദേശീയമന്ത്രിമാരുടെ ഭരണകാലമായപ്പോൾ ഫ ഫ ഫ ർ-ൽ പോലീസ്സിനു് ഫ ഫ, ഫ ങ, ന ഠ ഠ രൂപയും, മിലിട്ടറിക്കു് ഫ ഫ, ഭ ർ, ഠ ഠ ഠ രൂപയുമായി വർദ്ധിച്ചിരിക്കുന്നു. പത്തു കൊല്ലക്കാലത്തിനിടയിൽ മൂന്നേകാൽ ലക്ഷം രൂപയുടെ ചിലവു് മുപ്പത്തിമൂന്നു ലക്ഷം രൂപയോളമായി. ഇതൊരു വലിയ അശ്ലീലമാണു്. അഥവാ, ദേശീയമന്ത്രിമാക്കു ഭരണം നടത്തുവാൻ ഇതു വേണമെന്നു പറയുന്നതു് അപമാനമാണു്. റിട്രെഞ്ചുമെൻറിന്റെ പേരിലും മറ്റും പല ചിലവിനങ്ങളിലും ഇക്കൊല്ലം കുറവുകൾ വരുത്തിയിട്ടുണ്ടെങ്കിലും, ഈ രണ്ടിനത്തിലും, ഒന്നേമുക്കാൽ ലക്ഷത്തിൽപരം രൂപ കഴിഞ്ഞ കൊല്ലത്തെക്കാൾ കൂടുതൽ വകയിരുത്തിക്കാണുന്നു. മദ്രാസ് സംസ്ഥാനത്തിൽ, മലബാർ ഡിസ്ട്രിക്ടിന്റെ നില നോക്കുകയാണെങ്കിൽ ഒരു സ്കിൽഡ് ഇൻസ്പെക്ടരെക്കൊണ്ടുമാത്രം ഭരണം നടത്താവുന്ന ഇന്നാട്ടിലെ പോലീസ്സ് വകുപ്പിൽ, ഒരു പോലീസ്സ് കമ്മീഷണർ, രണ്ടു് ഡെപ്യൂട്ടികമ്മീഷണർമാർ, അഞ്ചു് ഡിവിഷൻ ഇൻസ്പെക്ടർമാർ—അഥവാ സ്കിൽഡ് ഇൻസ്പെക്ടർമാർ!, പോരാത്തതിനു് ആഫീസ് കാര്യം നോക്കുവാൻ ഒരു മാനേജർ, ഒരു Administrative Assistant, ഒരു Assistant Commissioner എന്നിവരും, റിസർവ്വ് പോലീസ്സിന്റെ മേൽനോട്ടത്തിനു ഒരു Charge Sergeant-ും, ഒരു Reserve Superintendent-ും ഇങ്ങിനെ നീളുന്ന നമ്മുടെ ഉയന്ന ഉദ്യോഗസ്ഥന്മാരുടെ പട്ടിക. എല്ലാ വകുപ്പുകളിലും ഇങ്ങിനെ കൊഴുത്ത ശമ്പളവും അലവൻസും വാങ്ങുന്ന അനാവശ്യമായ എത്രയോ ഉയന്ന ഉദ്യോഗങ്ങളുണ്ടു്. ഇതിലേക്കൊന്നും ഭരണകർത്താക്കളുടെ കണ്ണു് പതിയുകയില്ല. ചിലവു ചുരുക്കലിന്റെ പേരിൽ പാവപ്പെട്ട പോലീസുകാരന്റേയും, മാസപ്പടിമാരുടേയും ബത്തയും അലവൻസും കുറച്ചു് സംതൃപ്തിയടയുകയാണോ ചെയ്യേണ്ടതു്? ഈ രാജ്യത്തു എന്തിനാണു് ഒരു മിലിട്ടറി? ആരോടു് യുദ്ധംചെയ്യുവാൻ? ഇന്ത്യൻ യൂണിയനിൽ ചേർന്നിട്ടുള്ള കൊച്ചിക്കു് എന്തിനായിട്ടാണു് ഈ ഭാരം? വെറും അന്തസ്സിനുവേണ്ടി പതിനൊന്നേമുക്കാൽ ലക്ഷം രൂപ വ്യയം ചെയ്യുകയെന്നോ? സ്റ്റേറ്റിന്റെ മുതലെടുപ്പിലേക്കു വരികൊടുക്കുന്നവക്കു് ഇതു സഹിക്കാവതല്ല. അന്തിക്കാട്ടു്, രാജേന്ദ്രമൈതാനം, ചേന്ദമംഗലം തുടങ്ങിയ സ്ഥലങ്ങളിൽ നടത്തിയിട്ടുള്ള ക്രൂരമർദ്ദനങ്ങൾപോലെ മർദ്ദനം നടത്തുവാൻ ആജ്ഞനൽകുന്ന ഇതു അധികം പോലീസ് തലവന്മാർവേണൊ കൊച്ചിയിലെ ഫ ങ ലക്ഷത്തോളമുള്ള പൌരസഞ്ചയത്തിനു്? ഇതെല്ലാം ജനകീയഭരണത്തിനു് യോജിച്ചതല്ല. ഈ നില തുടരുന്നതിനുള്ള പേരു് ഫാസിസമെന്നാണു് പൊതുജനങ്ങൾ പറയുക.

പൊതുമരാമത്തിനു് ങ ന,ന ഠ, ഭ ഠ ഠ രൂപ വകയിരുത്തിക്കാണുന്നുണ്ടു്. പൊന്നാനിതാലൂക്കിനെക്കാളും കുറച്ചുകൂടിമാത്രം വലിപ്പമുള്ള ഈ രാജ്യത്തു ഒരു ചീഫ് എഞ്ചിനീയരും, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റൻറ് എഞ്ചിനീയർമാർ എന്നിങ്ങിനെ മന്ത്രി ഡസൻ എഞ്ചിനീയർമാരും! നമ്മുടെ റോഡുകളും പാലങ്ങളും കണ്ടിട്ടില്ലേ? അവ എങ്ങിനെ നന്നാകും? അതിലേക്കു ചിലവു ചെയ്യേണ്ട പണമെല്ലാം ഉയന്ന ഉദ്യോഗസ്ഥന്മാക്കു് വീതിച്ചു കൊടുക്കുകയല്ലേ ചെയ്യുന്നതു"? ഇങ്ങിനെ എണ്ണി എണ്ണി പറയാൻ പലതുമുണ്ടു്. ഹുസൂർ സെക്രട്ടറിയേറ്റിൽ കടന്നാൽ സംഗതികൾ തെളിയും.

Depressed class-ന്റെ uplift-നു് ഉള്ള ചിലവു് മുപ്പതിനായിരം രൂപ കുറച്ചിട്ടുണ്ടു്. ലേബർ വകുപ്പിൽ കഴിഞ്ഞകൊല്ലമുള്ള അമ്പത്തി എണ്ണായിരത്തിൽ നിന്നു് പതിനോരായിരത്തി അഞ്ചുറുരൂപ കുറച്ചിരിക്കുന്നു. വെറ്ററിനറിയിൽ വളരെ തുച്ഛമായ സംഖ്യയെ കൊള്ളിച്ചിട്ടുള്ളു. ഇങ്ങിനെ വേണ്ടതിനെല്ലാം വെട്ടിക്കുറവും, വേണ്ടാത്തതിനെല്ലാം വാരിച്ചിലവും. ഈ പോക്കു് വളരെ ശുഭമല്ല. അബ്കാരി ഇനത്തിലെ അമ്പത്താറുലക്ഷം അടുത്തുപോകും. വനം വകുപ്പിലെ ന ഠ ലക്ഷവും നീണ്ടു പ്രതീക്ഷിക്കാവതല്ല. മറ്റു പല ഇനങ്ങളുടെ വരവും കുറഞ്ഞുവരും. അങ്ങിനെ വരുമ്പോൾ നമ്മുടെ ഭരണച്ചിലവിനു് എന്തു ചെയ്യും? ഒരു ഐക്യകേരളാടിസ്ഥാനത്തിലല്ലാതെ നമ്മുടെ ഭരണത്തിനു് മാനമായി നില്ക്കുവാൻ ആവതല്ല. അതുകൊണ്ടു് അടുത്ത കൊല്ലത്തെ ബഡ്ജറിനു

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Sivarama Krishnan].

മുമ്പായിത്തന്നെ നമ്മുടെ ഈ അസംബ്ലി ഐകൃരൂപത്തിനുള്ള പോംവഴി കണ്ടുപിടിക്കണം. ജയ്ഹിന്ദ്!!

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിന്റെ രാഷ്ട്രീയവും ഭരണഘടനാപരവുമായ വശങ്ങളെക്കുറിച്ചാൺ രണ്ടു വാക്കു് എനിക്കു പറയുവാനുള്ളതു്. അസാധാരണമായ ഒരു ഘട്ടത്തിൽ, അസാധാരണമായ ചില സാമഗ്രികൾവെച്ചുകൊണ്ടു് ഒരു ബഡ്ജറ്റ് തയ്യാറാക്കാനാണു് ധനകാര്യമന്ത്രി നിർബ്ബന്ധിതനായതെന്ന കാര്യം വിസ്മരിക്കത്തക്കതല്ല. ഇതിനു മുമ്പ് ഇവിടെ ഭരണം നടത്തിയിരുന്ന മന്ത്രിമാർ നിയമസഭയെ അകാരണമായും, നിയമ വിരോധമായും പിരിച്ചുവിട്ടതുകൊണ്ടാണു് മഹാരാജാവ് തിരുമനസ്സിലെ അധികാരമുപയോഗിച്ചു ഫ്രം ര-ലേക്കുള്ള ര മാസത്തെ ബഡ്ജറ്റ് തയ്യാറാക്കേണ്ടിവന്നതും നിയമസഭയ്ക്കു് ആലോചിപ്പാൻ സാദ്ധ്യമല്ലാതെ വന്നതും എന്നുള്ള വസ്തുത വിസ്മരിക്കാൻ പാടില്ലാത്തതാണു്. അതിനും പുറമെ ഒരു കൊല്ലക്കാലത്തേക്കുണ്ടായ ആദായത്തിൽ ഉ—വ മാസത്തേക്കുള്ള വരവിനമാണു് ര മാസം കൊണ്ടു് ചിലവഴിച്ചതു്; ബാക്കിയുള്ള സംഖ്യയാണു് വ മാസത്തേക്കു് ചിലവാക്കാനുള്ളതു് എന്നും ഞാൻ അറിയുന്നു. ഇന്നത്തെ മന്ത്രിസഭയെ അസാദ്ധ്യമായ ഒരു അവസ്ഥയിലേക്കു കൊണ്ടുപോയി, ഒരു കെണിയിൽ പെടുത്താനായി ഉണ്ടായിട്ടുള്ള ഒരു ഗൂഢാലോചനയുടെ ഫലമായിട്ടാണു് ഇങ്ങിനെ സംഭവിച്ചതെന്നു് ഞാൻ സംശയിക്കുന്നു. ഇങ്ങിനെയുള്ള കെണിയിൽനിന്നു ഊരി ചാടുവാനും വ മാസത്തേക്കുള്ള അത്യാവശ്യ ചിലവുകളെ കണക്കാക്കി അതിനു് പോരാത്ത വരുന്ന സംഖ്യക്കു് ചില്ലറ നികുതികളും മറ്റും പിരിച്ചെടുക്കുവാനും തീരുമാനപ്പെടുത്തിയും, മറ്റു ഫണ്ടുകളിൽനിന്നു പിരിച്ചും ഇങ്ങിനെ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുവാൻ സാധിച്ചതിനു സമർത്ഥമായ മന്ത്രിസഭയെ ഞാൻ ആത്മാർത്ഥമായി അനുമോദിക്കുന്നു.

സർ, ഒന്നോരണ്ടു് രാഷ്ട്രീയ സംഗതികളെപ്പറ്റിയാണു് പറയാനുള്ളതു്. ദേവസ്വം, രാജകീയകാര്യം മുതലായ വിഷയങ്ങൾ ഈ നിയമസഭയുടെ പരിധിയിൽനിന്നു വിട്ടു നില്ക്കുന്നതാണു്. മന്ത്രിസഭയിലെ ഏതെങ്കിലും ഒരു മന്ത്രിയെ മഹാരാജാവ് തിരുമനസ്സിലെ പ്രത്യേക വിളംബരമനുസരിച്ചു ചുമതലപ്പെടുത്തുകയാണു് ചെയ്യിരുന്നതു്. റാവു ബഹദൂർ ടി. കെ. നായരായിരുന്ന ഇതിനു മുമ്പ് ആ അധികാരങ്ങൾ വഹിച്ചിരുന്ന മന്ത്രി. അദ്ദേഹം രാജിവെച്ചിട്ടു് രണ്ടുമാസക്കാലമായി. അതിനുശേഷം ആ വകുപ്പുകൾ ഭരിക്കുവാൻ ഇതുവരെ ഒരു മന്ത്രിയേയും അധികാരപ്പെടുത്തിയിട്ടില്ലെന്നു ഞാൻ മനസ്സിലാക്കുന്നു.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു് ഇന്നലെ കഴിഞ്ഞു.

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: അതിപ്പോഴെങ്കിലും ഏല്പിച്ചു കിട്ടിയതിൽ ഞാൻ സന്തോഷിക്കുന്നു. രണ്ടാമത്തെ സംഗതി, ക്ഷേത്രപ്രവേശനത്തെക്കുറിച്ചുള്ളതാണു്. അതു് ഭരണപരമായ ഒരു നടപടിയായിട്ടല്ല ഞാൻ വീക്ഷിക്കുന്നതു്. ബഹുമാനപ്പെട്ട ധനനിയമ മന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച അതേ ദിവസത്തിൽതന്നെ കേന്ദ്രവ്യവസ്ഥാപക സമിതിയിൽ 'മഹാത്മജി കീജെയ്'' എന്ന ആരവത്താൽ മുഖരിതമായ ഒരു അന്തരിക്ഷത്തിൽ ഐത്തമില്ലാതാക്കുന്ന ഒരു വകുപ്പ് കരടുപകർപ്പിലെ ഫ്രം വകുപ്പായി ഇന്ത്യൻ ഭരണഘടനാനിയമത്തിൽ ചേർക്കുവാൻ അവിടെ പാസ്സാക്കുകയുണ്ടായി. ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ച അവസരത്തിൽതന്നെ അവിടെ അതു്, അങ്ങിനെ ആക്കിയതു് അത്ഥവത്തായ സംഗതിയാണു്. കൊച്ചിയിൽ പ്രായപൂർത്തിവോട്ടാവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു നിയമസഭ അധികാരത്തിൽ വന്നാൽ, ആ നിയമസഭ അയിത്തം ഇല്ലാതാക്കണമെന്നുള്ള പ്രമേയം പാസ്സാക്കിയാൽ മഹാരാജാവു് അതു നിയമമാക്കുന്നതാണെന്നു് അസന്നിഗ്ധമായ വിധത്തിൽ ഇതിനു് മുമ്പുണ്ടായ വിളംബരത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതാകുന്നു. ആ പ്രഖ്യാപനത്തിൽ പറഞ്ഞ മാതിരി നിയമം ഉണ്ടാക്കുവാൻ അവസരം കിട്ടുന്നതിനു് മുമ്പുതന്നെ ഇതിനു് മുമ്പിലത്തെ മന്ത്രിസഭ വിധേയവും വൈകല്യമുള്ളതുമായ ഒരു ക്ഷേത്രപ്രവേശന നിയമം ഇവിടെ നടപ്പിൽ വരുത്തുകയുണ്ടായിട്ടുണ്ടെന്നു് എനിക്കു് ഓർമ്മയുണ്ടു്. എന്നാൽ, ആ നിയമത്തിന്റെ പരിധി വളരെ സങ്കുചിതമാണെന്നും, പലരേയും കോടതി കയറ്റുന്നതിനു് മാത്രമെ അതു് പ്രധാനമായി പ്രയോജനമായിട്ടുള്ളുവെന്നും പല ക്ഷേത്രങ്ങളും വിളംബരത്തിന്റെ പരിധിയിൽ നിന്നും, പ്രത്യക്ഷമായി മഴിവാക്കപ്പെട്ടിട്ടുണ്ടെന്നും ഉള്ളതാണു് പരമാർത്ഥം. കോൺഗ്രസ്സിന്റെ കീഴിലും, മഹാത്മാഗാന്ധിയുടെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിലും ഉള്ള സമുദായോദ്ധാരണനടപടികളിൽ വിശ്വസിക്കുന്ന നമുക്ക് ഒരിക്കലും അനുവദിക്കുവാൻ പാടില്ലാത്ത ഒരു സ്ഥിതിയാണ് ഇതു്. ഇന്നത്തെ മന്ത്രിസഭ മഹാരാജാവു് തിരുമേനിയുടെ ആ സന്ദേശത്തിന്റെ വെളിച്ചത്തിൽ ഈ സഭയിൽ അതിനെ സംബന്ധിച്ചുള്ള ഒരു പ്രമേയം അവതരിപ്പിച്ചു് ക്ഷേത്രപ്രവേശനം നമ്മുടെ ആദർശമാക്കുന്നു സരിച്ചു് നിരുപാധികമായി അനുവദിച്ചു കിട്ടുവാൻ അടിയന്തരമായി പരിശ്രമിക്കേണ്ടതാണു്. നമ്മുടെ നാട്ടിൽ ഇന്നും നിലനില്ക്കുന്ന ആ അനാചാരത്തെ യഥാർത്ഥമായി മൂർദ്ധന്യരിക്കുവാൻ സാധിക്കണമെങ്കിൽ അതിനു വേണ്ടതായ നടപടി മന്ത്രിസഭ ഉടനടി ചെയ്യണം. എടുക്കണമെന്നും എനിക്കു് അഭിപ്രായമുണ്ടു്.

സർ, ബഡ്ജറ്റിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി എനിക്കൊന്നും പറയുവാനില്ല. ഒരു നാട്ടുരാജ്യം എന്നുള്ള നിലയിൽ ഇന്നു് നില്ക്കുന്ന നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി സ്പർശിക്കുന്നതും അടുത്ത ഭാവിയിൽ ഉണ്ടാകാൻ പോകുന്നതുമായ ചില രാഷ്ട്രീയ കാര്യങ്ങളെപ്പറ്റി ഒന്നു രണ്ടു വാക്കുകൾ പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. കൊച്ചി ഇന്നത്തെ രാഷ്ട്രീയഘടനക്കനുസരിച്ചു് വളരെ കാലം നിലനിൽക്കുകയില്ലെന്നു വിചാരിപ്പാൻ പല കാരണങ്ങളുമുണ്ടു്. ഈ കാര്യത്തെ സംബന്ധിച്ചു് ധനനിയമമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളതു് വളരെ ശ്ലാഘനീയമായിട്ടുണ്ടെന്നു് പ്രസ്താവിക്കാൻ എനിക്കു് സന്തോഷമുണ്ടു്.

സർ, ഇൻഡ്യൻ കരട് ഭരണഘടനയെ ഇൻഡ്യൻ Constituent അസംബ്ലിയിൽ അവതരിപ്പിച്ചുകൊണ്ടു്, ഡോക്ടർ അംബേദ്ക്കർ ചെയ്ത പ്രസംഗത്തിൽ ഇന്ത്യൻ പ്രവിശ്യകളും നാട്ടുരാജ്യങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാതെയുള്ള ഒരു ഭരണക്രമമായിരിക്കണം നമ്മുടെ രാഷ്ട്രീയ ലക്ഷ്യമെന്നും, അതുകൊണ്ടു നാട്ടുരാജ്യങ്ങളും പ്രവിശ്യകളെപോലെ വളരണം വരേണ്ടതാണെന്നും ഉള്ള വാദം ഉന്നയിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആ ഭാവന വളരെ അർത്ഥവത്തായിട്ടുള്ളതാണു്. ഇന്ത്യാരാജ്യം ഒരു ശക്തിയുള്ള രാജ്യമായിട്ടുവരണമെന്നുണ്ടെങ്കിൽ കേന്ദ്രത്തിലിരിക്കുന്ന ഗവണ്മെണ്ടിന്റെ ഒരു ഘടകമായി ഇന്ത്യയിലെ എല്ലാ വിഭാഗവും വരണമെന്നുള്ളതു് അത്യന്താപേക്ഷിതമാണു്. അങ്ങിനെയുള്ള ഒരു പ്രസ്ഥാനത്തിലേക്കു് എത്തത്തക്കവിധത്തിൽ തന്നെയാണു് തീപ്പെട്ട മഹാരാജാവു തിരുമനസ്സുകൊണ്ടു് കൊച്ചി ഒരു കേരള സംസ്ഥാനമായി രൂപാന്തരപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചില നടപടികൾ അധികൃതമായിട്ടു നമ്മുടെ ഗവണ്മെണ്ടു മുഖേന എടുപ്പിക്കുക ഉണ്ടായിട്ടുള്ളതു്. കൊച്ചിയുടെ ഭരണഘടന തയ്യാറാക്കുവാനും തീരുമാനിക്കുവാനുമുള്ള അധികാരം ഈ സഭക്കു് കിട്ടീട്ടുണ്ടു്. അങ്ങിനെയുള്ള ഒരു ഭരണഘടന തയ്യാറാക്കുന്നതു് കൊച്ചി തനിച്ചോ മറ്റു രാജ്യങ്ങളോടു് ചേർന്നോ ഒരു സംസ്ഥാനമായി രൂപാന്തരപ്പെടുന്ന നിലയിലിരിക്കുമെന്നുള്ളതിനും സംശയമില്ല. ഏതു നിലയിലായാലും കൊച്ചി ഇന്ത്യാ ഭൂഖണ്ഡത്തിന്റെ ഒരു ജീവൽഘടകമായിട്ടു് വളരുകയും വികസിക്കുകയും തന്നെ ചെയ്യും. അങ്ങിനെ വരുന്ന അവസരത്തിൽ കൊച്ചിയിലെ സാമ്പത്തിക സ്ഥിതി ഏതു നിലയിൽ ഭേദപ്പെടുമെന്നു് ആലോചിക്കേണ്ടതുണ്ടു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി, അദ്ദേഹത്തിന്റെ ബഡ്ജറ്റ പ്രസംഗത്തിൽ ഈ വ്യത്യാസംകൊണ്ടു് നമ്മുടെ സാമ്പത്തിക സ്ഥിതിക്കു് യാതൊരു കോട്ടവും ഉണ്ടാവുകയില്ലെന്നു് പറയുകയുണ്ടായി. സാങ്കേതികമായി ആ വാദം സാധൂവായിരിക്കാമെന്നുണ്ടെങ്കിലും, പ്രായോഗികമായി നോക്കുമ്പോൾ അതു് വിശ്വാസനീയമായി തോന്നുന്നില്ലെന്നു് പറയേണ്ടിയിരിക്കുന്നു. കൊച്ചി സംസ്ഥാനം, കേന്ദ്രത്തോടു ബന്ധപ്പെടുമ്പോൾ, നമ്മുടെ നാട്ടിൽ നിന്നും പിരിക്കുന്ന നികുതിയിൽനിന്നു് സാരമായിട്ടൊരു ഭാഗം കേന്ദ്രത്തിലേക്കു് കൊടുക്കേണ്ടതായിട്ടുവരുമെന്നുള്ളതു നിർബ്ബന്ധിതമായിരിക്കും. കൊച്ചി ഒരു സംസ്ഥാനമായിട്ടു തീരുകയാണെങ്കിൽ ആ സംസ്ഥാനത്തിൽനിന്നു് നികുതിയിൽ എത്ര ശതമാനം കേന്ദ്രത്തിനു് വിട്ടുകൊടുക്കണം എന്നു തീർച്ചയാക്കുവാൻ ഇന്ത്യയിലെ കേന്ദ്രപാർലിമെണ്ടിനാണു് അധികാരമുള്ളതു്. അതല്ലാ ഇന്നത്തെ നിലക്കു് ഒരു നാട്ടുരാജ്യമായി തുടരുകയാണെങ്കിൽ, കൊച്ചിയിൽനിന്നു പിരിക്കുന്ന നികുതിയിൽ എത്ര ശതമാനമാണു് കൊച്ചിക്കു് കിട്ടേണ്ടതു് എന്നുള്ളതു് തീർച്ചയാക്കുവാൻ കൊച്ചിയും കേന്ദ്രഗവണ്മെണ്ടും തമ്മിൽ ഏർപ്പെടുന്ന ഒരു കരാറിനെ ആസ്പദമാക്കിച്ചാണു് ആദ്യം വ്യവസ്ഥപ്പെടുത്തുക. കരടുഭരണഘടനയിലെ വകുപ്പുകൾ പറയുന്നതു് ഇങ്ങിനെയാണു്. കേന്ദ്രഗവണ്മെണ്ടു് ഇതിനെ സംബന്ധിച്ചുള്ള ഒരു നിയമം അവിടത്തെ നിയമസഭയിൽ പാസ്സാക്കിയിട്ടായാലും ശരി, നാം ഏതു കരാറ് അനുസരിച്ചു നികുതി വീതിച്ചാലും ശരി, നമ്മുടെ ഭരണാധികാരികൾ ശ്രമിക്കുവാനുള്ളതു്, നമ്മുടെ പുരോഗതിയുടെ തോതുപ്രകാരംഇവിടത്തെ വരവുകൊ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Balakrishna Marar]

ണ്ടുനമ്മുടെപ്രവർത്തനങ്ങളും തുടർന്നുകൊണ്ടുപോകുവാൻ സാധിക്കുന്ന വിധത്തിൽ ആദായങ്ങളും നമുക്ക് കിട്ടുമാറാകണം എന്നുള്ളതാണ്. കൊച്ചിയെപ്പോലെയുള്ള നാട്ടുരാജ്യങ്ങൾക്ക് വളരുവാനും, വികസിക്കുവാനും പഞ്ചവത്സരമായ വിധത്തിൽ ആദായം വീതിച്ചു കിട്ടണം, അതിനു കേന്ദ്ര നിയമസഭയിൽ ഫലപ്രദമായ പ്രാതിനിധ്യം നമുക്കു കിട്ടണം. ഒരു നാട്ടുരാജ്യം എന്ന നിലയ്ക്ക് നമുക്ക് ഏതെല്ലാം കാര്യങ്ങൾ സാധിക്കേണ്ടതുണ്ടോ, ആവക ആവശ്യങ്ങളെല്ലാം നടപ്പിൽ വരുത്തുന്നതിന്ന്, കേന്ദ്രത്തോട് ബന്ധപ്പെട്ടിട്ടുകൂടി ആദായം ഉണ്ടാകത്തക്കവിധത്തിൽ ആക്കാര്യത്തിൽ ശ്രദ്ധാലുക്കളായി പ്രവർത്തിക്കണം. അതുകൊണ്ട്, ഈ വക സാമ്പത്തികവശങ്ങളെപ്പറ്റി ആലോചിച്ചുകൊണ്ട് രാഷ്ട്രീയമായിട്ട കേന്ദ്രഗവൺമെണ്ടിനെകൊണ്ട് ഗുണകരമായ ഒരു തീരുമാനം ഉണ്ടാക്കുന്നതിന്ന എതെല്ലാം നടപടികളും എടുക്കണമോ, ആ വശങ്ങളിൽകൂടി പ്രവൃത്തിച്ചു നമ്മുടെ സാമ്പത്തികസ്ഥിതിക്കു സാരമായ കോട്ടം തട്ടാതെയുള്ള ഒരു വ്യവസ്ഥിതി വരുത്തുവാൻ പരിശ്രമിക്കുന്നതിന്ന് ഞാൻ മന്ത്രിസഭയോട് അഭ്യർത്ഥിക്കുന്നു. ഈ സംഗതികളും അവരുടെ ദൃഷ്ടിയിൽകൊണ്ടുവരിക മാത്രമാണ് ഞാൻ ചെയ്യുന്നതു്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: സർ, വിദേശീയമേധാവിത്വം അവസാനിപ്പിച്ചു സ്വാതന്ത്ര്യം കരഗതമാക്കുന്നതിനും ഏകാധിപത്യം അവസാനിപ്പിച്ച് ഉത്തരവാദഭരണം സ്ഥാപിക്കുന്നതിനും വേണ്ടി നാം അനവരതം പരിശ്രമിക്കുകയും സമരം ചെയ്യുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ നമുക്കുണ്ടായിരുന്ന പ്രതീക്ഷകളെല്ലാം ഇന്നും നിലവിലുണ്ട്. സ്വാതന്ത്ര്യം നേടിക്കഴിഞ്ഞാൽ സാധാരണക്കാരന്റെ ജീവിതത്തോതു് ഉയർത്തുവാൻ സാധിക്കുമെന്നു് നാം വിശ്വസിച്ചിരുന്നു. പൊതുജനങ്ങളും അപ്രകാരം തന്നെ ആശിച്ചിരുന്നു. എന്നാൽ നമ്മുടെ ഇന്നത്തെ ബഡ്ജറ്റ് അതിന്നു ഉപകരിക്കുമോ എന്നുള്ളതു മാത്രമാണ് എനിക്ക് അറിയാനുള്ളതു്. ഈ ബഡ്ജറ്റിനെപ്പറ്റി കുറ്റകരമായ ആരോപണങ്ങളും ചെയ്യുവാൻ ഞാൻ മുതിരുന്നില്ല. കാരണം, കഴിഞ്ഞ ൪ മാസക്കാലത്തേയ്ക്ക് മാത്രം ൧൩ ലക്ഷം ഉറുപ്പിക ചിലവുചെയ്ത ശേഷം ബാക്കിയുള്ള ൮ മാസകാലത്തേക്കുള്ള ഭരണം നടത്തുന്നതിന്ന് ൧൩ ലക്ഷം ഉറുപ്പിക മാത്രം വച്ചുകൊണ്ടു കണക്കു തയ്യാറാക്കുന്ന കാര്യത്തിൽ ഇന്നത്തെ മന്ത്രിസഭ കായ്മയായിട്ട പരിശ്രമം ചെയ്തിട്ടുണ്ടെന്നു് സമ്മതിക്കാതെ നിവൃത്തിയില്ല. ബഡ്ജറ്റിൽ ഒരു മിച്ചവും അവർ കാണിച്ചിട്ടുണ്ട്. എന്നാൽ അതിൽ ഞാൻ അവരെ അനുമോദിക്കുന്നില്ല. നേരെ മറിച്ചു ഒരു കമ്മി ബഡ്ജറ്റായിരുന്നു അവർ കൊണ്ടുവന്നതെങ്കിൽ ഞാൻ അവരെ കുറ്റപ്പെടുത്തുവാനും തയ്യാറാകുമായിരുന്നില്ല. ഈ ബഡ്ജറ്റിൽ മിച്ചമോ, കമ്മിയോ ആയിരുന്നാൽതന്നെ നാം ഉദ്ദേശിക്കുന്ന ഗുണമൊന്നും ഇതുകൊണ്ടുണ്ടാകുമെന്ന പ്രതീക്ഷ ഇന്നു അത്ര ശുഭമല്ല. സാധാരണക്കാരന്റെ ജീവിതത്തോതു ഉയർത്തുകയെന്നതായിരിക്കണം ഒരു ജനകീയ ഗവൺമെണ്ടിന്റെ പ്രധാന ചുമതലകളിൽ മുൻഗണന നൽകപ്പെടേണ്ട ഒന്നു്. ഈ ഉദ്ദേശം എത്രകണ്ടു സാധിതമാകുമോ അത്രയും മാത്രമെ നമ്മുടെ ഗവൺമെണ്ടിന്റെ പരിശ്രമം വിജയകരമോ അല്ലയൊ എന്നു തീരുമാനിക്കാവൂ. പൊതുജനക്ഷേമം പുലർത്തുവാൻ ബദ്ധകങ്കണരായ നാം നമ്മുടെ പ്രവർത്തനത്തിന്റെ ആരംഭഘട്ടത്തിലെതന്നെ അതിനുപയുക്തമായ എന്തെങ്കിലും പരിപാടികൾക്ക് അടിസ്ഥാനമിടേണ്ടതാണു്. എട്ടുമാസക്കാലത്തേക്കുള്ള ഒരു ഇടക്കാല ബഡ്ജറ്റ് മാത്രമാണ് ഇതെന്നു സമാശ്വസിക്കാമെങ്കിലും, പൊജനങ്ങളുടെ ന്യായമായ പ്രതീക്ഷകളെപ്പറ്റി അവക്കു ഖേദിക്കേണ്ടിവരാതിരിക്കത്തക്കവണ്ണം വേണ്ട കരുതലുകൾ നാം കരുതേണ്ടതാണെന്നുള്ള വസ്തുത വിസ്മരിക്കത്തക്കതല്ലെന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ. ബഹുഭൂരിപക്ഷം ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ നാട്ടിൻപുറത്തെ കാര്യത്തെപ്പറ്റിയാണ് എനിക്ക് പറയുവാനുള്ളതു്. നാട്ടിൻ പുറത്തു് പട്ടിണിയും, ക്ഷാമവും വർദ്ധിച്ചുവരികയാണ്. ഇതു് നമ്മുടെ കുറ്റമായിട്ടു പറയുവാൻ നിവൃത്തിയില്ല. ലോകത്തിൽ എല്ലായിടത്തും ഇന്നു സാമ്പത്തികാധഃപതനവും ഭക്ഷണക്ഷാമവും വർദ്ധിച്ചുവരികയാണു്. എന്നാൽ പൊതുവെ ഈയിടെ ലോകത്തെ ആകമാനം ബാധിക്കുന്ന ഈ ദുരവസ്ഥ നമ്മുടെ ഗ്രാമീണരെ വളരെക്കാലമായി പിഴിഞ്ഞുപിഴിഞ്ഞുകൊണ്ടിരിക്കുന്നതാണെന്നു നമ്മുടെ ഗ്രാമപ്രദേശങ്ങളുടെ ചരിത്രം തെളിയിക്കുന്നതാണ്. സ്ഥായിയായി തീരാദുഃഖങ്ങളെന്നപോലെ പല സ്ഥലങ്ങളിലും കുടികൊണ്ടുവാൻപോലും വെള്ളമില്ലാതെയും നടക്കുവാൻ വഴിയില്ലാതെയും മറ്റുമുള്ള ക്ലേശങ്ങളും പണ്ടുകാലത്തു തന്നെ ഉണ്ടായിരുന്നതു ഇന്നും നിലവിലിരിക്കുന്നു. ഇവയ്ക്കു പുറമെയാണു ഇന്നത്തെ വിഷമതകളും.

LIBRARY ARCHIVES Kerala Legislative Assembly

ദാരിദ്ര്യം, പട്ടിണി, തൊഴിലില്ലായ്മ, വസ്ത്രക്ഷാമം വൈദ്യസഹായത്തിന്റെ പോരായ്മകൾ എന്നിവകൊണ്ടു ഭീതിജനകം ജനങ്ങളും കഷ്ടപ്പെടുന്നുണ്ട്. ഈവക കാര്യങ്ങളിൽ എന്താണ് നിവാരണം വരുത്തേണ്ടതെന്നു് ആലോചിച്ചു നാം അതിന്നുവേണ്ടി കാര്യമായിട്ടു പരിശ്രമിക്കുന്നില്ലെങ്കിൽ നമ്മുടെ ഗവണ്മെണ്ടിന്റെ ഭാവിതന്നെ വളരെ ആശങ്കാവഹമായിരിക്കുമെന്നു് പ്രസ്താവിക്കുന്നതിൽ തെറ്റില്ലെന്നു് വിശ്വസിക്കുന്നു. ഇന്നു് നാട്ടിൻപുറത്തു തൊഴിലില്ലായ്മയാണു് ഏറ്റവും വലിയ പ്രശ്നമായിട്ടുള്ളതു്. ഞാൻ പ്രതിനിധീകരിക്കുന്ന പ്രദേശങ്ങളിൽ തൊഴിലില്ലായ്മയാണു്, ഏറ്റവും വിഷമകരമായ പ്രശ്നം. കടലോരപ്രദേശത്തുള്ളവർക്കു് പ്രത്യേകിച്ചും അത്യധികം ക്ലേശങ്ങൾ സഹിക്കേണ്ടതായിവന്നിരിക്കുന്നു. കടലിൽ നിന്നു ഇക്കഴിഞ്ഞ രണ്ടു മാസമായി യാതൊന്നും ലഭിക്കുന്നില്ല, അതിന്നുംപുറമെ വിളവുകൾ വേണ്ടപോലെ ഉണ്ടാകാത്തതുമൂലം വളരെ അവശതകളും നേരിട്ടിട്ടുണ്ടു്. അടുത്തു കിടക്കുന്ന തിരുവിതാംകൂർ പ്രദേശമായ ചേത്തല താലൂക്കിലുള്ള ഇതെമാതിരി സ്ഥിതികളെ പരിഗണിച്ചു തിരുവിതാംകൂർ ഗവണ്മെണ്ടു ചില പദ്ധതികൾ പുതിയതായിട്ടു് ആസൂത്രണം ചെയ്തിട്ടുണ്ടു്. അതായതു് അവിടെ വലിയ തോതിൽ പല ക്ഷാമനിവാരണപണികളും ആരംഭിച്ചിട്ടുണ്ടു്. അതുപോലെ നമുക്കും സാധിക്കുകയില്ലേയെന്നാണു് ഞാൻ ചോദിക്കുന്നതു്. തൊഴിലാളികൾക്കു് തൊഴിൽ നൽകിയാൽ പട്ടിണിക്കു വലിയ കുറവുണ്ടാകുമെന്നു തീർച്ചയാണു്. അതുപോലെതന്നെ പൊതുനന്മക്കു യോജിച്ചതായ പല വലിയ പണികളും ചുരുങ്ങിയ ചില വിധത്തിൽ നടത്താവുന്നതുമാണു്.

കൊച്ചി ഹാർബാർ മുൻകാലത്തു ധാരാളം പേർക്കു് ജോലി നൽകി വന്നിരുന്നു. എന്നാൽ ഇന്നു അവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾ കോകനടയിൽനിന്നും, കോഴിക്കോട്ടുനിന്നും വരുന്ന ആളുകളാണു്. എന്തുകൊണ്ടാണു് നമ്മുടെ ആളുകൾക്കു് അതിന്നു സാഹചര്യം അനുവദിക്കാത്തതു്? ഈവക കാര്യങ്ങളിലൊക്കെ നമ്മുടെ ഗവണ്മെണ്ടു വല്ലതും പ്രവൃത്തിക്കുന്നതായാൽ അതു വലിയൊരു ആശ്വാസമായിരിക്കും. അതു നമ്മുടെ ഗവണ്മെണ്ടിന്നു വലിയ ഒരു വിജയമായിരിക്കും. യുദ്ധകാലത്തു നാല്പതിനായിരത്തിലധികം ആളുകൾ നിത്യേന ഹാർബറിൽ ജോലി എടുത്തിരുന്നു. എന്നാൽ അവിടത്തെ പണികളെല്ലാം കൺട്രാക്ടു് കൊടുക്കുന്നതുമൂലം അവിടെ ജോലിക്കു് വിഷമതകൾ നേരിട്ടു തുടങ്ങി. ഈ കാര്യത്തെപ്പറ്റിയും കാര്യമായിട്ടു പരിശ്രമിച്ചു നമ്മുടെ തൊഴിലാളികൾക്കു് കൂടുതലായിട്ടു് ജോലി നൽകുവാൻ സാധിച്ചാൽ വലിയ വിജയമായിരിക്കും. അതുപോലെതന്നെ ഹാർബറിൽ പല കുഴപ്പങ്ങളുള്ളതായിട്ടു സംസാരമുണ്ടു്. അവിടെ നമ്മുടെ നാട്ടുകാരായിട്ടുള്ള വളരെ അധികം ആളുകൾ താഴ്ന്ന പടിയിലുള്ള ഉദ്യോഗസ്ഥന്മാരാണു്. അവർക്കു അവിടെ നേരിടേണ്ടിവരുന്ന വിഷമതകളേയും, യാതനകളേയുംപറ്റി ഗവണ്മെണ്ടും മെമ്പർമാരും അറിഞ്ഞിരിക്കും. അവിടെ ചില പ്രത്യേക വർഗ്ഗക്കാരുടെ മേധാവിത്വമാണു നടക്കുന്നതു്. ഇപ്രകാരമുള്ള കാര്യങ്ങളിലും വേണ്ടതായ നിവാരണങ്ങൾ കണ്ടുപിടിച്ചാൽ അതു വലിയ ഉപകാരമായിരിക്കും.

നാട്ടിൻപുറങ്ങളിലുള്ള തീരപ്രദേശങ്ങളിൽ പാവപ്പെട്ടവർക്കുള്ളതായ വ്യവസായം കയർ വ്യവസായമാണു്. ഒരു കാലത്തു വളരെ ആദായമുള്ള ആ വ്യവസായം ഇപ്പോൾ അധഃപതിച്ചു ദുഷ്ടസ്ഥിതിയിൽ എത്തിയിരിക്കുകയാണു്. അതിനെ ഉദ്ധരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആ വ്യവസായത്തിന്നു വേണ്ട അസംസ്കൃത സാധനങ്ങൾ സംഭരിക്കുന്നവരെയും, അതിൽ പണം മുടക്കി പ്രവൃത്തിക്കുന്നവരെയും, അതിനെ സംബന്ധിച്ചു വിവിധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരെയും കൂട്ടിച്ചേർത്തു സഹകരണാടിസ്ഥാനത്തിൽ ആ വ്യവസായത്തെ പുനഃസംഘടിപ്പിക്കയും അതിൽനിന്നുണ്ടാകുന്ന നിർമ്മിത വസ്തുക്കൾക്കു ആദായകരമായ വിപണികൾ കണ്ടുപിടിക്കുകയും ചെയ്യുവാൻ ഗവണ്മെണ്ടു വേണ്ടതു ചെയ്താൽ വലിയ ഒരു കാര്യംതന്നെയായിരിക്കും. ഇതിനെ സംബന്ധിച്ചു് ഒരു അന്വേഷണം ഉടനെതന്നെ നടത്തേണ്ടതാണു്. നമുക്കു ഉല്പാദനങ്ങൾ വർദ്ധിപ്പിക്കേണ്ടതായ ആവശ്യവുമുണ്ടു്. ഉല്പാദനം വർദ്ധിപ്പിക്കേണ്ടതായ ആവശ്യത്തിന്നു് വിദ്യുച്ഛക്തികൾ മുഖേന കൃഷിപദ്ധതികൾ നടപ്പിൽ വരുത്തുവാൻ സാധിക്കുമെന്നു തോന്നുന്നു. കൊച്ചിയുടെ ചില ഭാഗത്തു കൃഷിസ്ഥലങ്ങൾ വെള്ളം കിട്ടാത്തതായ അസൌകര്യങ്ങൾകൊണ്ടും മറ്റും കൃഷി ചെയ്യാത്തതായിട്ടുണ്ടു്. ഇങ്ങിനെയുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന്നു സൌകര്യങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിനും പുറമെ, ഏതെങ്കിലുംതരത്തിൽ കൃഷിസ്ഥലങ്ങൾ കൂടുതലായി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Alexander Parambithara]

ഉണ്ടാക്കുന്നതിനും, അതു പ്രായോഗികമാക്കി തീർക്കുന്നതിനും ഗവണ്മെണ്ടു പരിശ്രമിക്കേണ്ട താണെന്നു് ഞാൻ പ്രത്യേകം ഉൽബോധിപ്പിക്കേണ്ടതില്ലല്ലൊ.

അതിനുംപുറമെ ഒരു ഗൃഹനിർമ്മാണപദ്ധതി നടപ്പിൽ വരുത്തേണ്ടതു് അത്യാവശ്യമാണു്. നമ്മുടെ രാജ്യത്തു ഒരു വീടില്ലാതെ വൃക്ഷച്ചുവട്ടിലൊ പൊതുവഴിയരികിലൊ ജീവിച്ചു മരിക്കുവാൻ ഇടയാകേണ്ട ആളുകളും ഉണ്ടാകരുതു്. ഈ ഒരു ലക്ഷ്യത്തിനുവേണ്ടി നാം കായ്മയായി ശ്രമിക്കേണ്ടതുണ്ടു്. ഒരു ദീർഘകാലപദ്ധതിതന്നെ ഇതിനുവേണ്ടി രൂപീകരിക്കണം. കൊച്ചിരാജ്യത്തിലുള്ള ഏ൪½ ലക്ഷം ജനങ്ങൾക്കും, ഓ പേക്കു ഒരു വീടു എന്ന ഒരുകണക്കിൽ ഏകദേശം ൧൫ ലക്ഷം വീടുകളും വേണ്ടിവരും. അതിൽ ഒരു ലക്ഷം വീടുകളും ഓരോരുത്തർ സ്വന്തമായി നിർമ്മിക്കുമെന്നു വിചാരിക്കുക. രണ്ടു ലക്ഷം വീടുകളും സ്വന്തമായുണ്ടാക്കുവാൻ സാദ്ധ്യമല്ലാത്തവരെ ഗവണ്മെണ്ടു സഹായിക്കണം. യുദ്ധകാലത്തു വീടൊന്നുക്കു ൨൫൦ ക. വീതം ചിലവു വരുന്നതും ഒരു പുരുഷായുസ്സുകാലമെങ്കിലും കേടുവരാതെ നിലനിൽക്കുന്നതുമായ വീടുകളും ഉണ്ടാക്കാമെന്നു War Exhibition കാലത്തു നമുക്കു ഒരു മാതൃകയായി കാണിച്ചു തന്ന ഒരു വീടു ഇന്നും നിലനിൽക്കുന്നതു കാണാം. ഇക്കണക്കിനു ൫ കോടി ഉറുപ്പിക ഉണ്ടായാൽ രണ്ടു ലക്ഷം വീടുകളും നിർമ്മിക്കാം. എന്നാൽ ഈ പദ്ധതിക്കുള്ള പണം എവിടെനിന്നാണെന്നാണു് ചോദ്യം. ഗവണ്മെണ്ടിന്റെ റിസ്സർവ്വ് ഫണ്ടിൽനിന്നു് എടുത്താലും പറവുകയില്ല. ദേവസ്വത്തിൽനിന്നോ, കരിങ്കുന്നം നടത്തി അമീദാതായം എടുത്തവരിൽനിന്നോ എടുത്താലും പറവുകയില്ല. പരിഷ്കൃത ഗവണ്മെണ്ടുകളും ഇങ്ങിനെയുള്ള ആവശ്യങ്ങളും നിറവേറുന്നതു കെട്ടിയിരിപ്പുള്ള പണം കൊണ്ടല്ല; കൂടുതൽ നികുതി വർദ്ധിപ്പിച്ചുകൊണ്ടല്ല; വേണ്ടിവന്നാൽ ലോൺ ഫോളാട്ടച്ചെയ്തു് ഇതൊക്കെ നടത്താവുണ്ടു്. ഇങ്ങിനെയുള്ള ആവശ്യങ്ങൾക്കു ഗവണ്മെണ്ടു ലോൺ ഫോളാട്ട ചെയ്യുന്നതുകൊണ്ടു് യാതൊരു അപകടവും വരാനില്ല. പരസ്പരസഹായാടിസ്ഥാനത്തിലും ഇതു സാദ്ധ്യമാണു്. കാലാന്തരത്തിൽ ഇതുകൊണ്ടു് ഒരു സ്ഥിരവരവിനം ഗവണ്മെണ്ടിനുണ്ടാകും. ഈവക പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ട ഒരു നവീന മനോഭാവമാണു് ഇതിനു അതിപ്രധാനമായ പ്രഥമാവശ്യം. ഇങ്ങിനെയുള്ള സംഗതികളിൽ ഗവണ്മെണ്ടിന്റെ സത്വര ശ്രദ്ധ പതിയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു.

മിസ്റ്റർ ടി. പി. സീതാരാമൻ: സർ, പ്രതിപക്ഷം മെമ്പർമാർ, വാഗ്മികളായിട്ടുള്ള മെമ്പർമാർ ഇവിടെ പ്രസംഗിച്ചു കഴിഞ്ഞു. ബഡ്ജറ്റിനെപ്പറ്റി കൂടുതൽ പരിശോധിക്കുവാനുള്ള സന്ദർഭം എനിക്കു കിട്ടീട്ടില്ലെങ്കിലും അതിനെപ്പറ്റിയുള്ള വിമർശനങ്ങളിലും പ്പെട്ട ആരോപണങ്ങളും, ആവലാതികളും, നിർദ്ദേശങ്ങളും കേൾക്കുവാൻ സാധിക്കുകയുണ്ടായി. ഇതിൽനിന്നെല്ലാം മനസ്സിലാക്കുവാൻ സാധിക്കുന്നതു് ഈ ബഡ്ജറ്റ ഒരു മിച്ച ബഡ്ജറ്റായിട്ടു രൂപാന്തരപ്പെടുത്തുവാൻ വളരെ പ്രയാസം നേരിട്ടിട്ടുണ്ടെന്നും ആയതിൽ കൂടുതൽ കുറഞ്ഞതൊ കുറവുകളൊ ഇല്ലെന്നും ആണു്. അതിൽ ധനകാര്യമന്ത്രിയെ ഞാൻ ഹാർദ്ദമായിട്ടു അനുമോദിക്കുന്നു. എനിക്കാകെ അനുവദിച്ചിരിക്കുന്ന അഞ്ചു മിനിട്ടിനുള്ളിൽ ചില നിർദ്ദേശങ്ങളും എനിക്കു പറയേണ്ടതുണ്ടു്. എല്ലാ ഡിപ്പാർട്ടുമെണ്ടുകളെ കുറിച്ചും പല മെമ്പർമാരും ഗുണദോഷവിശകലനം ചെയ്തുവെങ്കിലും ഒരു ഡിപ്പാർട്ടുമെണ്ടിനെ മാത്രം അവർ ഒഴിച്ചു നിറുത്തുകയാണു് ചെയ്തിട്ടുള്ളതു്. അതായതു് ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടു്. ആ ഡിപ്പാർട്ടുമെണ്ടിനെപ്പറ്റിയും ഒന്നു രണ്ടു സംഗതികൾമാത്രം പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കാമെന്നു് വിചാരിക്കുന്നു. ഇപ്പോഴത്തെ ഉദ്യോഗസ്ഥവൃന്ദമാണെങ്കിൽ പൊതുവെ ഒരു Indifferent attitude-ഓടു കൂടിയാണു് പെരുമാറുന്നതെന്നുള്ള ആക്ഷേപം മെമ്പർമാർക്കൊക്കെ നല്ലവണ്ണം അറിയാവുന്നതാണു്. ൧൯൦ കൊല്ലത്തെ Foreign administration കാരണം ഇവിടത്തെ ഉദ്യോഗസ്ഥന്മാരെല്ലാം വെള്ളക്കാർ പറയുന്നതുമാത്രം അക്ഷരംപ്രതി അനുസരിക്കുന്ന ഒരു പരിചയവും പാരമ്പര്യവും, പുറമെ സേവയും ശുപാർശയുംപ്രകാരം ഉദ്യോഗങ്ങൾ സൃഷ്ടിച്ചു നിയമനങ്ങൾ നടത്തിയിരുന്നതിന്റെയും ഫലമായിട്ടു്, ഇന്നത്തെ നിലയിൽ ആകെ കൂടി ഒരു Indifferent attitude ഉദ്യോഗസ്ഥന്മാരിൽ ഉളവാവാൻ ഇടയായിട്ടുണ്ടു്. അതുകൊണ്ടാണു് Security of service തീരെ ഇല്ലാതെ വരുന്നതു്. ഉദ്യോഗനിയമനകാര്യങ്ങളിൽ സേവയും, ശുപാർശയും നോക്കി അർഹതയുള്ളവർക്കു് പ്രമോഷൻ കൊടുക്കാതേയും, അനർഹന്മാരെ ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിക്കുകയും, പത്തോ, ഇരുപത്തഞ്ചൊ കൊല്ലങ്ങളോളം സർവ്വീസുള്ളവരെ നിർദ്ദയമായി പിരിച്ചുവയ്ക്കുകയും കാരണം Security of service അവരിൽ ഇല്ലാതായിട്ടുണ്ടു്. ഇന്നോ,

LIBRARY ARCHIVES Kerala Legislative Assembly

നാളേയോ അവരിൽ എന്തോ വരുമെന്നുള്ള സംശയവും അവരിൽ ചിലരിൽ ഇല്ലാതില്ല. ഒരു കൊല്ലം സർവ്വീസുള്ളവരെ പിരിച്ചുയക്കുന്ന കാര്യത്തെപ്പറ്റി പറയുമ്പോൾ എന്റെ വീടിന്നടുത്തുതന്നെയുള്ള സ്കൂളിന്റെ കാര്യമാണ് ഓർമ്മവരുന്നത്. മൂന്നു അദ്ധ്യാപകന്മാരും, നാലു കുട്ടികളും മാത്രമുള്ള ആ സ്കൂൾ എങ്ങിനെ നടത്തണമെന്നു പറയും. എന്നാൽ അവർക്ക് ഒരു Security of service ഉണ്ടാക്കാനുള്ള പരിതഃസ്ഥിതി സൃഷ്ടിക്കണമെന്നു മാത്രമെ ഞാൻ പറയുന്നുള്ളൂ.

നമ്മുടെ രാജ്യത്തിലെ ശമ്പളതോതു വളരെ വർദ്ധിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള വരവിൽ നിന്നു ഇത്ര ശതമാനം ശമ്പളം വകയ്ക്കു എന്നൊരു നിയമം വരുത്തുകയാണെങ്കിൽ ഇന്നത്തെക്കാൾ കൂടുതൽ വരവുള്ളതായി കാണുവാൻ സാധിക്കുമെന്നു തോന്നുന്നുണ്ട്. ഇതിനെപ്പറ്റിയുള്ള വിശദീകരണത്തിനു ഇവിടെ സമയം ഇല്ലാത്തതുകൊണ്ടു ഞാൻ അതിനെപ്പറ്റി പറയണമെന്നുദ്ദേശിക്കുന്നില്ല. നമ്മുടെ ഡിപ്പാർട്ടുമെന്റുകളുടെ അഴിമതികളെ ഇല്ലായ്മചെയ്യുവാൻ ഒരു മന്ത്രിയെതന്നെ നിയമിച്ചാലും തരക്കേടില്ലെന്നു തോന്നുന്നുണ്ട്. അല്ലെങ്കിൽ ഇപ്പോഴുള്ള നാലു മന്ത്രിമാരിൽ ഒരാളെ അതിന്നുവേണ്ടി പ്രത്യേകം നിയമിച്ചാലും തരക്കേടില്ല. മന്ത്രിക്കു ഒരുപേരും വേണ്ട Portfolio-യും വേണ്ട. ഇപ്പോഴുള്ള മന്ത്രിമാക്കു അതിന്നു സൌകര്യമില്ലെങ്കിൽ അഞ്ചാമതു ഒരു മന്ത്രിയെ വെച്ചുകൊള്ളട്ടെ.

**Mr. President:** It is time.

മിസ്റ്റർ ടി. പി. സീതാരാമൻ: നമ്മുടെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും എല്ലാ സമയത്തും പോയി എല്ലാ റിക്കാർട്ടുകളും പരിശോധിക്കുവാൻ മാത്രമായിട്ടു ഒരു മന്ത്രി; (ചിരി.) ഇതുകൊണ്ടു രാജ്യത്തിന്നു വലിയ ഗുണം ഉണ്ടാകാവുന്നതരത്തിൽ ഇതിന്നു പറ്റിയ പല മെമ്പർമാരും ഇവിടെ തയ്യാറായിട്ടുള്ളവരുണ്ട്. എന്നാൽ മാത്രമേ അഭിവൃദ്ധിയുണ്ടാവുകയുള്ളൂ. ഒരു സ്റ്റേറ്റു കാറും, ശിപായിയേമാത്രം കൊടുത്താൽ മതി. അലവൻസ്സോ, ശമ്പളമോ ഒന്നും കൊടുക്കേണ്ടതില്ല. (ചിരി) എല്ലാ റിക്കാർട്ടുകളും പരിശോധിക്കുവാൻ മാത്രമായിട്ടു ഒരു മന്ത്രിയെ സൃഷ്ടിക്കുക. ഇതിന്നു തരമില്ലെങ്കിൽ നാലു മന്ത്രിമാരിൽനിന്നു ഒരാളെ ചുരുങ്ങിയതു ന്യ മാസകാലത്തേക്കെങ്കിലും ഈ കാര്യത്തിന്നു നിയമിക്കേണ്ടതാണു. അങ്ങിനെ ചെയ്യുന്നതായാൽ നമ്മുടെ ഡിപ്പാർട്ടുമെന്റുകൾ കുറെക്കൂടി നന്നാകുമെന്നുള്ള ഒരു എളിയ വിശ്വാസം എനിക്കുണ്ട്.

തൊഴിലാളികളുടെ കാര്യം പറയുകയാണെങ്കിൽ ഇന്നവർ ഏതു തരത്തിലാണു കഴിഞ്ഞുകൂടുന്നതെന്നു ആലോചിക്കുവാൻതന്നെ പ്രയാസമാണു. അവരുടെ ജീവിതമാതു വളരെ പരുങ്ങലിലാണു. റബ്ബർ എസ്റ്റേറ്റു തൊഴിലാളികളുടെ കാര്യം പറയുകയാണെങ്കിൽ അവർ പത്തു പന്ത്രണ്ടു നാഴിക വഴി നടന്നു ചെന്നു പണിയെടുത്താൽ കിട്ടുന്ന കൂലി വെറും ഏ ാണ. വുപൈ മാത്രമാണു. ഇക്കാര്യത്തിൽ പ്രത്യേകിച്ചും പാലപ്പള്ളി റബ്ബർ എസ്റ്റേറ്റു തൊഴിലാളികളുടെ കാര്യത്തിൽ ഗവൺമെണ്ടിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണു.

ഇന്നത്തെ ഗവൺമെണ്ടുകളെപ്പറ്റി പറയുകയാണെങ്കിൽ ഏതെങ്കിലും പാർട്ടികൾക്കല്ലാതെ ഭരിക്കുവാൻ കഴിയുന്നതല്ല. ഒന്നുകിൽ പ്രജാമണ്ഡലം, അല്ലെങ്കിൽ മറെറാന്നു. ഭരണകൂടത്തിൽ ഒരു പാർട്ടിക്കൂടാതെ കഴിയുകയില്ല. ഗവൺമെണ്ടു ഭരിക്കുന്ന പാർട്ടിയെ എപ്പോഴും വിമർശിക്കാതെയിരിക്കണമെന്നുള്ള ഉദ്ദേശംകൊണ്ടല്ല ഇതു പറയുന്നതു. പാർട്ടിയെ നിയന്ത്രിക്കുവാൻ വിദഗ്ദ്ധവും, ന്യായവുമായ പരിതഃസ്ഥിതി ബാക്കിയുള്ളവർ ഉണ്ടാക്കിയാൽ തരക്കേടില്ല.

മിസ്റ്റർ ഇട്ട്യേര അംബ്രൂക്കൻ: അപ്പോൾ ഏതുപക്ഷം വേണ്ടായെന്നുണ്ടോ?

മിസ്റ്റർ ടി. പി. സീതാരാമൻ: വേണം. പക്ഷെ ഇപ്പോഴുള്ള ഏതുപക്ഷപാർട്ടിയുടെ വിമർശനം പോരാത്തതുകൊണ്ടാണു ഞങ്ങൾ ഇത്രത്തോളം കൂടുതൽ പറയുന്നതെന്നു മനസ്സിലാക്കിയാൽ നന്നു (ചിരി).

ഇനി ഓരോ കമ്മ്യൂണിറ്റിയിലും അതിലുള്ള വിഭാഗങ്ങളെപ്പറ്റി നോക്കുന്നതായാൽ എല്ലാവരും മൈനോറിറ്റിസ്തന്നെയാണു. നായന്മാരും, ക്രിസ്ത്യാനികളും, ബ്രാഹ്മണരും, അതുപോലെ മറെറാരോ സമുദായക്കാരേയും നോക്കുന്നതായാൽ ഒക്കെ മൈനോറിറ്റീസ്സാണു. പരസ്പരം അവർ സന്ദേഹപൂർവ്വം വീക്ഷിക്കുന്നു. അതുപോലെതന്നെ പണക്കാരും, തൊഴിലാളികളും തമ്മിലും. ജന്മിമാരും കുടിയാന്മാരും തമ്മിലും Dr. (Mrs.) Francis പറഞ്ഞ മാതിരി ഡോക്ടർമാരിൽ ആയുർവ്വേദവും, അലോപ്പതിയും തമ്മിലുള്ള വ്യത്യാസങ്ങളിൽ സംശയഗ്രസ്തരായി ഇരുകൂട്ടരും കിടന്നുഴലുകയാണു. ഈവക കാര്യങ്ങൾക്കു ബഹുമാന

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. P. Seetharaman]

പ്പെട്ട മെമ്പർമാരെല്ലാവരുംകൂടി ഒരു തീപ്പെണ്ടാക്കാത്തപക്ഷം, ഒരു സുരക്ഷിതസാമൂഹ്യവ്യവസ്ഥിതി ഉണ്ടാകാത്തപക്ഷം ഒരുകാലത്തു നമ്മുടെ ഭരണരീതിയെ എത്തേണ്ട സ്ഥാനത്തു് എത്തിച്ചു കാണിച്ചു കൊടുക്കുവാൻ നമുക്കു സാധിക്കാതെ വരുന്നതാണു്. എന്റെ നിയോജകമണ്ഡലം ഒരു ചെറിയ നിയോജകമണ്ഡലവും, വില്ലേജിൽ സ്ഥിതി ചെയ്യുന്നതുമാണു്. എന്നാൽ ടൌണുകളുടെ കാര്യത്തിൽ മാത്രമെ ഗവണ്മെണ്ടിനു ശ്രദ്ധയുള്ളൂ. യൂറോപ്പും, അമേരിക്കയും മാത്രമല്ല, ലോകം എന്നു പണ്ഡിറ്റ്നെഹ്രുപാരീസിൽവെച്ചു ചെയ്ത പ്രസംഗങ്ങളിൽ പറഞ്ഞ മാതിരി തുഗ്ലിവപേത്രരും, എറണാകുളവും മാത്രമല്ല, കൊച്ചിരാജ്യത്തെ എല്ലാ ടൌണുകളുടേയും ഐശ്വര്യം സ്ഥിതിചെയ്യുന്നതു് വില്ലേജുകളിലാണു്. ഗ്രാമങ്ങളിലേക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടിന്റെ ദൃഷ്ടി പതിഞ്ഞുകണ്ടാൽ കൊള്ളാം.

ഇനി ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടുണ്ടു്. ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടു് ഒരു ബിസിനസ്സുപോലെയുള്ളതാണോ? Conservator of Forests എന്ന പേരു മാറി Destructor ഓഫ് ഫോറസ്റ്റ് എന്നോ അല്ലെങ്കിൽ Director ഓഫ് ഫോറസ്റ്റ് എന്നോ ആക്കിയാൽ തരക്കേടില്ല. ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടു് ഈ രാജ്യത്തിന്റെ നന്മക്കുവേണ്ടി സ്ഥിതിചെയ്യുന്ന ഒരു പേരിലാണു് അറിയപ്പെടുന്നതു്. കൃഷിക്കു ഉപയുക്തമായ വളങ്ങളുണ്ടാക്കാനും, കൃഷിചെയ്യുവാൻ പാറിയ ആയുധങ്ങളുണ്ടാക്കാനും മഴയെ control ചെയ്യുവാനും അരുവികൾ വറ്റാതിരിപ്പാനും അങ്ങിനെ ജനങ്ങൾക്കു് ഉപകാരപ്രദമായ പല കാര്യങ്ങളും നിർവ്വഹിക്കുവാൻവേണ്ടിയുള്ളതാണു് ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടു്. എന്നാൽ അതിനെല്ലാം വളരെ വിപരീതമായ തരത്തിലുള്ള അഴിമതികളാണു് ആ ഡിപ്പാർട്ടുമെണ്ടിൽ നടക്കുന്നതു്. ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടിൽനിന്നു് ആദ്യമായിട്ടു ഫുവൽ ഡെപ്പോ ഡിവിഷൻതന്നെ എടുത്തുകളഞ്ഞില്ലെങ്കിൽ അതു് ഈ രാജ്യത്തിനു് വലിയൊരു ആപത്താണെന്നു പറയാതെ നിവൃത്തിയില്ല. ഞാൻ അതിനുവേണ്ടിതന്നെ ഒരു കട്ട്മോഷൻ അയച്ചിട്ടുണ്ടു്. ഇത്രയും പറഞ്ഞുകൊണ്ടു് തല്ക്കാലം എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

**Mr. K. W. Muralidhara Marar** (*Trippunittura*): Mr. President, Sir, in the speech made by the Hon'ble Minister for Finance and law, he remarked "with a small amount of 190·24 lakhs it is impossible to frame the Budget for the remaining eight months. Under normal circumstances the Budget might have been presented in Karkadagam 1123. But the Government then in power dissolved the Assembly in Meenam 1123 and this Assembly could not be brought into being before the end of the year. Hence the interim budget for the first four months of 1124 was passed by means of a special proclamation". The Hon'ble Finance Minister also informed this House that there is a sudden fall of revenue in 1124. This according to me is the overall picture which will help us very much to understand the difficulties confronting the Hon'ble Minister in balancing this year's budget. To quote the Hon'ble Finance Minister "What I have attempted is to frame a new budget for the remaining months setting apart provisions for items absolutely necessary and urgent for general improvement and development. He hopes to make up the deficit by retrenchment and new taxation. While I fully sympathise with the Hon'ble Finance Minister in this difficulties, I cannot but state that the budget viewed from the point of view of the much-talked about common man is not very heartening.

Sir, I propose to view the budget from three angles. (1) How has the Budget helped the poor peasant. (2) How has this budget alleviated the miserable condition of the working class in our State. (3) How has it helped the middle class employees and petty traders.

Sir, it is a well-known fact that the backbone of the State is the poor agriculturist. It is he who has to produce food for the people. The Government have been asking him to produce more and more but, Sir, I ask what has been done to better his lot. It may be remembered in this connection that evey year we are losing nearly eight lakhs by way of food subsidies. One wonders how long can we go on paying subsidies like this. So, unless every inch of our soil is cultivated and every grain of rice is conserved it will not be possible for us to solve the food crisis. I feel, Sir, that no amount of campaign to increase production will bring about any satisfactory result unless a radical change is effected in the ownership of land. Unless the man who tills the soil is made to feel that he has got proprietory rights in the land he cannot be expected to co-operate to the best of his ability. Has anything been attempted to be done in this direction. The House is aware of the fact that United Provinces and Madras Governments are attempting to bring about radical and revolutionary changes in the system of land tenure, and here nothing seems to have been done in this direction.

LIBRARY ARCHIVES Kerala Legislative Assembly

Now, Sir, let us view the budget from the point of view of the worker in the factory and fields. I hope that this House is aware of the fact that mass retrenchment is being effected in the industrial concerns of our State. Thousands and thousands of workers have been sent away from the Cochin Harbour. Nearly six hundred workers have been sent away from the Tatas. Hundreds of labourers have been discharged from the Sitarams. I hear from reliable sources that about 700 workers are likely to be sent away from Alagappa Textiles. Mass unemployment is prevailing in Coastal areas due to slump in Coir trade. I don't propose to multiply instances. What measures have been taken by the Government to meet this crisis. The only way according to me, to solve this question is by nationalisation of key industries, atleast Transport and Electricity to begin with, and by encouraging the local industrialists to start new industries. But, a reading of the budget, will show that not only nothing is done in this direction but a portion of industrial fund has been taken away to balance the budget. Sir, as in agriculture, so in industry, unless the worker is made to feel that he is a partner in the industrial enterprise, appeals for stepping up production is sure to fall flat. Added to this is the problem of unemployment of thousands of Ex-servicemen and Assam coolies, now rotting in their huts if they are lucky to have any.

Sir, permit me to view the budget from the point of view of the middle class. The middle class employee has been for years groaning under hard economic conditions. It is a matter of common knowledge that their economic condition has of late become more pitiable than before due to rise in prices of essential commodities. Nothing seems to have been done to help him also.

Yet I feel, Sir, I should congratulate the Hon'ble Finance Minister for having tried to pool the resources of the State by way of retrenchment and additional taxation. But, I only wish that instead of retrenching the poor clerk and the peon he should have applied the axe first at the top. I can point out to this House innumerable instances of high salaried officers created for favouring a few. These people who have come through the back-door must be shown their way out. Unless that is done, I submit, there will be no security in services.

Sir, the attitude of some of the higher salaried men of the State continue to be the same as before. It will be better if they are made to realise that they are servants of the people and not their masters. Corruption is also reported to have spread among even the highest officers in the State. Unless something is done to nip this evil in the bud, the Government will not have the benefit of an honest conscientious loyal public service. As regards the efficiency of the higher government officials. I should like to State that the fact that we had to use petrol max to-night, is a tribute to their effiiciency. The Hon'ble Finance Minister can be rest-assured that the common man in Cochin will always be behind him in this noble task.

One word more, and I have done. The Hon'ble Finance Minister deserves special congratulation in raising the Income-tax and tapping other sources of revenues. But one thing I should like to point out that unless the Government introduce some social amelioration programme like prohibition, I doubt whether the increase in Sales-tax is justifiable. May I remind the House that the introduction of Sales-tax in Madras was mainly for covering the deficit arising out of Prohibition.

With all this defects which I have pointed out in a constructive spirit, I cannot but congratulate the Hon'ble Finance Minister in making the best out of bad job and remind him that we the followers of Mahatma Gandhi and Jawarharlal, should always bear in mind the poor peasant in human terms and must realise that behind the glitter of a few towns, here lay morass of poverty and misery. We must not also forget the fundamental fact that true test of progress and freedom does not lie in the setting up of councils and assemblies but in the change in status and conditions of the worker and the peasant.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഇന്നലെയും ഇന്നുമായിട്ട് ഈ സഭയിലെ എന്റെ നല്ല സുഹൃത്തുക്കൾ ഈ ബഡ്ജറിനെപ്പറ്റി വാദപ്രതിവാദം ചെയ്യുകയുണ്ടായി. മറവസരങ്ങളിൽ ബഡ്ജറവിമർശനവേളയിൽ ഈ സഭയിലെ അനദ്യോഗസ്ഥാംഗങ്ങളുടെ ബഡ്ജറവിമർശനത്തിനു് ഗവണ്മെണ്ടോഫീസറന്മാർ പറയാറുള്ള മറുപടിയുടെ രൂപത്തിൽ ഇന്നു പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതെല്ലാം ഓരോ ബഹുമാനപ്പെട്ട സഭാംഗവും ഗവണ്മെണ്ടിന്റെ പേരിൽ കൊണ്ടുവരുന്ന അക്ഷേപങ്ങളെ അന്യായത്തിനുള്ള ഒരു ചാർജ്ജു് ഷീറ്റായിട്ടു് ഫിനാൻസു് മെമ്പർ കണക്കാക്കുകയും, അദ്ദേഹത്തിന്റെ മറുപടിപ്രസംഗത്തിൽ കേസ്സിനു പത്രികയെന്നോണം കേസ്സിൽ പറയുന്ന സംഗതികൾ ചെയ്യിട്ടില്ലെന്നു വാദിക്കുകയുമാണു് പതിവു്. അന്യായത്തിൽ അടങ്ങിയ ഓരോ വാദങ്ങളും ശരിയ

* Specch not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ല്ലെന്നും അതിൽ അടങ്ങിയിട്ടുള്ള വാദങ്ങൾ നിയമാനുസൃതമല്ലെന്നും പറഞ്ഞു എല്ലാ വാദങ്ങളേയും പ്രതിഷേധിച്ചു് ഒരു പത്രിക കൊടുക്കാറാണു് പതിവു്. ആ പത്രികയിൽ അന്യായച്ചിലവു പലിശസഹിതം അനുവദിച്ചു വിധിയുണ്ടാകണമെന്നു ഫിനാൻസു മെമ്പർ വാദിക്കുക പതിവുണ്ടു്. അന്നെല്ലാം ഫിനാൻസുമെമ്പർതന്നെ വിധികർത്താവായിരുന്നതുകൊണ്ടു് ആവിധത്തിൽതന്നെ ഒരു വിധി സമ്പാദിച്ചു ബഡ്ജറ്റു മീറ്റിംഗിൽനിന്നു പുറത്തു പോകാറുണ്ടു്. എന്നാൽ ഇന്നത്തെ നില മാറിയിരിക്കുന്നു. ഗവൺമെണ്ടിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളിൽനിന്നും പ്രതിപക്ഷത്തിൽപെട്ട അംഗങ്ങളിൽനിന്നും വന്നിട്ടുള്ള എത്രയും സ്നേഹാദരങ്ങളായിട്ടുള്ള വിമർശനങ്ങളെ മറ്റൊരു രീതിയിൽ കണക്കാക്കുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. ഞാനും ഈ സഭയിലുള്ള മറ്റംഗങ്ങളും തമ്മിൽ വ്യത്യാസമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഇന്നു സംഗതിവശാൽ ഈ സഭയിൽ വന്നിട്ടുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ ആശയങ്ങളും അഭിലാഷങ്ങളും നടപടിയിൽ വരുത്തുവാനുള്ള അധികാരം എന്റെ കയ്യിലാണെന്നും നാളെ മറ്റാരുടെയെങ്കിലും കയ്യിലായിരിക്കുമെന്നും ഉള്ള വിചാരംകൊണ്ടു് ഏതെങ്കിലും ഉപരിതലത്തിൽ നിന്നുകൊണ്ടു് അതുശരിയല്ല, ഇതു ശരിയല്ല എന്നു പറയുവാനുള്ള മൌഢ്യം എനിക്കില്ല. എന്റെ സുഹൃത്തുക്കൾ ചെയ്ത ബഡ്ജറ്റു വിമർശനങ്ങളിൽ കൊച്ചിയിലെ ഇന്നത്തെ സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ കാര്യത്തിൽ അവക്കുള്ള ഉറച്ച വിചാരം, ഉറച്ച വിശ്വാസം ഒന്നു മാത്രമേ ഞാൻ കാണുന്നുള്ളൂ. ആ നിലയിൽ കണക്കാക്കുവാൻ സാധിക്കാത്ത ഒരു മന്ത്രിക്കു നാടൻകാര്യങ്ങൾ നടത്തുവാൻ സാധിക്കുമെന്നും എനിക്കു തോന്നുന്നില്ല. ഇവിടെ നടന്ന പല ആക്ഷേപങ്ങളെപ്പറ്റിയും അതിനു ഗവൺമെണ്ടിനു്, എന്തു ചെയ്യുവാൻസാധിക്കുമെന്നു മറുപടി പറയുവാൻ എളുപ്പമാണു്. എന്നാൽ ഏതാനും മാസങ്ങൾക്കുമുമ്പു് ഇന്ത്യയുടെ നേതാവു് പണ്ഡിറ്റു് ജവഹർലാൽ നെഹറു ഈ വിധത്തിലുള്ള ഒരു സന്ദർഭത്തിൽ പറഞ്ഞ ഉത്തരമാണു് എനിക്കു പറയുവാൻ തോന്നുന്നതു്. ഇന്നത്തെകാലത്തുള്ള ഗവൺമെണ്ടുകൾ പോലീസു് സ്റ്റേറ്റിൽനിന്നും ജനങ്ങളുടെ സാമൂഹ്യമായ രക്ഷയ്ക്കുവേണ്ടിയുള്ള ഒരു സ്ഥാപനമായി മാറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ നാട്ടിൽ നടക്കുന്ന കെടുതികൾക്കു ഗവൺമെണ്ടിനു കുറ്റം സമ്മതിക്കാതെ നിവൃത്തിയില്ല. നാട്ടിൽ നടക്കുന്ന കഴപ്പങ്ങൾക്കൊന്നിനും തങ്ങൾ ഉത്തരവാദികളല്ല എന്നു പറഞ്ഞു മാറിനില്ക്കുവാൻ ഇന്നത്തെ ഗവൺമെണ്ടുകൾക്കു് അവകാശമില്ല. ഈ നിലയിലാണു് ഗവൺമെണ്ടുകളുടെ അധികാരപരിധികൾക്കു വികാസമുണ്ടായിട്ടുള്ളതു്. ഇത്രയും ധരിച്ചുകൊണ്ടു് ഫിനാൻസുമന്ത്രിയുടെ വേഷം കെട്ടി നിങ്ങളുടെ മുമ്പിൽ നില്ക്കുന്ന ഞാനും നിങ്ങളും ഒരേ ആശയത്താൽമാത്രം പ്രേരിതരായിട്ടാണു് നിലകൊള്ളുന്നതു്. അതായതു് രാജ്യത്തിലെ സാമാന്യജനങ്ങളുടെ ക്ഷേമം മാത്രം ലാക്കാക്കിയാണു് ഇവിടെ വിമർശനമുണ്ടായിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. ആ നിലയിൽ മാത്രമാണു് ഞാൻ ഏതാനും മിനിട്ടു സമയം ഇവിടെ നടന്ന വാദപ്രതിവാദങ്ങൾക്കു് മറുപടി പറയുവാൻ പോകുന്നതു്. കഴിഞ്ഞ വർഷങ്ങളെക്കൊള്ളുങ്ങളായി ഈ നാട്ടിൽ നിലനിന്നുകൊണ്ടുവന്നിരുന്ന ഒരു ഗവൺമെണ്ടുയന്ത്രത്തിന്റെ തല്പാലവക്താവായി നിന്നുകൊണ്ടു ഇവിടെ നടന്ന വാദപ്രതിവാദങ്ങളെപ്പറ്റി എത്രതന്നെ പറയുവാൻ സാധിക്കുമെന്നിരുന്നാലും അപ്രകാരം എല്ലാ കാര്യങ്ങളേയും സാധൂകരിക്കുന്നതിനു ഞാൻ ശ്രമിക്കുന്നില്ല. ഇവിടെ നടന്ന വാദപ്രതിവാദങ്ങളെപ്പറ്റി അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള എന്റെ നില പറയാമെന്നുമാത്രമാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽ അടങ്ങിയ എല്ലാ കാര്യങ്ങൾക്കും മറുപടി പറയുവാനും സാധ്യമല്ല. ധനസംബന്ധമായ ഈ ബഡ്ജറ്റിൽ അടങ്ങിയ കാര്യങ്ങൾക്കുമാത്രം ചില വിശദീകരണങ്ങൾ, ചില ന്യായങ്ങൾ പറയാമെന്നുമാത്രമാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ഇവിടെ ജനക്ഷേമം വളർത്തണം എന്ന ഉൽകണ്ഠമൂലം നമ്മുടെ ബഹുമാനപ്പെട്ട സുഹൃത്തുക്കളിൽ പലരും ക്ഷമകേട്ടു കാണിച്ചിട്ടുണ്ടു്. ആ ക്ഷമകേടു് അവരോടൊപ്പം എനിക്കും ഉണ്ടെന്നുപറയുവാനും മടിയില്ല. ഈ ബഡ്ജറ്റിനെപ്പറ്റി ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളിൽ പ്രധാനപ്പെട്ടതു് ഓരോന്നായി എടുക്കാം. എന്റെ മാന്യസുഹൃത്തു് സെബാസ്റ്റ്യൻ തോപ്പിൽ വളരെ അധികം ലക്ഷം ഉറുപ്പിക Non-votable ഇനത്തിൽ ചേർത്തിട്ടുള്ളതിനെപ്പറ്റി പരിതപിച്ചു. നമുക്കു പരിപൂർണ്ണാധികാരം കിട്ടിയിട്ടും ഈ സഭയ്ക്കു പരമാധികാരം കിട്ടിയിട്ടും അധികം സംഖ്യ Non-votable ഇനമായി ബഡ്ജറ്റിൽ കാണുന്നതു് എന്തുകൊണ്ടാണെന്നു് അദ്ദേഹം ചോദിച്ചു. എനിക്കു അതിനു മറുപടി പറയുവാനുള്ളതു് നാം ഇപ്പോഴും പ്രവൃത്തിക്കുന്നതു് പഴയ ഭരണഘടനയുടെ തത്വം അനുസരിച്ചാണെന്നും നാം ഇനിയും പുതിയ ഭര

LIBRARY ARCHIVES Kerala Legislative Assembly

ണഘടന ഉണ്ടാക്കുവാൻ പോകുന്നതേയുള്ളു എന്നും ഈ ഇടക്കാലഘട്ടത്തിൽ Non-votable item പഴയ നിലയിൽതന്നെ ചേർക്കുവാനെ പാടുള്ളു എന്നുമാണു്.

ബഹുമാനപ്പെട്ട അഴീക്കോടു മെമ്പർ കൊട്ടങ്ങല്ലൂരിന്റെ കാര്യം പറഞ്ഞു. സാധാരണ നിയമസഭകളിൽ ഓരോ ഫിനാൻസു് മെമ്പർമാരും ചെയ്തിട്ടുള്ള ബഡ്ജറ്റു പ്രസംഗം പരിശോധിക്കുകയാണെങ്കിൽ രണ്ടുമൂന്നു പാരഗ്രാഫുകൾ കൊട്ടങ്ങല്ലൂരിനെപ്പറ്റി പറയുക പതിവുള്ളതായിട്ടുകാണാം. ഞാൻ അങ്ങിനെ പറയുവാൻ ഇഷ്ടപ്പെട്ടില്ല. കൊട്ടങ്ങല്ലൂർ കൊച്ചിരാജ്യത്തിൽ ഒരു പ്രത്യേക രാജ്യമാണെന്നോ, കൊട്ടങ്ങല്ലൂരിനു പ്രത്യേക ഒരു ബഡ്ജറ്റു വേണമെന്നോ എനിക്കു സ്വന്തം നിലയിൽ അഭിപ്രായമില്ല. അതുകൊണ്ടു മാത്രമാണു് ഞാൻ അതിനെപ്പറ്റി പറയാതിരുന്നതു്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ആവശ്യപ്പെട്ടതു് കൊട്ടങ്ങല്ലൂരിനു് രാജ്യത്തേക്കു കസ്റ്റംസു് ഇനത്തിൽ കിട്ടുന്ന സംഖ്യയിൽ നിന്നും ഒരു സഹായം ചെയ്യണമെന്നും കൊട്ടങ്ങല്ലൂരിന്റെ കാര്യങ്ങൾ ശ്രദ്ധിക്കണമെന്നുമാണു്. വേണ്ടിടത്തോളം ബഡ്ജറ്റു നോക്കാത്തതുകൊണ്ടു് അദ്ദേഹം അങ്ങിനെ പറഞ്ഞതാണു്. കൊട്ടങ്ങല്ലൂരിൽനിന്നു ഫ്രഞ്ചുകാർ പ്രതീക്ഷിച്ചിട്ടുള്ള വരവു് നാലുലക്ഷത്തിഎമ്പത്തയ്യായിരത്തിമൂന്നൂററിതൊണ്ണൂറു രൂപ്പികയാണെന്നും ഫ്രഞ്ചുകാർ ലേക്കുള്ള ചിലവു് ആറുലക്ഷത്തി പതിനെണ്ണായിരത്തിഒരുനൂററിഎൺപതുറുപ്പികയാണെന്നും കാണുവാൻ സാധിക്കും. അങ്ങിനെ വരവിനേക്കാൾ ഫ്രഞ്ചുകാർ കൊച്ചിക്കാർ ഇരുപതിനായിരത്തിൽപരം രൂപാ കൂടുതൽ ചിലവു ചെയ്യുകയും ചെയ്തിട്ടുണ്ടു്. കസ്റ്റംസു് ഇനത്തിൽകിട്ടുന്ന ൧൫ ലക്ഷംരൂപ്പികയിൽനിന്നു് ഒരു ശതമാനം വേണമെന്നു അദ്ദേഹം വാദിക്കുകയാണെങ്കിൽ കൊട്ടങ്ങല്ലൂരിനു് ഒരുപക്ഷേ കേവലം ൧൫ ആയിരം രൂപ്പികയാണു് കിട്ടുവാൻപോകുന്നതു്. ഇന്നു ഫസ്റ്റു് ഡിപ്പാർട്ടുമെണ്ടിന്റെ വ്യാപാരത്തിനു ഫസ്റ്റിൽ സബ്സിഡി ഉൾപ്പെടെ വ്യവഹാരം ത്രൂപാ ഫ്രഞ്ചുകാർ ചിലവു ചെയ്യേണ്ടതു് കൊട്ടങ്ങല്ലൂർ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുമില്ല. അതുകൊണ്ടു് ഞാൻ സഭാകാര്യമായി മിസ്റ്റർ കണ്ണുമൊയ്തീനോടു പറഞ്ഞ വസ്തുത ശരിയാണെന്നു കാണുവാൻ സാധിക്കും. കൊട്ടങ്ങല്ലൂരിലെ ജനങ്ങളും കൊച്ചിയിലെ ജനങ്ങളുംതന്നെയാണു്. കൊച്ചിയുടെ മുതലെടുപ്പിൽനിന്നും താരതമ്യം അനുസരിച്ചു് അവിടെയും ചിലവുചെയ്യുന്നതാണെന്നു ഈ സഭയിൽ പരസ്യമായി ഉറപ്പു പറയുവാൻ എനിക്കു കഴിയും.

ഈ ബഡ്ജറ്റു് മിച്ചബഡ്ജറ്റാണു്. മിച്ചബഡ്ജറ്റിന്റെ കാര്യത്തിൽ വളരെ ശ്രദ്ധിക്കേണ്ടതില്ല എന്നു രണ്ടുമൂന്നംഗങ്ങളും നേരിയ സ്വരത്തിൽ ആക്ഷേപിച്ചു. അതിനെപ്പറ്റി എനിക്കു അഭിപ്രായവ്യത്യാസമാണുള്ളതു്. ഇന്നത്തെ നിലയിൽ നാണയപ്പെരുപ്പമുള്ള അവസരങ്ങളിൽ കമ്മി ബഡ്ജറ്റു് അവതരിപ്പിക്കരുതു് എന്നു് ഇന്ത്യയുടെ ഇന്നത്തെ നാഷണൽ പോളിസി പ്രഖ്യാപിച്ചുകൊണ്ടു് ഇന്ത്യയുടെ ഫിനാൻസുമന്ത്രി പറഞ്ഞിട്ടു കാലം അധികമായിട്ടില്ല. സാധാരണയായി ഇൻഫ്ലേഷൻ ഉള്ള കാലങ്ങളിൽ സർപ്ലസ്സു് ബഡ്ജറ്റുണ്ടാകണമെന്നുള്ളതു ഒരു പ്രാഥമിക സിദ്ധാന്തമാണു്. അതല്ലാത്തകാലങ്ങളിൽ ഡെഫിസിറ്റു ബഡ്ജറ്റുണ്ടാകുന്നതുമാണു ശരി, അതു ഒരു കാരണം. പിന്നെ കമ്മി ബഡ്ജറ്റായതുകൊണ്ടു് വിരോധമില്ലെന്നു പറയുന്നതു് ചില ടെക്സ്റ്റു് ബുക്കുകളിൽനിന്നു വായിച്ചു മനസ്സിലാക്കിയിട്ടുള്ള കാരണങ്ങളാണു്. ഈ ടെക്സ്റ്റു് ബുക്കുകളിലെ സംഗതികൾ കൊച്ചിയെപ്പോലെ പരമാധികാരമില്ലാത്ത രാജ്യങ്ങളെപ്പറ്റി എഴുതിയിട്ടുള്ളതല്ല. ഇംഗ്ലണ്ടിലൊ അമേരിക്കയിലൊ അല്ലെങ്കിൽ കച്ചവടകാര്യത്തിൽ, വിദേശകാര്യങ്ങളിൽ എന്നു വേണ്ട ധനസംബന്ധവും അല്ലാത്തതുമായ എല്ലാ കാര്യങ്ങളിലും പരമാധികാരമുള്ള ഏതുരാജ്യത്തും അതു സാദ്ധ്യമാണു്. അവിടങ്ങിലെ ധനകാര്യമന്ത്രിമാർക്കു പല അത്ഭുതജാലവിദ്യകളും ബഡ്ജറ്റിൽ കാണിക്കുവാൻ സാധിക്കും. ബഡ്ജറ്റു് കമ്മിവെച്ചുകൊണ്ടു് കടം എടുത്തും റിസർവ്വു് ബാങ്കിൽനിന്നു നോട്ടു ഇറക്കിയും താരിഫ്പ്പേറ്റു കൂട്ടിയും മറ്റു പലവിധത്തിലും ധനസംബന്ധമായിട്ടുള്ള നിയന്ത്രണത്തിനുള്ള അധികാരം പരമാധികാരമുള്ള രാജ്യത്തെ ധനകാര്യമന്ത്രിയുടെ കയ്യിലുണ്ടു്. ആ വിധത്തിലുള്ള സാദ്ധ്യതകളും കൊച്ചിയെപോലെയുള്ള പരമാധികാരമില്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ ധനകാര്യമന്ത്രിമാർക്കില്ല. അതുകൊണ്ടു് ടെക്സ്റ്റു് ബുക്കിൽനിന്നു മനസ്സിലാക്കിയിട്ടുള്ള കാര്യങ്ങൾ കൊച്ചിയുടെ കാര്യത്തിൽ ഉപയോഗിക്കുന്നതു ശരിയല്ല. ചിലവിനം കുറച്ചു ചിലവു നടത്തുവാനുള്ള Ways and means എന്താണെന്നുള്ള ചോദ്യം അവിടെയും ഉത്ഭവിക്കാം. ഈ ബഡ്ജറ്റിൽ കുറെകൂടി ചിലവു ചേർത്തു ഒരു മുപ്പതുലക്ഷം ഉറുപ്പിക കമ്മിവെച്ചു എന്നു വെക്കുക. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഇംഗ്ലണ്ടിലെ ധനകാര്യമന്ത്രിയൊ അല്ലെങ്കിൽ അമേരിക്കയിലെ ധനകാര്യമന്ത്രിയൊ, ഇന്ത്യയിലെ ധനകാര്യമന്ത്രിയൊ പറയുന്ന മാതിരി പറയുവാൻ എനിക്കു് ധൈര്യമില്ല. വരുന്ന എട്ടുമാസത്തേക്കു ഈ സംഖ്യ നോക്കേണ്ട ചുമതലയേ എനിക്കുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

അതുകൊണ്ട് ഫിനാൻസിനെപ്പറ്റി എഴുതിയിട്ടുള്ള പാഠപുസ്തകങ്ങളിൽ ഉള്ളതു മുഴുവൻ കൊച്ചിയെപോലെയുള്ള രാജ്യങ്ങളിൽ സ്വീകരിക്കുന്നതു ശരിയായിരിക്കുകയില്ലെന്നു സ്നേഹപൂർവ്വം ഒരു മുന്നറിയിപ്പു തന്നുകൊള്ളുന്നു.

പിന്നെ ഈ ബഡ്ജറ്റിനെക്കുറിച്ചു് പറഞ്ഞിട്ടുള്ള ചില ആക്ഷേപങ്ങൾക്കു് എന്റെ ചില ബഹുമാനപ്പെട്ട സുഹൃത്തുക്കൾ തന്നെ മറുപടി പറയുകയുണ്ടായിട്ടുണ്ടു്. ഈ ബഡ്ജറ്റിന്റെ പിതൃത്വം എന്നിൽ മാത്രം ആരോപിക്കുന്നതു ശരിയായിരിക്കയില്ല. മിക്കവാറും പൂർത്തിയാക്കാത്ത ഒരു ചിത്രത്തെ പൂർത്തിയാക്കുന്നതുപോലെ നാലുമാസത്തേക്കുണ്ടായിരുന്ന ഒരു ബഡ്ജറ്റിനെ ഒരു കൊല്ലത്തേക്കാക്കി പൂർത്തിയാക്കുകമാത്രമെ ഞാൻ ചെയ്തിട്ടുള്ളൂ. അതിന്റെ പ്ലാനിങ്ങിൽ വളരെയധികം വ്യത്യാസം വരുത്താൻ പ്രയാസമാണു്. അതിന്റെ മുറികളുടെ വ്യത്യാസം കൂട്ടുകയോ കുറയ്ക്കുകയോ അല്ലാതെ—ചില്ലറവ്യത്യാസം വരുത്താനല്ലാതെ—മറ്റൊന്നും ചെയ്യാൻ സാദ്ധ്യമല്ലായെന്നു എന്റെ സുഹൃത്തുക്കളെ അറിയിക്കുവാൻ സാധിയ്ക്കും. സാധാരണ ബഡ്ജറ്റു സമ്മേളനത്തിൽ നടത്തുന്നതരത്തിലുള്ള വിമർശനം ഈയവസരത്തിൽ പ്രസക്തമാണോ എന്നു ഞാൻ ചോദിക്കുന്നു. ഒരു കൊല്ലത്തെ ഭരണം കഴിഞ്ഞശേഷം അതിനെ സംബന്ധിച്ചുള്ള ഒരു കണക്കു ചോദിയ്ക്കലാണു സാധാരണ ബഡ്ജറ്റു വിമർശനവേളയിൽ ഉണ്ടാകാറുള്ളതു്. ഞാനും എന്റെ സഹമന്ത്രിമാരും അധികാരത്തിൽ വന്നിട്ടു ആറുമാസം എട്ടേ ആയിട്ടുള്ളൂ. ഈ എട്ടുമാസക്കാലത്തെ കണക്കിയായി കാണിയ്ക്കേണ്ട ഒരു ബഡ്ജറ്റു, അതു നികുതി ഒരു വിധത്തിൽ കൊണ്ടു നടക്കാവുന്ന പുസ്തകമായി നിങ്ങളുടെ മുമ്പിൽ അവതരിപ്പിയ്ക്കുകയെന്നുള്ള സാഹസകൃത്യത്തിനു തന്നെ ഞാൻ ഒരുമ്പെട്ടതു്. അതുകൊണ്ടു ഇതു ഒരു ഇടക്കാല ബഡ്ജറ്റുമാത്രമാണു് എന്നു ഞാൻ അവകാശപ്പെടുന്നു. അതിനാൽ ഒരു ഇടക്കാല ബഡ്ജറ്റിനോടു കിണിക്കേണ്ട ദാക്ഷിണ്യം ഈ സഭ ഈ ബഡ്ജറ്റിനോടു കാണിയ്ക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഇത്രയും പറഞ്ഞതിനു ശേഷം ഇതിൽ അടങ്ങിയിട്ടുള്ള പുതിയ നികുതി വ്യവസ്ഥകളെക്കുറിച്ചുണ്ടായ വിമർശനങ്ങളേയും, ആക്ഷേപങ്ങളേയുംപറ്റി രണ്ടു വാക്കു എനിയ്ക്കു പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ഇതിൽ പുതിയതായ നികുതി വ്യവസ്ഥകൾ കൊള്ളിച്ചിട്ടുണ്ടു്. ആദായനികുതിയും സൂപ്പർ ടാക്സും ഇന്ത്യൻ യൂണിയനിലുള്ള മാതിരി ആക്കുകയെന്നുള്ളതാണു് അതിലൊന്നു്. അതിനെപ്പറ്റി ഒന്നു രണ്ടു ബഹുമാന്യസുഹൃത്തുക്കൾ അല്ലാതെ മറ്റാരും ആക്ഷേപിക്കുകയുണ്ടായില്ല. യൂണിയൻ ഇന്ത്യയിലെ മാതിരിയുള്ള നിരക്കുകൾ ഇവിടെ അവതരിപ്പിക്കുന്നതിനു് എനിയ്ക്കുള്ള ന്യായംസ്പഷ്ടമാണു്. പണം കൂടുതൽ ഉണ്ടാക്കണമെന്നുണ്ടെങ്കിൽ പണക്കാരുടെ കയ്യിൽനിന്നു മാത്രം പ്രതീക്ഷിയ്ക്കാവുന്ന, ഇങ്കംടാക്സും സൂപ്പർ ടാക്സും കൂട്ടുകയെന്നുള്ളതല്ലാതെ മറ്റൊന്നൊരു മാർഗ്ഗമാണുള്ളതെന്നു ബഹുമാനപ്പെട്ട മെമ്പർമാർ ആലോചിച്ചു നോക്കുക. ഏതാണ്ടു ലക്ഷം ജനങ്ങൾ മാത്രമുള്ള കൊച്ചീരാജ്യത്തു ഒന്നര ലക്ഷം രൂപ വരുമാനമുണ്ടാക്കുന്ന ഗവൺമെണ്ടു, നികുതിഭാരംകൊണ്ടു ജനങ്ങളെ ഞെക്കിക്കൊല്ലുന്നു എന്നു് ആക്ഷേപിക്കുന്നവരുണ്ടു്. ഇവിടത്തെ പ്രസംഗവേളയിൽ തന്നെ ഒന്നു രണ്ടു സുഹൃത്തുക്കൾ നികുതിഭാരം അസഹ്യമായിരിക്കുന്നു എന്നു ആക്ഷേപിക്കുകയുണ്ടായി. ഒന്നര ലക്ഷം രൂപ വരവുണ്ടാക്കുന്നതിനെ സംബന്ധിച്ചു, ഏതാണ്ടു 1945-ലെ സെൻസസ്സു അനുസരിച്ചു കൊച്ചിയിലെ ജനസംഖ്യ 1945ൽ ചിലപ്പോൾ ലക്ഷമായതുകൊണ്ടു് ഓരോരുത്തരും ഒരു രൂപയോളം പ്രതിമാസം നികുതി കൊടുക്കുന്നുണ്ടെന്നു ചിലർ പ്രസംഗിയ്ക്കാവുണ്ടു്; ചില പത്രങ്ങളിൽ ഇങ്ങിനെ എഴുതി കണ്ടാവുമുണ്ടു്. അതു ശരിയല്ലെന്നു പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു. എന്റെ അടുത്തു ചില കണക്കുകളും ഉണ്ടു്. ഈ സഭാംഗങ്ങളുടെ കയ്യിൽ കൊടുത്തിട്ടുള്ള വിശദീകരണ പത്രികയിൽ 1942 മുതൽ 1948 ഉൾപ്പെടെ ഇന്നുവരെയുള്ള നികുതി വരവുകളും, ഗവൺമെണ്ടിന്റെ മറ്റു വരുമാനങ്ങളും എടുത്തു കാണിച്ചിട്ടുണ്ടു്. 1942ൽ കൊച്ചിയിലെ ബഡ്ജറ്റു പ്രകാരം വരവു്, 1942-ലക്ഷത്തിൽ ചിലപ്പോൾ രൂപയാണു്. 1942ലെ വരവു് 1948 ലക്ഷമാണു്, 1942-ൽ നിന്നു 1948 ആയതു് എങ്ങിനെയാണെന്നു കൊച്ചിയിലെ ടാക്സേഷൻ വ്യവസ്ഥ അറിയണം എന്നു് ആഗ്രഹിക്കുന്നവർ പരിശോധിക്കുന്നതു നന്നായിരിക്കും. 1942ൽ, 1942ലും നില നികുതി 1942 ലക്ഷത്തിൽ ചിലപ്പോൾ തന്നെയാണു്. നമ്മുടെ നാട്ടിലെ നികുതിയിൽ ഏറ്റവും പ്രധാനമായതു നില നികുതിയാണു്. 1942-ൽ ആദായനികുതിയിനമായി നമുക്കു് കിട്ടിയിരുന്നതു 1,വ 0,വ 0 രൂപയാണു്. 1942ൽ 1 0,൯൯,0 0 0 രൂപയാണു്. ഡയറക്ടു് ടാക്സേഷൻ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിച്ചതുകൊണ്ടു മാത്രമാണ് ഈ വർദ്ധനവു ഉണ്ടായതു് എന്നു ബഹുമാനപ്പെട്ട സുഹൃത്തുക്കൾ മനസ്സിലാക്കിയാൽ നന്നു്. ൧൯൫൫-ൽ ഡയറക്ട് ടാക്സേഷൻ ഇനത്തിൽ ൫ ൦ ലക്ഷം രൂപ വരുമാനമുണ്ടായിരുന്നതു് ഇന്നു പുതുലക്ഷം രൂപയായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം ഇങ്കം ടാക്സിലുണ്ടായ വർദ്ധനവു മാത്രമാണു്. പിന്നെ വില്ലന നികുതിയെന്നു പറയുന്ന ഒരിനമുണ്ടു്. താവത്തെണ്ടു് ഖജനാവിലേയ്ക്കു് ഇന്ന വ്യക്തികളിൽനിന്നു വരുന്നതാണെന്നു സൂക്ഷ്മമായി നിർവ്വചിയ്ക്കാൻ സാദ്ധ്യമല്ലാത്ത നികുതികൾ ഉണ്ടു്. അങ്ങിനെയുള്ള നികുതികൾ ആരുകൾ അറിയാതെ അവരിൽനിന്നു ഖജനാവിലേയ്ക്കു പോകുകയാണു്. ഉപ്പു നികുതി, അബ്കാരി ഡിപ്പാർട്ട്മെണ്ടിൽ നിന്നും കിട്ടുന്ന കറപ്പു, കഞ്ചാവു, പുകയില മുതലായതിൽനിന്നു കിട്ടുന്ന വരവു, സെയിൽസ് ടാക്സ് ഇവയെല്ലാം ഈ ഇനത്തിൽപ്പെട്ട നികുതികളാണു്. ൧൯൫൫-ൽ ൫ ൦ ലക്ഷം രൂപ ഈ ഇനത്തിൽ വരുമാനമുണ്ടായിരുന്നതു ൧൯൫൮-ൽ ൯൫ ലക്ഷമായി വർദ്ധിച്ചിട്ടുണ്ടു്. നമ്മുടെ രാജ്യത്തെ വരുമാനം ഏറ്റവും മധികം വർദ്ധിച്ചിട്ടുള്ളതു് മറ്റു ചില കാരണങ്ങളാൽ ആണു്. ഹാർബറിൽനിന്നു കിട്ടുന്ന ക്ലൃപ്തതൽ കസ്റ്റംസു റയിൽവേയിൽനിന്നു കിട്ടുന്ന ക്ലൃപ്തതൽ വരവു് എന്നിവ അതിനു കാരണമാകുന്നു. ഇങ്ങിനെയുള്ള റവന്യു വഴിയ്ക്കാണു നമ്മുടെ ബഡ്ജറിലുള്ള വരുമാനം വർദ്ധിച്ചിട്ടുള്ളതു്. ആ ഇനത്തിൽ, ൧൯൫൮-ൽ ൯൯ ലക്ഷം രൂപയാണു്; ൧൯൫൫-ൽ കിട്ടുമെന്നു പ്രതീക്ഷിക്കുന്നതു് ൫ ൫, ൭൯ ൦, ൯൫ ൦ ൦ രൂപ ആണു്. Commercial and capital enterprise-ൽ നിന്നു് കിട്ടുന്ന വരവിനവും, ബാക്കിയുള്ള വരവിനവുംകൂട്ടി നോക്കുകയാണെങ്കിൽ ഒരാൾ ശരാശരി ഒരു കൊല്ലത്തിൽ ൧൫ രൂപയോളമാണു് നികുതി കൊടുക്കുന്നതു് എന്നുള്ളതുകൂടി വെളിവായി നമുക്കു മനസ്സിലാകും. ഇൻഡയറക്ട് ടാക്സേഷൻ ഇനത്തിൽ പ്രതിവർഷം ൯൫ രൂപ മാത്രമാണു് ഓരോരുത്തരിൽനിന്നും ഈടാക്കിവരുന്നതു്. അതുകൊണ്ടു ആകെയുള്ള വരുമാനത്തെ ആകെയുള്ള ജനസംഖ്യകൊണ്ടു്, ഹരിച്ചു നമ്മുടെ നികുതി ഭാരത്തെ ഉപന്യസിക്കുന്നതു ശരിയായിരിക്കുകയില്ല. ബഹുമാനപ്പെട്ട ജന്മിമെമ്പർ, നിലനികുതിയ്ക്കു പുറമെ അഗ്രികൾച്ചർ ഇങ്കം ടാക്സ് കൂടി വസൂലാക്കുന്നതു ഡബിൾ ടാക്സേഷനാണെന്നു വാദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വാദത്തോടു യോജിയ്ക്കുവാൻ എനിയ്ക്കു നിവൃത്തിയില്ല. അഗ്രികൾച്ചറൽ ഇങ്കം ടാക്സ് മറ്റു ആദായത്തിൽനിന്നുള്ള വരവിന്മേൽ ടാക്സ് ചുമത്തുന്നമാതിരി ചുമത്താനാണു് ബഡ്ജറിൽ ഉദ്ദേശിച്ചിരിക്കുന്നതു്. പ്രധാനമായി ആക്ഷേപം ഉണ്ടായിട്ടുള്ളതു് അഞ്ചൽ കവറിന്റെ വിലകൂട്ടിയതിനെപ്പറ്റിയും, സെയിൽസ് ടാക്സ് കൂടിയതിനെപ്പറ്റിയുമാണു്. പാവങ്ങളെ പിഴിഞ്ഞു പണമുണ്ടാക്കുന്ന വ്യവസ്ഥയാണു് ഇതെന്നും ചിലർ ആക്ഷേപിയ്ക്കുകയുണ്ടായി. ഇതു് ശരിയാണോ എന്നു ശാന്തമായി ആലോചിയ്ക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. കൊച്ചിയിലെ അഞ്ചൽ കാർഡിന്നു നാലുപൈയാണു വില. പോസ്റ്റ്കാർഡിന്നു അരണയാണു വില. പോസ്റ്റ് കവറിന്നു ൫½ അണയാണു വില; അതിന്റെ മൂന്നിൽ രണ്ടുഭാഗമായിട്ടാണു ഇവിടത്തെ അഞ്ചൽ കവറിന്റെ വിലവർദ്ധിപ്പിയ്ക്കുവാൻ ഉദ്ദേശിക്കുന്നതു്. ആനിലയിലാണു മുക്കാലണയിൽനിന്നു് ഒരണയായി വർദ്ധിപ്പിക്കുന്നതു്. അഞ്ചൽ കവറിന്നു മൂന്നുപൈ കൂട്ടുന്നതിനെപ്പറ്റിയുള്ള ആക്ഷേപങ്ങൾ ഗ്രഹിക്കുമ്പോൾ അഞ്ചൽ കവറാണോ നമ്മുടെ നാട്ടിലെ ദാരിദ്ര്യത്തിൽനിന്നു രക്ഷനേടാനുള്ള ഉപാധി എന്നു തോന്നിപ്പോകും. അഞ്ചൽ കവർ അധികവും ഉപയോഗിക്കുന്നതു് ആരാണു്, പാവങ്ങളാണോ? നമ്മുടെ നാട്ടിലെ ഏറ്റവും ദരിദ്രരായ ആളുകൾ ഒരിയ്ക്കലും അഞ്ചൽ കവറു് ഉപയോഗിയ്ക്കാറില്ലായെന്നു ഞാൻ വിചാരിക്കുന്നു. നമ്മുടെ നാട്ടിലെ മദ്ധ്യവർത്തികൾ അഞ്ചൽ കവറുകൾ ഉപയോഗിച്ചേയ്ക്കാം. ശരാശരി ഒരു കൊല്ലത്തിൽ ഒരാൾ ൧൫ കവറുകൾ ഉപയോഗിക്കുമെന്നു വിചാരിയ്ക്കുക. അങ്ങിനെ വരുമ്പോൾ മൂന്നണയാണു ഒരാളുടെ കയ്യിൽനിന്നു കൂട്ടുതൽ വസൂലാക്കുന്നതു്. ഇതിനെയാണു പാവങ്ങളെ പിഴിഞ്ഞെടുക്കുന്നു എന്നു പറഞ്ഞാക്ഷേപിയ്ക്കുന്നതു്. ഇതിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഇതുകൊണ്ടു ശരിയല്ലായെന്നു ബഹുമാന്യസുഹൃത്തുക്കളെ അറിയിച്ചുകൊള്ളുന്നു. ഈവക ചിലവുകൾ ഓരോരുത്തരുടേയും ക്രയശക്തിയെ അനുസരിച്ചിരിക്കും.

ഇനി സെയിൽസ് ടാക്സിനെപ്പറ്റിയുള്ള ആക്ഷേപങ്ങളെപ്പറ്റി നോക്കാം. പാവങ്ങളുടെ പേരിലാണു് സെയിൽസ് ടാക്സിനെപ്പറ്റിയുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതു്. ൫ ൦ ൦ രൂപയിൽ കുറവായി വരുമാനമുള്ള ഒരാളാണു് പാവം എന്നു വിചാരിക്കുകയാണെങ്കിൽ വില്ലന നികുതി ഇങ്ങിനെയുള്ള ഒരാളെ എങ്ങിനെ ബാധിക്കുമെന്നു ശാസ്ത്രീയമായി ചിന്തിയ്ക്കേണ്ടതു് ഈ സഭാംഗങ്ങളുടെ ചുമതലയാണു്. ഒരു മാസം ൫ ൦ ൦ രൂപ വരുമാനമുള്ള ഒരാൾ അതു് ഏതെല്ലാംവിധത്തിലാണു് ചിലവാക്കുന്നതെന്നു് ആലോചിക്കുക.



LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

അയാൾക്കു റേഷൻ അനുസരിച്ചുള്ള അരി വാങ്ങണം, തുണി വാങ്ങണം, മണ്ണെണ്ണവാങ്ങണം; കുറ്റിയിൽ ഇടാനായി അല്പം ശക്കരയൊ പഞ്ചസാരയൊ വാങ്ങണം, വീട്ടുവാടക കൊടുക്കണം, ഇങ്ങിനെയുള്ള ചില കാര്യങ്ങൾ കഴിഞ്ഞാൽ അയാൾക്കു പിന്നെ എന്തെങ്കിലും വാങ്ങിയ്ക്കാൻ കയ്യിൽ ബാക്കിയൊന്നുമുണ്ടാവുകയില്ല. ഇന്നു സെയിൽസ് ടാക്സിൽ നിന്നു താഴെ കാണുന്ന സാധനങ്ങൾ ഒഴിവാക്കീട്ടുണ്ടു്. ഞാൻ ആ ഭാഗങ്ങൾ ഇവിടെ വായിക്കാം. The articles Exempted from Salese tax are.

Salt; Rice, Paddy, Wheat, Other cereals and pulses; Jaggery; sugar; Vegetables; fresh milk; Fish and meat except which is cured or frozen; cooked food; cheap cloth; hand-spun yarn; hand-woven cloth; fire-wood water excepting aerated or mineral waters; agricultural implements; fertilisers; cattle fodder; ground-nut oil cake; newspapers; text books; tobacco; any goods on which duty may be levied; etc.; bullion and specie; finished products of coir; cocoanut husks; cocoanut oil and betal-nuts. ഇങ്ങിനെ ൨൭ സാധനങ്ങൾ ഇന്നു വില്പനനികുതിയിൽനിന്നു് ഒഴിവാക്കിയിട്ടുണ്ടു്. ബാക്കിയുള്ള സാധനങ്ങളിന്മേലുള്ള വില്പനനികുതിയെയാണു് പാവങ്ങളുടെ നാമധേയത്തിൽ ആക്ഷേപിക്കുന്നതു്.

**Mr. M. Bhaskara Menon** *(Ernakulam)*: Tobacco has been added I suppose.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ ഇന്നത്തെ നിയമത്തെപ്പറ്റിയാണു പറയുന്നതു്. പ്രതിമാസം ൨൫൦ രൂപയിൽ താഴെവരുമാനമുള്ളവരാണു് പാവങ്ങൾ എന്നു വിചാരിക്കുകയാണെങ്കിൽ ഞാൻ ഇപ്പോൾ പറഞ്ഞ ആവശ്യങ്ങൾകഴിച്ചു മറെറന്തു സാധനം വാങ്ങിയ്ക്കുവാനാണു് അവരുടെ കയ്യിൽ പണമുണ്ടാകുകയെന്നു് ഈ സഭയോടുചോദിയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

അതുമാതിരിതന്നെ ൨൩൪൫-ൽ ചില നികുതികൾ ഈടാക്കുവാൻ ഉദ്ദേശിക്കുന്ന വസ്തുക്കളിൽ ഒന്നാണു് അടയ്ക്ക. അടയ്ക്കയിന്മേൽ നികുതിചുമത്തുന്നതിനെപ്പറ്റിയും ഒന്നു രണ്ടു ബഹുമാനപ്പെട്ട മെമ്പർമാർ ആക്ഷേപിക്കുകയുണ്ടായി. അവരുടെ ഉത്തമ വിശ്വാസത്തെ ചോദ്യം ചെയ്യാതെതന്നെ ഇനിയും പല വസ്തുതകൾ അതിനെപ്പറ്റി അവർ ശരിയായി മനസ്സിലാക്കീട്ടില്ലായെന്നു പറയേണ്ടിയിരിക്കുന്നു. അടക്കാ വ്യാപാരത്തിന്മേൽ ഇതിന്നു മുമ്പു സെൻട്രൽ ശവമ്മെണ്ടു് ഒരു നികുതി ചുമത്തിയിരുന്നു. ഇന്നു് അതു് ഇല്ലാതായിട്ടുണ്ടു്. ഇന്നു് ഉപഭോക്താക്കൾക്കു വില്പനനികുതി വഹിക്കേണ്ട ഒരു ഭാരംവരുത്തീട്ടുണ്ടെന്നുള്ളതല്ലാതെ കൃഷിയ്ക്കാർക്കു് ഒരു വിധത്തിലും അതു ബാധകമായിതീരുകയില്ല. അതുകൊണ്ടു അടക്കയെ സെയിൽസ്ടാക്സ് എക്സംപ്ഷനിൽനിന്നു് ഒഴിവാക്കുന്നതിനു മതിയായ ന്യായങ്ങളുണ്ടു്. അതും ഒഴിവാക്കിക്കഴിഞ്ഞിട്ടില്ല. ഒഴിവാക്കാനുള്ള ഒരു ബിൽ ഈസഭയുടെ ആലോചനയ്ക്കു വെയ്ക്കാൻ പോകുന്നതേയുള്ളു. ഒഴിവാക്കണമെന്നു പ്രൊപ്പോസു ചെയ്തിരിക്കുകയാണു്. അതുമാതിരി പുകയില, ചായ, ശീമമദ്യങ്ങൾ ഇങ്ങിനെ ചിലസാധനങ്ങൾകൂടി എക്സംപ്ഷനിൽനിന്നു് ഒഴിവാക്കുന്നുണ്ടു്. അതിനു ബഹുമാനപ്പെട്ട അംഗങ്ങളുടെ ഇടയിൽ സർക്കുലേറ ചെയ്തിട്ടുള്ള സെയിൽസ്ടാക്സ് അമൻറുമെൻറ ബില്ലിലുള്ള മറെറ ചില പ്രത്യേകതകൾകൂടി നോക്കാൻ ഞാൻ അപേക്ഷിക്കുന്നു. എങ്ങിനെയുള്ള ഏതെല്ലാം സാധനങ്ങളുടെമേലോവറിന്മേലാണു് നികുതി ചുമത്താൻപോകുന്നതു എന്നു് ഞാൻ ഈ നിയമസഭയിൽ രണ്ടുദിവസം കഴിഞ്ഞാൽ അവതരിപ്പിയ്ക്കാൻപോകുന്ന ബില്ലിൽ പറഞ്ഞിട്ടുണ്ടു്. tobacco; motor vehicles, refrigerators; wireless reception instruments; radio gramaphones; cinematographic, photographic and other cameras: Binoculars and opera glasses; all electrical goods, instruments, apparatus and appliances; any pen, or pencils or pen and pencil set sold for Rs. 20 or more; all clocks, time-pieces and watches. എന്നിങ്ങനെ പാവങ്ങളെ ഒരു വിധത്തിലും ബാധിയ്ക്കാത്ത സാധനങ്ങളിന്മേലാണു് നികുതി ചുമത്താൻ ഉദ്ദേശിക്കുന്നതു്.

മറെറാരു സംഗതികൂടി പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ഉൾനാടുകളിലെ കമ്പോളങ്ങളിൽ നടക്കുന്ന വ്യാപാരങ്ങളിൽ ഓരോരുത്തരുടേയും ക്രയശക്തി അനുസരിച്ചു നമുക്കു വിഭജിയ്ക്കാം. പാവങ്ങൾ വാങ്ങിയ്ക്കുന്ന സാധനങ്ങൾ വില്പനനികുതിയിൽനിന്നു് ഒഴിവാക്കിയിട്ടുണ്ടു്. ക്രയശക്തി ഇപ്പോഴും ധനവാന്മാർക്കാണുള്ളതു്. ധനവാന്മാർ അവരുടെ വരുമാനത്തിൽ വലിയൊരുവിഭാഗം ബാങ്കുകളിലും മറെറാ പലിശയ്ക്കു നിക്ഷേപിക്കുന്നുണ്ടു്. എങ്കിലും അതിനുശേഷവും ക്രയശക്തി അവർക്കു പാവങ്ങളേക്കാൾ കൂടുതലായിട്ടുണ്ടു്. അതുകൊണ്ടു ൨൩൪൫-ൽ വില്പനനികുതിയിനത്തിൽ പ്രതീക്ഷിക്കുന്ന ൩൦ ലക്ഷത്തിൽ ചിലഭാഗം

LIBRARY ARCHIVES Kerala Legislative Assembly

രൂപയിൽ ഒരു വലിയവിഭാഗം ധനവാന്മാരിൽ നിന്നാണ് സ്റ്റേറ്റ് ട്രഷറിയിൽവന്ന ചേരുകയെന്നു ഞാൻ പറഞ്ഞാൽ അതിൽ അശേഷം അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു വില്പനകരത്തിന്മൂലം പാവങ്ങളെ പിഴിഞ്ഞെടുക്കുന്നു എന്നു പറഞ്ഞുകൊണ്ടു ആക്ഷേപിയ്ക്കാൻ സാദ്ധ്യമല്ല. ഈ എതിർപ്പിൽ മതിയായ കാമ്പില്ലെന്നും എനിയ്ക്കു വാദിയ്ക്കേണ്ടിയിരിക്കുന്നു. ഞാൻ അങ്ങിനെ വാദിക്കുന്നതു ഞാൻ ചെയ്തതൊക്കെ ശരിയാണെന്ന നിലയിലല്ല. ഇതിനെക്കുറിച്ചു കുറച്ചുകൂടി ആലോചിയ്ക്കണമെന്നു പറയാൻ മാത്രമാണ്. ഇതുരണ്ടും മാത്രമാണ പ്രധാനമായ നികുതി വ്യവസ്ഥകൾ. ഇതിനെ രണ്ടിനേയും പറ്റിയാണ ആക്ഷേപം ഉണ്ടായിട്ടുള്ളതു്. ഭാഗ്യവശാൽ ഇങ്കംടാക്സ് കൂട്ടിയതിനെപ്പറ്റിയും, സൂപ്പർടാക്സ് കൂട്ടിയതിനെപ്പറ്റിയും ഒന്നോ രണ്ടോ ആളുകൾമാത്രമെ ആക്ഷേപിച്ചിട്ടുള്ളൂ. ആ ആക്ഷേപം നിലനില്ക്കുമെന്നു എനിയ്ക്കു തോന്നുന്നില്ല പ്രത്യേകിച്ചു കൊച്ചി ഇന്ത്യൻ യൂണിയനിൽ ചേർന്നു ഇന്ത്യയുടെ ഒരു ഘടകമായിതീരുന്ന അവസരത്തിൽ, ഇന്ത്യയിൽ എല്ലായിടത്തും ഒരേമാതിരിയുള്ള ഇങ്കംടാക്സ് വരാൻപോകുന്ന അവസരത്തിൽ ൧൯൫൦-൫൧ മാണ്ടിൽ അങ്ങിനെവരുമെന്നു വിചാരിക്കുകയാണെങ്കിൽതന്നെ ൧൯൫൧-ൽ അങ്ങിനെയുള്ള ഒരു വ്യവസ്ഥയെടുക്കുവാൻ ഞാൻ എന്തിന്നുമടിയ്ക്കുന്നു? ഇതുംകൂടി ആലോചിച്ചിട്ടാണ് ഇന്ത്യൻ യൂണിയൻ നിരക്കുരീതിയിൽ ഇങ്കംടാക്സ് അവതരിപ്പിച്ചിട്ടുള്ളതു്. സെയിൽസ് ടാക്സിനെപ്പറ്റിയുള്ള ആക്ഷേപങ്ങളിൽ മറ്റൊന്നു തിരുവിതാംകൂറിൽ സെയിൽസ് ടാക്സ് ഇല്ലാതിരിക്കുന്നിടത്തോളം കാലം കൊച്ചിയിൽ സെയിൽസ് ടാക്സ് അവതരിപ്പിയ്ക്കുന്നതു് എന്തിനാണ് എന്നാണ്. എന്നാൽ രണ്ടു കൊല്ലംമുമ്പുതന്നെ സെയിൽസ് ടാക്സ് കൊച്ചിയിൽ അവതരിപ്പിച്ചുകഴിഞ്ഞു. അതിൽ കഴിഞ്ഞ കൊല്ലത്തേതിൽനിന്നും ചില്ലറ വ്യത്യാസംവരുത്തുവാൻമാത്രമാണ് ഇപ്പോൾ ഉദ്ദേശിക്കുന്നതു്. എന്റെ അറിവു ഈ മകരമാസത്തിൽതന്നെ തിരുവിതാംകൂറിൽ സെയിൽസ് ടാക്സ്നടപ്പിൽവരുമെന്നാണ്. അതുകൊണ്ടു സെയിൽസ് ടാക്സിനെപ്പറ്റി ആക്ഷേപംപറയാൻ നിവർത്തിയില്ല എന്റെസുഹൃത്തു ശ്രീമാൻ മുരളീധരമാരാർ പറഞ്ഞു മദ്യനിരോധനം നടപ്പാക്കുന്നതിന്നുവേണ്ടിയാണു സെയിൽസ് ടാക്സ് എപ്പെട്ടത്തിയതു്എന്നു്. സെയിൽസ്ടാക്സിനെപ്പറ്റിയുള്ള അനേകം അന്ധവിശ്വാസങ്ങളിൽ ഒന്നുമാത്രമാണതു്. മദ്യനിരോധനം നടപ്പാക്കുന്നില്ലായെന്നുണ്ടെങ്കിൽ സെയിൽസ് ടാക്സ് ചുമത്താൻ പാടില്ലായെന്നാണു പറയുന്നതു്. മദ്രാസു സംസ്ഥാനത്തിൽ അന്നു ധനകാര്യമന്ത്രിയും പ്രധാനമന്ത്രിയും ആയിരുന്നു് ഇന്നു ഗവർണ്ണർജനറാൾ ആയിരിക്കുന്ന ശ്രീ. രാജഗോപാലാചാരി സെയിൽസ്ടാക്സ് ബിൽ അവതരിപ്പിച്ച അവസരത്തിൽ മദ്യനിരോധനംകൊണ്ടു വരാവുന്ന വരുമാനക്കുറവു നികത്തുവാൻ ആണ് സെയിൽസ്ടാക്സ് ബിൽ കൊണ്ടുവന്നതു് എന്നുപറയുകയുണ്ടായി. എന്നാൽ മദ്യനിരോധനത്തിന്നു പകരമാണ സെയിൽസ് ടാക്സ് ബിൽ കൊണ്ടുവന്നതു എന്നുപറയുന്നതു ശരിയല്ല. സെയിൽസ്ടാക്സ് യൂറോപ്യൻ രാജ്യങ്ങളിൽ അവരുടെ വരുമാനം വർദ്ധിപ്പിയ്ക്കാൻ ഇതിന്നുമുമ്പു ഏർപ്പെടുത്തിയിട്ടുണ്ടു്. ഇങ്ങിനെ നോക്കുകയാണെങ്കിൽ അതിശംഭീരനായ രാജഗോപാലാചാരിയ്ക്കുപോലും സെയിൽസ്ടാക്സ് മദ്രാസുസംസ്ഥാനത്തിൽ അവതരിപ്പിയ്ക്കാനുള്ള ആശയം കിട്ടിയതു യൂറോപ്പിലെ ചില രാജ്യങ്ങളിൽ നിന്നാണ്.

പിന്നെ വളരെയധികം വാദപ്രതിവാദത്തിന്നു വിഷയമായ ഒരുകാര്യം റിട്രെഞ്ചുമെൻറാണു്. റിട്രെഞ്ചുമെൻറിന്റെ കാര്യത്തിൽ ഞാനും ബഹുമാനപ്പെട്ട സഭാംഗങ്ങളും തമ്മിൽ അഭിപ്രായവ്യത്യാസമില്ലെന്നു പറയാൻ എനിയ്ക്കു വളരെ സന്തോഷമുണ്ടു്. റിട്രെഞ്ചുമെൻറിനെപ്പറ്റി വളരെ വ്യക്തമായിട്ടുള്ള ആശയങ്ങളൊന്നും ഇന്നലെയും ഇന്നുമായി നടന്ന വാദപ്രതിവാദങ്ങളിൽനിന്നു കിട്ടുകയുണ്ടായില്ലായെന്നു ഞാൻ പറയുകയാണെങ്കിൽ അതു് എന്റെ സുഹൃത്തുക്കളെ ആക്ഷേപിക്കുകയാണെന്നു വിചാരിയ്ക്കരുതു്. ചില ആളുകൾ പറഞ്ഞു വലിയ ആളുകളെ റിട്രെഞ്ചുചെയ്യണം, ചെറിയ ആളുകളെ റിട്രെഞ്ചുചെയ്യരുതുഎന്നു്. തടിച്ചു തുമ്പളവും കൊഴത്ത ബത്തയും വാങ്ങുന്നവരെ മാറ്റണം എന്നു ചിലർപറഞ്ഞു. ഇതൊക്കെ ചെയ്യാമെന്നുവെച്ചാൽതന്നെ അതിന്നുവേണ്ടത്തക്ക വ്യക്തമായ നിർദ്ദേശങ്ങളൊന്നും ഈ സഭയിൽനിന്നു കിട്ടുകയുണ്ടായിട്ടില്ല. വരാൻപോകുന്ന ഏതാനും ദിവസത്തിന്നുള്ളിൽ അതു കിട്ടുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഒരു സംഗതി ഈയവസരത്തിൽ വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ൫ ½ ലക്ഷം രൂപ റിട്രെഞ്ചുമെൻറു കൊണ്ടു് ചിലവിനത്തിൽ കുറവുണ്ടാകുമെന്നാണു ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളതു്. അതു ൫൦ ലക്ഷമെന്നു കണക്കാക്കുക. മറ്റൊരു ലക്ഷം രൂപയുംകൂടിവേണമെന്നു വിചാരിച്ചാൽ ൫൦ രൂപശമ്പളമുള്ള ആളുകളെ റിട്രെഞ്ചുചെയ്യുകയാണു എന്നുവരികിൽ ൫, ൦൦൦ ഉദ്യോഗസ്ഥന്മാരെ റിട്രെഞ്ചു ചെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

യ്യേണ്ടിവരും. അപ്പോൾ ചെറിയഉദ്യോഗസ്ഥന്മാരെ മാത്രം റിട്രെഞ്ചുമെൻറ് ചെയ്യുന്നകാര്യം സ്വീകരിയ്ക്കാൻ ഗവണ്മെണ്ടിന്ന സാദ്ധ്യമല്ല. അതിന്ന പലമാറ്റങ്ങളും സ്വീകരിയ്ക്കേണ്ട തായിവരും. ആ മാറ്റങ്ങളും സ്വീകരിയ്ക്കുന്നതിന്ന സൗകര്യത്തിനുവേണ്ടിയാണ് ഈ സ ന്ദർഭത്തിൽ സ്വീകാര്യമാണ്. ഇക്കാര്യത്തിൽ എല്ലാവരും സഹായിക്കാൻ ഞാൻ അഭ്യർത്ഥി ക്കുന്നു. താഴ്ന്ന ശമ്പളക്കാരെ ഉപദ്രവിയ്ക്കണമെന്നാ വിചാരം ഞങ്ങൾക്കില്ല. അതിന്ന ള്ള ഒരു ഉദാഹരണമാണ് രൂ ൦ ൦ രൂപയിൽ കൂടുതൽ ശമ്പളമുള്ളവരുടെ ക്ഷാമബത്തയ്ക്കു ണ്ടായെന്നവച്ചിട്ടുള്ളതു്. ബഡ്ഡറ്റ് സമീകരിയ്ക്കുവാൻ ഏറ്റവും ആകർഷകമായ ഒരുമാർഗ്ഗം ഉ ണ്ടായിരുന്നു. ആ കാര്യത്തെപ്പറ്റി വളരെ ആലോചിക്കുകയുണ്ടായി. അതിലും താഴ്ന്ന ശമ്പളക്കാരുടെ ഡിയർനസ്സ് അലവൻസിൽ പത്തുശതമാനം കുറക്കുകയാണ് എന്നുണ്ടെങ്കിൽ രൂ ൦ ൦ രൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ക്ഷാമബത്തയും മറ്റും കുറച്ചു തുകൊണ്ടു ലാഭം ഉണ്ടാക്കാമെന്ന ഉദ്ദേശിക്കുന്നു ൨, ൦ ൦ ൦ രൂപയേക്കാൾ പത്തോ, പതി നഞ്ചോ ഇരട്ടി വരുമാനം ഉണ്ടാകുമായിരുന്നു. മൂന്നു നാലു ലക്ഷം രൂപ നിഷ്പ്രയാസം ചി ലവുചുരുക്കാമായിരുന്നു. ഇന്നത്തെ ജീവിതത്തോതിൽ യാതൊരുവിധത്തിലുള്ള താങ്ങും വ ന്നിട്ടില്ലാത്തസ്ഥിതിയ്ക്ക് രൂ ൦ ൦ രൂപയിൽ താഴ്ന്ന ശമ്പളക്കാരുടെ ഡിയർനസ്സ് അ ലവൻസും, ടെംപൺ അലവൻസും കുറയ്ക്കുന്നതു അനാവശ്യമായിരിക്കും, സാഹസമായിരിക്കും എന്നു വിചാരിച്ചിട്ടാണ ഇത്ര വളരെ കഷ്ടപ്പെട്ടുണ്ടാക്കിയ ബഡ്ഡറ്റിലും ഈവക കാര്യങ്ങളെ പ്പറ്റി ആലോചിയ്ക്കാതിരുന്നതു്. ഈവക കാര്യങ്ങളെപ്പറ്റി ആലോചിയ്ക്കാനുള്ള സന്നദ്ധത കാണിക്കുന്ന ഗവണ്മെണ്ടു നിർണ്ണയമായി ഈവക കാര്യങ്ങളിൽ പ്രവർത്തിയ്ക്കുമെന്ന വിചാരിക്കേ ണ്ടതില്ല. എങ്കിലും ഒരുരോഗിയുടെ വയറു, അല്ലെങ്കിൽ ദേഹം, കീറി മുറിക്കുന്ന സർജ്ജനെപ്പ റ്റി പ്രഥമദൃഷ്ടിയിൽ നിർദ്ദയൻ എന്നു തോന്നിയേക്കാം. മേദസ്സു വർദ്ധിച്ചിട്ടുള്ള ഒരു ശരീര ത്തിൽ നിന്നു അല്പം കീറിമുറിക്കേണ്ടിവരുകയാണെങ്കിൽ, അങ്ങിനെ മുറിഞ്ഞുപോകുന്ന ഭാഗ ത്തിനുവേണ്ടി ആരും വാദിക്കാതിരുന്നാൽ കൊള്ളാം എന്നാണ എനിയ്ക്കുള്ള അപേക്ഷ. (ചിരി) പോലീസിൻറെയും, മിലിട്ടറിയുടേയും, ചിലവിനെക്കുറിച്ചു് ഇവിടെ പല മെമ്പർമാരും ആ ക്ഷേപിക്കുകയുണ്ടായി. മിസ്റ്റർ ഗാന്ധിയുടെ പ്രസംഗത്തിൽ പറഞ്ഞ മാതിരി ഓരോ നാട്ടുരാജ്യങ്ങളിലേയും മിലിട്ടറി ഒരു രാജചിഹ്നമായി വളരെക്കാലമായി നിലനില്ക്കുകയാണ്. കൊച്ചി ഇന്ത്യൻ യൂണിയനിൽ ചേർന്നുകൊണ്ടു എന്തിനാണ ഇവി ടെ ഒരു മിലിട്ടറി നിന്നുന്നതു് എന്ന നാലഞ്ചാളുകൾ അവരുടെ പ്രസംഗത്തിൽ ചോദിക്കുക യുണ്ടായി. അവരോടു എനിയ്ക്കു പറയാനുള്ള മറുപടി കൊച്ചി ഇനിയും ഇന്ത്യൻ ഫെഡ റേഷൻറെ ഒരു ഘടകമായി തീർന്നു കഴിഞ്ഞിട്ടില്ലായെന്നാണ്. അങ്ങിനെ ആയിതീർന്നശേ ഷം എന്ന തെറ്റിദ്ധാരണയിന്മേൽ ഇങ്ങിനെ ആക്ഷേപിക്കുകയാണ്. എന്നാൽ ഇന്ത്യൻ യൂണിയനിൽ കൊച്ചി accede ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഗവർണ്ണർ ജനറൽ-ഓഫ്-ഇന്ത്യ-യാണ അതു നടന്നതു്. എന്നാൽ അതിനു മുമ്പിലത്തെ ഏതാനും മാസത്തെ കാര്യങ്ങളും ഒന്നാലോ ചിച്ചു നോക്കാൻ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. അന്നു് ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ നിലയെന്തായിരിക്കുമെന്നു നിശ്ചയിയ്ക്കാൻ പാടില്ലായിരുന്നു. നമ്മുടെ അയൽ രാജ്യമായ തിരുവിതാംകൂർ ഒരു സ്വതന്ത്രരാജ്യമായി, പരമാധികാരത്തോടുകൂടിയ രാജ്യമായി നിലനി ല്ക്കാൻ പോകുന്നു എന്നുകൂടി പത്രങ്ങളിൽ നാം വായിച്ചിരുന്നു. മറ്റനേകം നാട്ടുരാജ്യ ങ്ങളുടേയും നില എന്തായിരിക്കുമെന്ന വിചാരിക്കുവാൻ നിവർത്തിയില്ലായിരുന്നു. ഡൽ ഹിയിലാണെങ്കിൽ ഇന്ത്യാവിഭജനംകൊണ്ടുണ്ടായ അനേകം കാര്യങ്ങളിൽ സെൻട്രൽ ഗവ ണ്മെണ്ടിൻറെ ശ്രദ്ധ വ്യാപരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങിനെയുള്ള സന്ദർഭത്തിൽ നിന്നുകൊണ്ടു് നാം ഇന്നത്തെ സ്വാതന്ത്ര്യത്തിലേയ്ക്ക് എത്തിച്ചേർന്നതിൽ നമുക്കു വളരെ ആശ്വാ സം കൊള്ളാമെങ്കിലും, യഥാർത്ഥത്തിൽ ഒരു തരത്തിലും ആശ്വാസം കൊള്ളാവുന്ന സമയമായിരു ന്നില്ലാ അന്നു്. അന്നുവരെ നിലനിന്നിരുന്ന ഒരു മിലിട്ടറി ഗവർണ്ണർ ജനറൽ-ഓഫ്-ഇന്ത്യ-തന്നെ പിരിച്ചുവിടത്തക്ക ഒരു നിലയുണ്ടായിരുന്നില്ല. കൊച്ചിയിലെ മിലിട്ടറിയെപ്പറ്റി പ്രതിപാ ദിക്കുമ്പോൾ രണ്ടുകാര്യങ്ങൾനാം തീരുമാനിയ്ക്കേണ്ടതായിട്ടുണ്ട്. അതു മനസ്സിലാക്കേണ്ടകാര്യ മല്ല. കൊച്ചി ഒരുനാട്ടുരാജ്യമായി നിലനില്ക്കുകയാണെങ്കിൽ, കൊച്ചി മഹാരാജാവു പരമാ ധികാരമുള്ള ഒരു രാജാവായി ഈ രാജ്യത്തു ഭരണം നടത്തുകയാണെന്നുണ്ടെങ്കിൽ ഒരു രാജ ചിഹ്നമായി മിലിട്ടറി ഇവിടെ ഉണ്ടാവുകതന്നെ ചെയ്യും. നേരേമറിച്ചു, കൊച്ചി മറ്റുള്ള സംസ്ഥാനങ്ങളെപ്പോലെ ഇന്ത്യൻ ഫെഡറേഷൻറെ ഒരു സ്വതന്ത്രഘടകമായിതീരുകയാണെ

LIBRARY ARCHIVES Kerala Legislative Assembly

കിൽ കൊച്ചിയിൽ മിലിട്ടറി ഉണ്ടാവുകയില്ല; ഉണ്ടാകാൻ ഇന്ത്യാഗവമ്മെണ്ട അനുവദിക്കുകയുമില്ല. ഇതാണവാസ്ഥവസ്ഥിതി. ഈ വസ്തുത മനസ്സിൽവെച്ചുകൊണ്ടുവേണം മിലിട്ടറി ബഡ്ജറ്റിനെപ്പറ്റി ആക്ഷേപിയ്ക്കുവാനും, വിമർശിക്കുവാനും. നമ്മുടെ മിലിട്ടറിയുടെ ചിലവു അഞ്ചുലക്ഷം രൂപായാക്കി ചുരുക്കുന്നതിനു് ഇന്ത്യാഗവമ്മെണ്ടിലേക്കു കൊച്ചി ഗവമ്മെണ്ടു് എഴുതിയിട്ടുണ്ടു് എന്ന വസ്തുത ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

പോലീസ്സു ബഡ്ജറ്റിനെക്കുറിച്ചും ആക്ഷേപമുണ്ടായിട്ടുണ്ടു്. പോലീസു ബഡ്ജറ്റിൽ വളരെ പണം കൂടുതൽ ഉണ്ടെന്നു പറഞ്ഞു ആക്ഷേപിക്കുകയുണ്ടായി. ൧൯൫൮-൫൯ ബഡ്ജറ്റിൽ ൨൫-ൽ ലക്ഷം ചിലവാനം രൂപ പോലീസു ബഡ്ജറ്റിൽ ചേത്തിട്ടുണ്ടെന്നു പറഞ്ഞു ഇവിടെ ആക്ഷേപിക്കുകയുണ്ടായി. എന്നാൽ അങ്ങിനെ ആക്ഷേപിച്ച സുഹൃത്തുക്കൾ ഒന്നു രണ്ടു വസ്തുതകൾ വിസ്മരിച്ചിട്ടുണ്ടു്. അതിൽ ഏറ്റവും പ്രധാനമായതു് ൪½ ലക്ഷം രൂപ ചുങ്കമിനത്തിൽ മുനിസിപ്പാലിറ്റിക്കുകൊടുക്കാനുള്ളതു പോലീസു ബഡ്ജറ്റിലാണു് കൊള്ളിച്ചിരിക്കുന്നതു് എന്നുള്ളതാണു്. അതു അങ്ങിനെയാണോ കൊള്ളിക്കേണ്ടതു എന്നു നിശ്ചയമില്ല. മോട്ടോർ വെഹിക്കിൾസ്സു ആക്ടു് പ്രകാരം പിരിക്കുന്ന സംഖ്യ മുൻസിപ്പാലിറ്റിക്കു കൊടുക്കേണ്ടതാണു്. ആ സംഖ്യയായ ൪½ ലക്ഷം രൂപ പോലീസു ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുകയാണു്. അതിനു പകരം വുലക്ഷത്തിൽ ചിലവാനം രൂപ വരവിനത്തിലും കാണിച്ചിട്ടുണ്ടു്. ഈ ൪½ ലക്ഷം രൂപ പോലീസു ബഡ്ജറ്റിൽ നിന്നും നീക്കുകയാണെങ്കിൽ ബാക്കി ൨൪-ൽ ലക്ഷം ചിലവാനം രൂപായാണു് ബഡ്ജറ്റിലുള്ളതു്. ൨൫൮-൫൯ൽ പോലീസു ബഡ്ജറ്റിലെ ചിലവു, ൧൯½ ലക്ഷം രൂപയാണു്. ൨൫൮-൫൯ൽ അതു് ൨൪-ലക്ഷത്തിൽ ചിലവാനമായി വർദ്ധിച്ചതു കഴിഞ്ഞ അഞ്ചെട്ടു് ആണ്ടുകളിൽ അധികാരത്തിൽവന്ന മന്ത്രിമാർ തങ്ങളുടെ ദേഹരക്ഷയ്ക്കുവേണ്ടി പോലീസു സൈന്യത്തെ വർദ്ധിപ്പിച്ചതു കൊണ്ടല്ലായെന്നു ഞങ്ങൾക്കു വ്യക്തമായി പറയാൻ സാധിക്കും. കഴിഞ്ഞകൊല്ലം പോലീസ്സുകാരുടേയും, ഹെഡ്കാൺസ്റ്റബിൾമാരുടേയും ശമ്പളം കൂട്ടി. പോലീസു കോൺസ്റ്റബിൾമാക്കു് ൨൫ മുതൽ ൩൦വരെ ശമ്പളമാക്കീട്ടുണ്ടു്. അങ്ങിനെ ചെയ്തതു തെറ്റാണെന്നു ഈ സഭ വാദിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇങ്ങനെ പോലീസു കോൺസ്റ്റബിൾമാക്കും, ഹെഡ് കോൺസ്റ്റബിൾമാക്കും ശമ്പളം കൂട്ടിയതുകൊണ്ടു, പോലീസുബഡ്ജറ്റിൽ ചിലവു അല്പം വർദ്ധിച്ചിട്ടുണ്ടു്: ൨൫൮-൫൯ൽ ഫീൽഡ്സ്റ്റാഫു് ൨൫൭ ആയിരുന്നു. അതു് ൨൫൮-൫൯ൽ ൨൭൩ ആയി വർദ്ധിച്ചിട്ടുണ്ടു്. അങ്ങിനെ വർദ്ധിച്ചതു നിമിത്തവും, അവരുടെ ശമ്പളം വർദ്ധിപ്പിച്ചതുകൊണ്ടും ആണു് ൨൫൮-൫൯ൽ ൧൯½ ലക്ഷം രൂപ ചിലവായിരുന്നതു് ൨൫൮-൫൯-ൽ ൨൪-ലക്ഷത്തിൽ ചിലവാനമായി വർദ്ധിച്ചതു്. അല്ലാതെ ഇവിടെ പറഞ്ഞമാതിരി അനാശാസ്യമായവിധത്തിലുള്ള വർദ്ധനവു പോലീസു ബഡ്ജറ്റിൽ ഉണ്ടായിട്ടില്ലെന്നു് എനിയ്ക്കു് ഉറപ്പു പറയുവാൻ കഴിയും.

സർ, എന്റെ പ്രസംഗം അവസാനിപ്പിയ്ക്കുന്നതിനു മുമ്പു് എനിക്കു് ഒരു സംഗതികൂടി ഇവിടെ പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ഈ ബഡ്ജറ്റിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർമാരിൽ പല സുഹൃത്തുക്കളും ക്ഷമാപണം ചെയ്യുകയുണ്ടായി. കഴിഞ്ഞ രണ്ടുമാസംകൊണ്ടുണ്ടാക്കിയതാണു ഈ ബഡ്ജറ്റു്. അതുകൊണ്ടു അപൂർണ്ണമായ ഒരു ബഡ്ജറ്റാണു എന്നും മറ്റും പല ബഹുമാനപ്പെട്ട അംഗങ്ങളും വാദിക്കുകയുണ്ടായി. എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ ഇട്ടി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, പ്രജാമണ്ഡലത്തിന്റെ രാമരാജ്യം ഈ ബഡ്ജറ്റിൽ കാണുന്നില്ലായെന്നു് ആക്ഷേപിക്കുകയുണ്ടായി. എനിക്കു് ആയതിനെക്കുറിച്ചു അദ്ദേഹത്തോടും, അദ്ദേഹത്തെപ്പോലെ ആക്ഷേപിക്കുന്ന മറ്റുള്ളവരോടും പറയാനുള്ളതു്, രാമരാജ്യം ഒരു സംഭവമല്ലാ ഒരു പ്രസ്ഥാനമാണെന്നാണു്. ഒരു മണിക്കൂറുകൊണ്ടോ ഒരു ദിവസംകൊണ്ടോ, ഒരു മാസംകൊണ്ടോ നടപ്പിൽ വരുത്താവുന്ന ഒരു പരിവർത്തനമല്ല അതു്. അനേകകാലംകൊണ്ടു്, അധികാരത്തിൽ ഇരിക്കുന്ന ഗവമ്മെണ്ടു് ബുദ്ധിപൂർവ്വം അംഗീകരിയ്ക്കുന്ന നയവിശേഷങ്ങൾകൊണ്ടു നടപ്പിൽ വരുത്താവുന്ന ഒരു സമ്പ്രദായമാണു് രാമരാജ്യമെന്നു പറയുന്നതു്. ഞാൻ ഈ വാക്കു് അദ്ദേഹം ഉപയോഗിച്ചതുകൊണ്ടു മാത്രം ഉപയോഗിച്ചു പറഞ്ഞതാണു്. ആ സമ്പ്രദായത്തിലേക്കുള്ള ലക്ഷ്യത്തിന്റെ ആദ്യപ്രവർത്തനം ഈ ബഡ്ജറ്റിലുണ്ടെന്നു ഞാൻ അഭിമാനിക്കുന്നു. അതുകൊണ്ടു ഈ ബഡ്ജറ്റിനുവേണ്ടി ക്ഷമാപണം ചെയ്തുകൊണ്ടു് പല സുഹൃത്തുക്കളും പറഞ്ഞമാതിരി അതു വിലയില്ലാത്തതല്ല ഇതു്. നമ്മുടെ നാട്ടിലെ സാമാന്യജനങ്ങൾക്കു ഗുണകരമായ പല കാര്യങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടു്. ബഹുമാനപ്പെട്ട തുപ്പുണിത്തുറ മെമ്പറും, അദ്ദേഹത്തോടു യോജിച്ചുകൊണ്ടു മറ്റു പല മെമ്പർമാരും പറഞ്ഞമാതിരി ഇതിൽ ഹെഴസിങ്ങ് സ്കീമിനുള്ള പ്രൊവിഷനില്ലായി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

രിയ്ക്കാം. അതു വേണ്ടെന്നുവച്ചിട്ടല്ല ചേർക്കാതിരുന്നതു്. ഈവക കായ്ക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ കിട്ടാത്തതുകൊണ്ടു് ഇങ്ങിനെയുള്ള ചില കായ്ക്കളും വിട്ടുപോയിട്ടുണ്ടാകാം. ഹൌസിങ്ങ് സ്കീം തുടങ്ങുന്നതിനു തടസ്ഥമായി നില്ക്കുന്നതു പണമില്ലായ്മ മാത്രമല്ല. രണ്ടു മാസംകൊണ്ടു് നടപ്പിൽ വരുത്താവുന്ന ഒരു കായ്മല്ല ഇതു്. ഇന്നു ഇന്ത്യയിലുള്ള ഏറ്റവും വിലയ ബുദ്ധിമുട്ട ഈവക കായ്ക്കളാക്കു വേണ്ട സാധനങ്ങൾ കിട്ടാനില്ലായ്മയാണു്. വേണ്ടിടത്തോളം ഇരിമ്പും, വേണ്ടിടത്തോളം സിമൻറും, വേണ്ടിടത്തോളം മറ്റു സാമഗ്രികളും കിട്ടാൻ ഇന്നു ഇന്ത്യയിലാകമാനം ബുദ്ധിമുട്ടുണ്ടു്; ക്ഷാമമുണ്ടു്. ഇങ്ങിനെ ഉപഭോക്തൃാക്കൾക്കാവശ്യമായ സാധനങ്ങൾ വേണ്ടിടത്തോളം ഈ രാജ്യത്തിലില്ലാത്തതുകൊണ്ടു് ഈവക സ്കീമുകൾ നടപ്പിൽ വരുത്താൻ ബുദ്ധിമുട്ടുണ്ടു്. ൧൯൪൮ കന്നിമാസത്തിൽ ഒരു ദിവസം അർദ്ധരാത്രി പുറത്തുവന്ന തിരഞ്ഞെടുപ്പുലിസ്റ്റിൽ പ്രജാമണ്ഡലത്തിനു ശ്രീപക്ഷമുണ്ടായിയെന്നു വിചാരിച്ചു ൧൯൪൯ വൃശ്ചികമാസത്തിന്റെ മദ്ധ്യത്തിൽ അവതരിപ്പിയ്ക്കുന്ന ബഡ്ജറ്റു രാമരാജ്യം വരുത്താനുള്ള ബഡ്ജറ്റാവുകയില്ല. ഒരു ദരിദ്രമായ ബഡ്ജറ്റാണു് അവതരിപ്പിയ്ക്കാൻ സാധിച്ചിട്ടുള്ളതു്. എങ്കിലും ആ ദാരിദ്ര്യത്തിന്റെ ഇടയിലൂംകൂടി, ഈ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള കായ്ക്കളെപ്പറ്റി ആലോചിയ്ക്കാൻ ഞാൻ ബഹുമാനപ്പെട്ട മെമ്പർമാരോടു അപേക്ഷിക്കുന്നു. ഇറിഗേഷൻ കായ്ത്തിനുവേണ്ടി നിരവധി സംഖ്യ ഇതിൽ കൊള്ളിച്ചിട്ടുണ്ടു്. ഇന്നു ഭക്ഷണസാധനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുകയെന്നുള്ളതാണു് പ്രധാനമായ ആവശ്യമെന്നു എല്ലാവക്കും ബോദ്ധ്യം വന്നിരിക്കുന്നു. ഭക്ഷ്യകായ്ങ്ങൾ നടത്തുന്ന നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഈ കായ്ത്തിൽ എത്രമാത്രം ശ്രദ്ധാലുവാണെന്നു് ഇതിനകം ബഹുമാനപ്പെട്ട സഭാംഗങ്ങൾക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. കണ്ടുകഴി സ്കീമിനു ൫ ലക്ഷം, പമ്പിങ്ങ് വാങ്ങിയ്ക്കാൻ ഒരുലക്ഷത്തിൽ ചിലപാനം, കമ്പോസ്റ്റ് വളമുണ്ടാക്കാൻ വേണ്ടിടത്തോളം സംഖ്യ ഇങ്ങിനെ അനേകം കായ്ങ്ങൾക്കുവേണ്ടി സംഖ്യകൾ കൊള്ളിച്ചിട്ടുണ്ടു്. വളരെയധികം പണം പബ്ലിക്ക് വർക്സ് ഡിപ്പാർട്ട്മെന്റിലേക്ക് കൊള്ളിച്ചിട്ടുണ്ടു്. എന്നാൽ അതു തീരെ പോരാത്തതാണെന്നു ഇവിടെ ആക്ഷേപം പറയുന്നതായി കേട്ടു. അതിനുഎനിയ്ക്കു് പറയാനുള്ളതു ഇതു മാത്രമാണു്. ഈ ബഡ്ജറ്റിൽ ചില പണികൾ കൊള്ളിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വളരെയധികം പണികൾ കൊള്ളിച്ചു അഭിമാനം നേടുവാൻ ഗവണ്മെന്റു ആഗ്രഹിക്കുന്നില്ലെന്നുള്ളതാണു്. വരുന്ന വൃശ്ചികമാസത്തിനുള്ളിൽ തീരാവുന്ന, വരുന്ന കർക്കടകമാസത്തിൽ വീണ്ടും ബഡ്ജറ്റു നിരൂപണം ചെയ്യുന്നതിനു സമ്മേളിക്കുന്നതുവരെ നടത്താവുന്ന കായ്ങ്ങളല്ലാതെ അതിൽ കൂടുതൽ കായ്ങ്ങൾ ഈ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ല. പണികൾ ധാരാളം കൊള്ളിച്ചു അഭിമാനം കൊണ്ടിട്ടു കായ്മില്ല. കഴിഞ്ഞ രണ്ടു മുന്നു കൊല്ലക്കാലത്തെ ബഡ്ജറ്റു ബഹുമാനപ്പെട്ട സഭാംഗങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ വളരെയധികം പണം കൊല്ലംതോറും കൊള്ളിച്ചു കൊല്ലാവസാനത്തിൽ ആ സംഖ്യ ലാപ്സായി പോകുന്ന പതിവു കാണാം. അതൊന്നും കൂടാതെ വരുന്ന വൃശ്ചികമാസത്തിനുള്ളിൽ തീർക്കാവുന്നകായ്ങ്ങൾ മാത്രം കൊള്ളിച്ചു കൊണ്ടാണു് ഈ ബഡ്ജറ്റുണ്ടാക്കിയിട്ടുള്ളതു്. വ്യവസായീകരണത്തിൽ വേണ്ടിടത്തോളം ശ്രദ്ധിക്കുന്നില്ലെന്നുപറഞ്ഞു ഇവിടെ ആക്ഷേപിക്കുകയുണ്ടായി. കഴിഞ്ഞ എട്ടാഴ്ചകൾക്കുള്ളിലാണു് ഈവിധത്തിലുള്ള ഒരു ബഡ്ജറ്റു എഴുതിയുണ്ടാക്കിയതു്. ഇങ്ങിനെ കുറച്ചു സമയത്തിനുള്ളിൽ എഴുതിയുണ്ടാക്കിയ ഈ ബഡ്ജറ്റിൽകൂടി അതിനുവേണ്ടി ചിലതെല്ലാം ഉൾപ്പെടുത്തിട്ടുണ്ടു്. ചാലക്കുടിയിലുള്ള ഒരു വക്കു്ഷാപ്പു ഡവലപ്പു് ചെയ്യുന്നതിനു മരുലക്ഷത്തി അമ്പതിനായിരം രൂപ ഈ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതു ബഹുമാനപ്പെട്ട സഭാംഗങ്ങളുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടാകും. ഭക്ഷ്യോല്പാദനം വർദ്ധിപ്പിയ്ക്കുന്നതിനു ചുരുങ്ങിയ ഈ കാലത്തിനുള്ളിൽ ചെയ്യുതീർക്കാവുന്ന പണികൾ പൂർത്തിയാക്കുന്നതിനും പുതിയ ജലസേചനപദ്ധതികൾ നടപ്പിൽ വരുത്തുവാനും മറ്റും പലതും ഇതിൽ ചെയ്തിട്ടുണ്ടു്. ഇതു പാവങ്ങളുടെ ബഡ്ജറ്റല്ല എന്നു ചിലർ ആക്ഷേപിച്ചുകഴിഞ്ഞു. ഇതു പാവങ്ങളുടെ ബഡ്ജറ്റാണെന്നുള്ളതു പല ഭാഗങ്ങളിൽനിന്നും, പലരും അഭിപ്രായം പ്രകടിപ്പിക്കുകയുമുണ്ടായി. എനിയ്ക്കു ഈ സഭയോടു ഒന്നു ചോദിയ്ക്കാൻ ആഗ്രഹമുണ്ടു്. ൫൨ ലക്ഷം രൂപ ചിലവാക്കാൻ ഉദ്ദേശിക്കുന്ന ഒരു ബഡ്ജറ്റിൽ ൫ ലക്ഷം രൂപ ഫുഡ് ഡിപ്പാർട്ട്മെന്റിനുവേണ്ടി ചിലവാക്കുന്ന ബഡ്ജറ്റു പവ്വർമെൻസ് ബഡ്ജറ്റല്ല എന്നു ആക്ഷേപിക്കുവാൻ സാധിക്കുമോ? ൫ ൽ ലക്ഷത്തിൽ ചിലപാനംരൂപയിൽ ൨ ലക്ഷം രൂപമാത്രമാണു് ഡിപ്പാർട്ട്മെൻറു നടത്തുവാൻവേണ്ടി ചിലവാക്കുന്നതു്. ബാക്കി ൩ ലക്ഷം രൂപയും സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻവെണ്ടിയാണ്" ഉപയോഗിക്കുന്നത്". എന്താണ്" ഇതു കാണിക്കുന്നത്"? ദാരിദ്ര്യരേഖ ക്കു താഴെ ആദായനികുതിയായും, വില്പനനികുതിയായും, നില നികുതിയായും മറ്റും പിരിച്ചെടുക്കുന്നതിൽനിന്നു" അഞ്ചിലൊരുഭാഗം വരുന്ന സംഖ്യ ഈ നാട്ടിൽ കൃഷിയില്ലാത്തവരും ഭൂമികിട്ടാൻ ഇല്ലാത്തവരും മറ്റുമായ റേഷൻ കാർഡുകാക്കു ചുരുങ്ങിയ വിലയ്ക്കു" അരികിട്ടുവാൻ വേണ്ടിയാണു" ചിലവാക്കുന്നതു". ഇങ്ങിനെയുള്ള ഒരു ബഡ്ജറ്റു പണക്കാരുടെ ബഡ്ജറ്റാണെന്നു പറയുകയാണെങ്കിൽ അതു വളരെ കഷ്ടമാണു". അതുമാതിരിതന്നെ ഈ ബഡ്ജറ്റിന്റെ അഞ്ചിലൊരുഭാഗംവരുന്ന സംഖ്യ വിദ്യാഭ്യാസ ഡിപ്പാർട്ട്മെൻറിലേയ്ക്കു നീക്കിവച്ചിട്ടുണ്ടു". ഇതൊന്നും എന്റെ സാമർത്ഥ്യംകൊണ്ടു ചെയ്തതല്ല. ഇങ്ങിനെയുള്ള സമ്പ്രദായമാണു" ഇവിടെ ഉണ്ടായിരുന്നതു". പാവങ്ങൾക്കുവേണ്ടിയാണു" ഇതെല്ലാംചെയ്യുന്നതു". പൂവർമെൻസു" ബഡ്ജറ്റു എന്നുപറഞ്ഞാൽ ചിലർ ധരിച്ചുവിട്ടുള്ളതു ഗവൺമെണ്ടു പിരിച്ചെടുക്കുന്ന നികുതി പാവങ്ങളെവിളിച്ചു ഓരോരുപ അവർക്കുകൊടുക്കുകയെന്നുള്ളതാണോ എന്നു സംശയമുണ്ടു". അതൊന്നുമല്ല പൂവർമെൻസു" ബഡ്ജറ്റു" എന്നു പറഞ്ഞാൽ. പൂവർമെൻസു" ബഡ്ജറ്റു" എന്നു പറയുന്നതു ഗവൺമെണ്ടിന്റെ സാമ്പത്തിക വീക്ഷണഗതിയെ സൂചിപ്പിക്കുന്ന ഒരു ബഡ്ജറ്റാണു". പാവങ്ങളിൽനിന്നുമാത്രം നികുതി ഈടാക്കുകയും, ധനവാന്മാരിൽനിന്നു നികുതി ഈടാക്കാതിരിക്കുകയും ചെയ്യുന്ന ഒരു ബജ്ജറ്റായിരുന്നാൽ അതു പൂവർമെൻസു" ബഡ്ജറ്റായിരിക്കുകയില്ല. ഈ ബഡ്ജറ്റിൽവരുമാനം കൂട്ടുന്നതിനായി ഇങ്കംട്ടാക്സും സൂപ്പർ ടാക്സും കൂട്ടാതെ മറ്റേതെങ്കിലും നികുതി കൂട്ടിയിരുന്നു എന്നുവരികിൽ ഇതിനെ റിച്ചു"മെൻസു" ബഡ്ജറ്റു" എന്നുപറയാം. ഡിയർനസ്സു" അലവൻസും ടെംപ്ൺഅലവൻസും രൂ 0 0 രൂപയിൽകൂടുതൽ ശമ്പളക്കാരുടെയു" ഇല്ലാതാക്കി എങ്കിലും അതിൽ താഴെയുള്ളവരുടെഅലവൻസും മറ്റും കുറയ്ക്കാതിരുന്നതു പാവങ്ങളെ ഉപദ്രവിയ്ക്കാതിരിയ്ക്കാൻവേണ്ടിയാണു". ഒരു ബഡ്ജറ്റു" പൂവർമെൻസു ബഡ്ജറ്റാണോ, റിച്ചുമെൻസു ബഡ്ജറ്റാണോ എന്നു തീർച്ചയാക്കുന്നതു" ആ ബഡ്ജറ്റിന്റെ പിന്നിലുള്ള പോളിസിനോക്കീട്ടാണു". ഏതു വിധത്തിലുള്ള സാമ്പത്തിക വീക്ഷണഗതിയെയാണു" അതിൽ സ്പഷ്ടമായിക്കാണുന്നതു" എന്നതിനെ അനുസരിച്ചാണു" ഒരു ബഡ്ജറ്റു" ദാരിദ്രരുടെ ബഡ്ജറ്റാണോ ധനവാന്മാരുടെ ബഡ്ജറ്റാണോ എന്നു തീർച്ചയാക്കുന്നതു". അങ്ങിനെ നോക്കുകയാണെന്നുണ്ടെങ്കിൽ കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ ഉണ്ടാക്കിയ ബഡ്ജറ്റിൽ വിപ്ലവാത്മകമായ മാറ്റങ്ങൾവരുത്തുവാൻ സാധിച്ചിട്ടില്ലാത്തനിങ്ങളുടെധനകാര്യമന്ത്രിക്കു കിട്ടിയപരിമിതമായ സമയത്തിനുള്ളിൽ ധനവാന്മാരെ നികുതിക്കുവിധേയമാക്കിയും പാവങ്ങളെ കഴിയുന്നതും അതിൽനിന്നു ഒഴിവാക്കിയുമുള്ള ഒരു പുതിയ സാമ്പത്തിക വീക്ഷണഗതിയുടെ ലാഞ്ഛനകൾ ഈബഡ്ജറ്റിൽവരുത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നു കാണുവാൻ സാധിക്കും. എന്നാൽ രണ്ടുമാസത്തെ പ്രയത്നത്തിനിടയിൽ ഇതിനേക്കാൾ കൂടുതൽ ഒരാൾക്കു ചെയ്യാൻ സാധിയ്ക്കുകയില്ലെന്നാണു" ഞാൻ വിചാരിയ്ക്കുന്നതു". ഒരാൾക്കു ചെയ്യാൻ സാധിക്കുന്നതിൽ കവിഞ്ഞു" എന്തെങ്കിലും ചെയ്യണമെന്നു ബഹുമാനപ്പെട്ട സഭ്യന്മാർക്കും അഭിപ്രായപ്പെടുകയും ആകാംക്ഷിയ്ക്കുകയും അങ്ങനെ എന്നുകൂടി ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളുന്നു. നിങ്ങൾക്കു നമസ്കാരം.

*The House rose for the day at 8-10 p. m.*

N. I. OUSEPH
*Secretary*

LIBRARY ARCHIVES Kerala Legislative Assembly